32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

June 21, 2024 | Vol. XXXII No. 25 | Periodicals Postage Paid




# യുക്രെയ്ൻ സമാധാന ഉച്ചകോടി; ഒപ്പുവെക്കാതെ ഇന്ത്യയടക്കം ഏഴ് രാജ്യങ്ങൾ




ബർഗൻസ്റ്റോക്ക്: യുക്രെയ്ന്റെ ഭൂമിശാസ്ത്രപരമായ അഖണ്ഡതയെ അടിസ്ഥാനമാക്കിയുള്ളതാകണം റഷ്യയുമായുള്ള സമാധാനക്കരാർ എന്ന ആവശ്യമുയർത്തി യുക്രെയ്ൻ സമാധാന ഉച്ചകോടി അവസാനിച്ചു. തൊണ്ണൂറിലേറെ രാജ്യങ്ങൾ പങ്കെടുത്ത ഉച്ചകോടിയുടെ സംയുക്ത പ്രസ്താവനയിൽ ഒപ്പുവെക്കുന്നതിൽ നിന്ന് ഇന്ത്യ, സൗദി അറേബ്യ, ദക്ഷിണാഫ്രിക്ക, തായ്‌ലൻഡ്, ഇന്തോനേഷ്യ, മെക്സിക്കോ, യുഎഇ തുടങ്ങി റഷ്യയുമായി അടുത്തബന്ധം പുലർത്തുന്ന രാജ്യങ്ങൾ വിട്ടുനിന്നു.

(ശേഷം 24-ാം പേജിൽ)

KUNNATHA INJURY LAWYERS

Free Consultation/Case Evaluation / ATLANTA : 404 633 4200 / CHICAGO: 312 757 4700

EXPERIENCE PERSONAL ATTENTION RESULTS

Millions recovered for our clients each year!



Salu K. Kunnatha | Reena Emmanuel | Joshua Opdycke

No legal fees until we collect compensation for you


Dedicated Lawyers Handling Serious Injuries and Wrongful Death Cases

Over 50 years of Combined Experience

ATLANTA
1800 Century Boulevard NE,
Suite 1750
Atlanta, GA 30345
Ph: 404 633 4200

CHICAGO
708 Church St,
Suite 235
Evanston, IL 60201
Ph: 312 757 4700

www.kunnathalaw.com






32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്

KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

4 പടയൊരുക്കം നേരിടാൻ ബിജെപി

9 സിസിഡി ഗ്രാജുവേഷനും അവാർഡ് ദാനവും

10 സുപ്രധാന വകുപ്പുകൾ ബിജെപിക്ക്

13 മാർ റാഫേൽ തട്ടിൽ പിതാവിന് വൻവരവേല്പ്

17 ഫൊക്കാന രണ്ടുലക്ഷം വീതം സഹായം നൽകും

## മാർപാപ്പയെ മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചു



ജി7 ഉച്ചകോടിക്കിടെ ഫ്രാൻസിസ് മാർപാപ്പയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി കൂടിക്കാഴ്ച നടത്തിയപ്പോൾ

റോം: ഫ്രാൻസിസ് മാർപാപ്പയെ ഇന്ത്യയിലേക്ക് ക്ഷണിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി. തെക്കൻ ഇറ്റലിയിലെ അപുലിയ ജില്ലയിൽപെട്ട സാവെല്ലത്രി പട്ടണത്തിലെ ലെബോർഗോ എഗ്നാസിയ റിസോർട്ടിൽ നടന്ന ജി-7 ഉച്ചകോടിയുടെ സമ്മേളനത്തിനിടെ ജൂൺ 14-ന് വൈകുന്നേരം നടത്തിയ കൂടിക്കാഴ്ചയിലാണ് മാർപാപ്പയെ ഇന്ത്യാ സന്ദർശനത്തിന് മോദി ക്ഷണിച്ചത്. ജി7 ഉച്ചകോടിയുടെ ഭാഗമായി മാർപാപ്പയുമായി താൻ കൂടിക്കാഴ്ച നടത്തിയെന്നും ജനങ്ങളെ സേവിക്കാനും ലോകത്തെ കൂടുതൽ മികച്ചതാക്കാനുമുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയെ താൻ ആദരിക്കുന്നുവെന്നും ഇന്ത്യ സന്ദർശിക്കാൻ മാർപാപ്പയെ ക്ഷണിച്ചതായും മോദി പിന്നീട് എക്സ് പ്ലാറ്റ്ഫോമിൽ കുറിച്ചു. (ശേഷം 24-ാം പേജിൽ)

## വോട്ടിംഗ് മെഷീൻ വീണ്ടും ചർച്ചയാകുന്നു

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് കഴിഞ്ഞിട്ടും ഇവിഎം വിവാദം. ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ ക്രമക്കേട് നടത്താമെന്ന് സംശയമുയർത്തിയ ടെസ്ല സ്ഥാപകനും സ്പേസ് എക്സ് മേധാവിയുമായ ഇലോൺ മസ്കിന്റെ പ്രസ്താവനയാണ് വീണ്ടും ചൂടേറിയ ഇവിഎം ചർച്ചയ്ക്ക് ഇടയാക്കിയത്.

നിർമിത ബുദ്ധി ഉപയോഗിച്ചോ മാനുഷിക ബുദ്ധി ഉപയോഗിച്ചോ വോട്ടിംഗ് മെഷീനുകളിൽ കൃത്രിമം കാണിക്കാൻ സാധിക്കുമെന്നായിരുന്നു മസ്കിന്റെ ട്വീറ്റ്. ഈ സാദ്ധ്യത ചെറുതാണെങ്കിലും ഒഴിവാക്കാൻ സാധിക്കില്ലെന്നും മസ്ക് പറയുന്നു.പ്യൂർട്ടോറിക്കോയിൽ നടന്ന തെരഞ്ഞെടുപ്പിൽ വോട്ടിംഗ് മെഷീനുകളിൽ തിരിമറി നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടതു ചൂണ്ടിക്കാട്ടിയാണ് ഇവിഎം ഒഴിവാക്കണമെന്ന ആവശ്യവുമായി മസ്ക് രംഗത്തുവന്നത്.

ഇവിഎമ്മിൽ സംശയമുയർത്തിയ മസ്കിന്റെ പ്രതികരണത്തിനു പിന്നാലെ രാഹുൽഗാന്ധിയടക്കമുള്ള പ്രതിപക്ഷ നേതാക്കൾ രംഗത്തുവന്നിട്ടുണ്ട്. ഇന്ത്യയിലെ വോട്ടിംഗ് യന്ത്രങ്ങൾ ആർക്കും പരിശോധിക്കാൻ അനുവദിക്കാത്ത ബ്ലാക്ക് ബോക്സുകളാണെന്നായിരുന്നു രാഹുലിന്റെ പ്രതികരണം.ഇന്ത്യയിലെ തെരഞ്ഞെടുപ്പ് പ്രക്രിയയിലെ സുതാര്യതയുമായി ബന്ധപ്പെട്ട ആശങ്കകൾ ധാരാളമുണ്ട്. സർക്കാർ സംവിധാനങ്ങൾക്ക് ഇത്തരം കാര്യങ്ങളിൽ ഉത്തരവാദിത്വം ഇല്ലാതാകുമ്പോൾ ജനാധിപത്യം വഞ്ചിക്കപ്പെടുകയാണെന്നും രാഹുൽ സമൂഹമാധ്യമത്തിൽ കുറിച്ചു. വിഷയം ചർച്ചയാകുന്നതോടെ ഇനിയുള്ള തെരഞ്ഞെടുപ്പുകൾ ബാലറ്റ് പേപ്പറിൽ നടത്തണമെന്ന ആവശ്യവുമായി സമാജ്‌വാദി പാർട്ടി അദ്ധ്യക്ഷൻ അഖിലേഷ് യാദവ് രംഗത്തെത്തി. (ശേഷം 24-ാം പേജിൽ)

## തദ്ദേശവാർഡ് പുനർവിഭജന ബില്ലിന് അംഗീകാരം

തിരുവനന്തപുരം: നിയമസഭ മിനിറ്റുകൾ കൊണ്ട് പാസാക്കിയ തദ്ദേശ വാർഡ് പുനർവിഭജന ബില്ലിന് ഗവർണർ അംഗീകാരം നല്കിയതോടെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ ചെയർമാനായുള്ള ഡിലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചു സർക്കാർ. സെക്രട്ടറിതലത്തിലുള്ള നാല് ഐഎഎസ് ഉദ്യോഗസ്ഥരും വാർഡ് പുനർവിഭജന കമ്മീഷനിൽ അംഗങ്ങളാണ്.

ഐടി പരിസ്ഥിതി വകുപ്പ് സെക്രട്ടറി ഡോ. രത്തൻ യു ഖേൽക്കർ, പൊതുമരാമത്ത് സെക്രട്ടറി കെ. ബിജു, വ്യവസായ സെക്രട്ടറി എസ്. ഹരി കിഷോർ, ഗതാഗത സെക്രട്ടറി കെ. വാസുകി എന്നിവരാണ് അംഗങ്ങൾ. എന്നാൽ, തദ്ദേശവകുപ്പ് സെക്രട്ടറിയെ സമിതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഡിലിമിറ്റേഷൻ കമ്മീഷൻ നിലവിൽ വന്നതോടെ തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിനായി ഓരോ തദ്ദേശസ്ഥാപനത്തിലും വാർഡുകൾ പുനർവിഭജിക്കുന്ന ഔദ്യോഗിക നടപടികൾക്കു തുടക്കമാകും.

ജനസംഖ്യാനുപാതികമായി ഒരു തദ്ദേശ സ്ഥാപനത്തിൽ ഒരു വാർഡ് വീതമാണ് വർദ്ധിപ്പിക്കാൻ നിർദേശിച്ചിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിലെ ചുരുങ്ങിയ വാർഡുകളുടെ എണ്ണം 13-ൽ നിന്നും 14 ആയി ഉയരും. (ശേഷം 24-ാം പേജിൽ)

## കുവൈറ്റ് ദുരന്തം:
## മരിച്ച ഇന്ത്യക്കാർക്ക് ആദരവോടെ വിട

കൊച്ചി: കുവൈത്തിലെ മംഗഫിൽ ഫ്ളാറ്റിലുണ്ടായ തീപിടിത്തത്തിൽ ജീവൻ പൊലിഞ്ഞവർക്കു നാട് കണ്ണീർ പ്രണാമം അർപ്പിച്ചു. മുഖ്യമന്ത്രിയും മന്ത്രിമാരും കേന്ദ്രമന്ത്രിമാരുമുൾപ്പെടെ കേരളത്തിലെ രാഷ്ട്രീയ നേതൃത്വമൊന്നടങ്കം അന്ത്യാഞ്ജലിയർപ്പിക്കാനെത്തി.

തൊഴിലാളികളെ പാർപ്പിച്ചിരുന്ന ആറുനിലക്കെട്ടിടത്തിലുണ്ടായ വൻ തീപിടിത്തത്തിൽ 50 പേർ മരിച്ചു. മരിച്ചവരിൽ 24 മലയാളികളും. തെക്കൻ കുവൈത്തിൽ അഹ്മദി ഗവർണറേറ്റിലെ മംഗഫിൽ വിദേശ തൊഴിലാളികൾ പാർക്കുന്ന മേഖലയിലാണ് തീപിടിത്തമുണ്ടായ കെട്ടിടം.

മലയാളി വ്യവസായിയുടെ ഉടമസ്ഥതയിലുള്ള എൻബിടിസി കമ്പനി ജീവനക്കാരുടെ ഫ്ളാറ്റിൽ ജൂൺ 12-ന് പുലർച്ചെ നാലിനാണു തീപിടിത്തമുണ്ടായത്. തൊഴിലാളി ക്യാമ്പ് പ്രമുഖ വ്യവസായ ഗ്രൂപ്പായ നാസർ എം-അൽബദ്ദ ആൻഡ് പാർട്ണർ ജനറൽ ട്രേഡിംഗ് കമ്പനി (എൻബിടിസി) യുടേത്. തിരുവല്ല നിരണം സ്വദേശിയായ കെ.ജി. ഏബ്രഹാമാണു മാനേജിംഗ് ഡയറക്ടർ. കുവൈറ്റിലെ ഏറ്റവും വലിയ കൺസ്ട്രക്ഷൻ ഗ്രൂപ്പാണ് എൻബിടിസി. തൊഴിലാളികൾ ഉറക്കത്തിലായിരുന്നത് അപകടത്തിന്റെ ആഘാതം വർധിപ്പിച്ചു. പുക ശ്വസിച്ചാണ് കൂടുതൽ പേരും മരിച്ചത്.

കമ്പനിയുടെ സ്പോൺസർ കൂടിയായ സ്വദേശി പൗരന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ (ബ്ലോക്ക്-4) താഴത്തെ നിലയിൽനിന്നാണു തീ പടർന്നത്. ഈജിപ്ത് സ്വദേശിയായ സെക്യൂരിറ്റി ജീവനക്കാരന്റെ മുറിയിൽ സൂക്ഷിച്ചിരുന്ന പാചകവാതക സിലിണ്ടർ പൊട്ടിത്തെറിച്ചതാണ് അപകടകാരണം. കെട്ടിടത്തിൽ ഇരുനൂറോളം പേർ താമസിച്ചിരുന്നതായാണു വിവരം. വിവിധ ഫ്ളാറ്റുകളിലായി 195 പേർക്കുള്ള താമസ സൗകര്യമാണ് ഉണ്ടായിരുന്നത്. നൈറ്റ് ഡ്യൂട്ടി ആയതിനാൽ 20 പേർ സ്ഥലത്തില്ലായിരുന്നു.




കുവൈത്ത് ദുരന്തത്തിൽ മരിച്ച കേരള, തമിഴ്നാട്, കർണാടക സ്വദേശികളുടെ മൃതദേഹങ്ങൾ കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ എത്തിച്ചപ്പോൾ സംസ്ഥാന സർക്കാരിനുവേണ്ടി മുഖ്യമന്ത്രി പിണറായി വിജയൻ പുഷ്പചക്രം അർപ്പിക്കുന്നു.

45 മൃതദേഹങ്ങളുമായി വ്യോമസേനയുടെ സി-130 ജെ ട്രാൻസ്പോർട്ട് വിമാനം കൊച്ചിയിലിറങ്ങിയത് ജൂൺ 14-നു രാവിലെ 10.25-ന്. 24 മലയാളികളുടെയും ഏഴ് തമിഴ്നാട് സ്വദേശികളുടെയും ഒരു കർണാടക സ്വദേശിയുടേതുമുൾപ്പെടെയുള്ള മൃതദേഹങ്ങളെ അനുഗമിച്ച് കേന്ദ്രമന്ത്രി കീർത്തി വർധൻ സിങ്ങും ഉന്നത ഉദ്യോഗസ്ഥരും ഉണ്ടായിരുന്നു. മുംബൈ മലയാളി ഡെന്നി ബേബിയുടേതുൾപ്പെടെ ബാക്കി 14 മൃതദേഹങ്ങൾ ഇതേ വിമാനത്തിൽ ഡൽഹിയിലേക്കു കൊണ്ടുപോയി. കർണാടക സ്വദേശിയുടെ മൃതദേഹം മറ്റൊരു വിമാനത്തിൽ സ്വദേശത്തേക്ക്. (ശേഷം 24-ാം പേജിൽ)

# ജപ്പാനിൽ മാരക ബാക്ടീരിയ പടരുന്നു

ടോക്കിയോ: മനുഷ്യശരീരത്തിൽ പ്രവേശിച്ചാൽ 48 മണിക്കൂറിനുള്ളിൽ മാരകമാകുകയും ജീവഹാനിക്ക് ഇടയാക്കുകയും ചെയ്യുന്ന അപൂർവ ബാക്ടീരിയ ജപ്പാനിൽ പടരുന്നുവെന്ന് റിപ്പോർട്ട്. രാജ്യത്തെ കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുത്തിയതിനു പിന്നാലെയാണ് പുതിയ ബാക്ടീരിയയുടെ വ്യാപനമെന്ന് ബ്ലൂംബർഗ് റിപ്പോർട്ട് ചെയ്തു.

ഇതുമൂലമുണ്ടാകുന്ന സ്ട്രെപ്റ്റോകോക്കൽ ടോക്സിക് ഷോക്ക് സിൻഡ്രോം (എസ്ടിഎസ്എസ്) എന്ന രോഗം കഴിഞ്ഞവർഷം ആകെ 941 പേരെയാണ് ജപ്പാനിൽ ബാധിച്ചതെങ്കിൽ ഈ വർഷം ജൂൺ രണ്ടിനകം 977 കേസുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് ജപ്പാനിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫെക്ഷ്യസ് ഡിസീസിന്റെ റിപ്പോർട്ടിൽ പറയുന്നു.



നിലവിലെ രോഗബാധാനിരക്ക് തുടർന്നാൽ ഈ വർഷം 2500 കേസുകളെങ്കിലും റിപ്പോർട്ട് ചെയ്യപ്പെടുമെന്നാണ് വിലയിരുത്തൽ. 30 ശതമാനം മരണനിരക്കാണ് ഈ രോഗത്തിനു കണക്കാക്കുന്നത്.

ഗ്രൂപ്പ് എ സ്ട്രെപ്റ്റോകോക്കൽ സാധാരണയായി കുട്ടികളിൽ തൊണ്ടയിടർച്ചയ്ക്കും വീക്കത്തിനും കാരണമാകാറുണ്ട്. അതേസമയം, ചിലരിൽ അത് സന്ധിവേദന, സന്ധിവീക്കം, പനി, കുറഞ്ഞ രക്തസമ്മർദ്ദം തുടങ്ങിയവയ്ക്കു കാരണമാകാം. അമ്പത് വയസ്സിനു മുകളിൽ പ്രായമുള്ളവരിൽ ഇത് ആന്തരികാവയവങ്ങളെ ബാധിക്കുകയും ശ്വസന പ്രശ്നങ്ങൾക്കും കോശനാശത്തിനും കാരണമാകുകയും അങ്ങനെ മരണത്തിനിടയാക്കുകയും ചെയ്യാം. 2022-ൽ അഞ്ച് യൂറോപ്യൻ രാജ്യങ്ങളിൽ ഈ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നതായി ലോകാരോഗ്യ സംഘടന പറയുന്നു.

# പ്രതിപക്ഷത്തിന്റെ പടയൊരുക്കം നേരിടാൻ ബിജെപി

ന്യൂഡൽഹി: ലോക്സഭാ സ്പീക്കർ തെരഞ്ഞെടുപ്പിൽ പ്രതിപക്ഷത്തിന്റെ പടയൊരുക്കം നേരിടാനൊരുങ്ങി ബിജെപി. എൻഡിഎ ഘടകകക്ഷിയായ ടിഡിപി സ്ഥാനാർത്ഥിയെ നിർത്തിയാൽ ഇന്ത്യാസഖ്യം പിന്തുണയ്ക്കുമെന്ന സൂചനകൾക്കിടെയാണ് മറുതന്ത്രം പയറ്റുന്നത്. കേന്ദ്രമന്ത്രിമാരെ നിശ്ചയിച്ചതിലും സുപ്രധാന വകുപ്പുകൾ കൈവശം വെച്ചതിലും കാണിച്ച ജാഗ്രത സ്പീക്കറുടെ കാര്യത്തിലും ബിജെപി തുടർന്നേക്കും. 26-നാണ് സ്പീക്കർ തെരഞ്ഞെടുപ്പ്.

ബിജെപിക്ക് ഒറ്റയ്ക്ക് കേവലഭൂരിപക്ഷമില്ലാത്തതിനാലും ടിഡിപി, ജെഡിയു സഖ്യകക്ഷികളെ ആശ്രയിച്ചു ഭരിക്കുന്നതിനാലും ഭരണമുന്നണിയായ എൻഡിഎയെ ഉലയ്ക്കാനാകുമോ എന്നാണ് ഇന്ത്യാ സഖ്യത്തിന്റെ നോട്ടം. ഈ പശ്ചാത്തലത്തിലാണ് ടിഡിപി സ്ഥാനാർത്ഥിയെ നിർത്തിയാൽ ഇന്ത്യാസഖ്യം പിന്തുണയ്ക്കുമെന്നു ശിവസേന ഉദ്ധവ് താക്കറെ വിഭാഗം നേതാവ് സഞ്ജയ് റാവുത്ത് പറഞ്ഞത്. സ്പീക്കർ പദവിയിൽ നിന്ന് ബിജെപിയെ അകറ്റിനിർത്തുകയും എൻഡിഎയിൽ അസ്വാരസ്യം സൃഷ്ടിക്കുകയുമാണ് പ്രതിപക്ഷത്തിന്റെ ലക്ഷ്യം.

അതേസമയം ടിഡിപിക്ക് സ്പീക്കർസ്ഥാനം നല്കുമെന്നു ബിജെപി പ്രഖ്യാപിച്ചിട്ടില്ലെന്നത് ശ്രദ്ധേയമാണ്. ടിഡിപിക്ക് സ്പീക്കർ പദവിയിൽ ആഗ്രഹമുണ്ട്. ഉടനെആവശ്യമുന്നയിക്കും എന്നു മാത്രമേ സൂചനയുള്ളു. സഭ തുടങ്ങിയ ശേഷമുള്ള ആദ്യദിനങ്ങളിൽ പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങുകളാകും. അതിനു ശേഷമാകും സ്പീക്കർ തെരഞ്ഞെടുപ്പ്. അതിനാൽ ബിജെപിക്ക് ആലോചിക്കാനും തീരുമാനമെടുക്കാനും സമയമുണ്ട്. കഴിഞ്ഞ രണ്ടു തവണയും നരേന്ദ്രമോദി സർക്കാരിന് ഘടകകക്ഷികളെ ആശ്രയിക്കാതെ ഭരിക്കാമായിരുന്നു. ഇത്തവണ സ്ഥിതി അങ്ങനെയല്ല. സഭാനടപടികളിൽ പാർട്ടിക്ക് നിയന്ത്രണം അനിവാര്യമായതിനാൽ സ്പീക്കർപദവി മറ്റാർക്കും നല്കാൻ ബിജെപി തുനിഞ്ഞേക്കില്ല.

ബിജെപിക്ക് കേവലഭൂരിപക്ഷം ഇല്ലാത്തതിനാൽ വരുംനാളുകളിൽ കോൺഗ്രസിന്റെ നേതൃത്വത്തിലുള്ള ഇന്ത്യാസഖ്യം അവിശ്വാസപ്രമേയം കൂടുതൽ കൊണ്ടുവരാൻ സാധ്യതയുണ്ട്. അത്തരം സാഹചര്യത്തിൽ സ്വന്തമായൊരാൾ സ്പീക്കർ സ്ഥാനത്തില്ലെങ്കിൽ ബിജെപിക്ക് വെള്ളംകുടിക്കേണ്ടി വരും. അവിശ്വാസ പ്രമേയത്തിൽ വോട്ടെടുപ്പ് വേണോ വേണ്ടയോ എന്നതടക്കമുള്ള സുപ്രധാന കാര്യങ്ങളിൽ സ്പീക്കറാണ് തീരുമാനമെടുക്കുക. ബിജെപിക്ക് റിസ്ക് എടുക്കാൻ പറ്റാത്ത അഞ്ച് വർഷമാണ് വരാനുള്ളതെന്നു ചുരുക്കം. കഴിഞ്ഞദിവസം കേന്ദ്രമന്ത്രി രാജ്നാഥ് സിങ്ങിന്റെ വസതിയിൽ ചേർന്ന എൻഡിഎ യോഗത്തിലും സ്പീക്കർവിഷയം ചർച്ചയായെന്നാണ് വിവരം. അമിത് ഷാ, ജെ.പി. നഡ്ഢ, ചിരാഗ് പാസ്വാൻ, രാജീവ് രഞ്ജൻ സിങ് തുടങ്ങിയവർ പങ്കെടുത്തു.

ടിഡിപി നേതാവ് എൻ. ചന്ദ്രബാബു നായിഡുവിനും ജെഡിയു നേതാവ് നിതീഷ്കുമാറിനും ഇപ്പോൾ സംസ്ഥാന ഭരണമാണ് മുഖ്യം. ഇതിനു ബിജെപിയുടെ പിന്തുണയും കേന്ദ്രസഹായവും ഉറപ്പാക്കേണ്ടതുണ്ട്. അതിനാൽ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് ആവശ്യങ്ങളും അഗ്രഹങ്ങളും ഉണ്ടെങ്കിലും തൽക്കാലത്തേക്ക് വാശിപിടിക്കാൻ ഇരുകക്ഷികളും തയാറായേക്കില്ലെന്നാണ് രാഷ്ട്രീയ നിരീക്ഷകരുടെ വിലയിരുത്തൽ. ബിഹാറിൽ മുഖ്യമന്ത്രിയായി തുടരാനാണ് നിതീഷിന് ഇഷ്ടം. കുറെ നാളിനുശേഷം ലഭിച്ച മുഖ്യമന്ത്രി പദവിയിലിരുന്ന് ആന്ധ്രാപ്രദേശ് ഭരിക്കാൻ നായിഡുവിനും മോഹമുണ്ട്.

സ്പീക്കർ വിഷയത്തിൽ എൻഡിഎയിലെ പ്രധാന ഘടകകക്ഷികളായ ടിഡിപിക്കും (ശേഷം 24-ാം പേജിൽ)

# കഴക്കൂട്ടം സബ്ട്രഷറി തട്ടിപ്പ്: സബ്ട്രഷററുടെ കള്ളി വെളിച്ചത്തായി

തിരുവനന്തപുരം: കഴക്കൂട്ടം സബ്ട്രഷറിയിലെ അക്കൗണ്ടുകളിൽ നിന്ന് അനധികൃതമായി പണം പിൻവലിച്ച സംഭവത്തിൽ സസ്പെൻഷനിലായ ട്രഷറർ എം. മുജീബ് തിരിമറി നടത്തിയത് സെക്കൻഡുകൾ കൊണ്ട്. മുഖ്യട്രഷറർ അവധിക്കു പോകുന്ന ദിവസങ്ങളിൽ ഡ്യൂട്ടിയിൽ പ്രവേശിക്കുന്ന രണ്ടാമത്തെ ട്രഷറർ അനധികൃതമായി ആപ്ലിക്കേഷൻ ഉപയോഗിച്ച് ലക്ഷങ്ങൾ പിൻവലിക്കുകയായിരുന്നെന്നാണ് അന്വേഷണ റിപ്പോർട്ട്.

നിലവിലുള്ള രണ്ട് സബ്ട്രഷറർമാരിൽ മുഖ്യട്രഷറർ അവധിയിൽ പ്രവേശിക്കുമ്പോഴാണ് ഓഫീസ് ഓർഡർ പ്രകാരം എം. മുജീബ് ചുമതലയേൽക്കുന്നത്. ഏപ്രിൽ മുതൽ ജൂൺ വരെ ഏഴ് ദിവസം ചുമതലയേറ്റെടുത്ത അയാൾ 15 ലക്ഷത്തിലധികം രൂപയാണ് അനധികൃതമായി പിൻവലിച്ചത്. മൂന്നു മുതൽ അഞ്ച് സെക്കൻഡ് സമയം കൊണ്ടാണ് ഈ പണമിടപാടുകൾ നടത്തിയിരിക്കുന്നതെന്നും കണ്ടെത്തി.

അവധിവിവരം മുഖ്യട്രഷറർ നേരത്തെതന്നെ മുജീബിനെ അറിയിച്ചിരുന്നു. ഉടൻതന്നെ മേലധികാരിയെ തെറ്റിദ്ധരിപ്പിച്ച് ട്രഷറർ ഓപ്ഷനുള്ള അനുമതി വാങ്ങിയെടുത്തു. മറ്റൊരു ദിവസം താൻ ഡ്യൂട്ടിക്ക് ഹാജരാകാമെന്നറിയിച്ച മുഖ്യ ട്രഷററെ നിർബന്ധപൂർവം പിന്തിരിപ്പിച്ചു. ചുമതലയേറ്റശേഷം മുജീബിന് അനുവദിച്ച ഐപി അധിഷ്ഠിതമായ കംപ്യൂട്ടറിൽ ട്രഷറി ആപ്ലിക്കേഷൻ ലോഗ് ഇൻ ചെയ്താണ് തിരിമറി നടത്തിയത്.

# മകൾക്ക് അച്ഛന്റെ സല്യൂട്ട്

ഹൈദരാബാദ്: ലോകപിതൃദിനം ലോകമെങ്ങും ജൂൺ 16ന് ആയിരുന്നെങ്കിലും തെലങ്കാനയ്ക്ക് അത് ആഘോഷിക്കാൻ ഒരുദിവസം മുൻപേ അവസരം കിട്ടി. അന്നാണ് ഐഐഎസുകാരിയായി തന്റെ മുന്നിലെത്തിയ മകൾക്ക് പോലീസ് യൂണിഫോമിൽ നിന്ന് ആ അച്ഛൻ സല്യൂട്ട് നല്കിയത്. ശരിക്കും ആ പിതാവിന്റെ ദിനം. മകളുടെയും. ഐഎഎസ് പരിശീലനത്തിന്റെ ഭാഗമായി പോലീസ് അക്കാദമിയിലെത്തിയ മകൾ എ. ഉമാ ഹാരതിയെ എസ്പി എൻ. വെങ്കിടേശരലു സല്യൂട്ട് ചെയ്യുന്ന ചിത്രം രാജ്യമെങ്ങും സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചു.



ഹൈദരാബാദ് പോലീസ് അക്കാദമിയുടെ ഡെപ്യൂട്ടി ഡയറക്ടറാണ് എസ്.പി എൻ വെങ്കടേശരലു. 2022-ലെ ഐഐഎസ് മൂന്നാം റാങ്കുകാരിയാണ് എം. ഉമാ ഹാരതി. കവാടത്തിൽ മകളെയും സംഘത്തെയും സ്വീകരിച്ച അച്ഛൻ യൂണിഫോമിൽ നീട്ടിയൊരു സല്യൂട്ട്. മകൾ ആദ്യം അമ്പരന്നു. പിന്നെ മുഖത്ത് അഭിമാനപ്പുഞ്ചിരി.

# നിദീപിന് യുഎസ് അനിമേഷൻ പുരസ്കാരം

സ്പൈഡർമാൻ എക്രോസ് ദി സ്പൈഡർ-വെഴ്സ് എന്ന ഹോളിവുഡ് അമിനേഷൻ സിനിമ യുഎസിലെ വിഷ്വൽ ഇഫക്ട്സ് സൊസൈറ്റിയുടെ (വിഇഎസ് കാലിഫോർണിയ) പുരസ്കാരം മലയാളിക്ക്. പത്തനംതിട്ട റാന്നി പേരങ്ങാട്ട് രാജു-ലിനി ദമ്പതികളുടെ മകൻ നിദീപ് വർഗീസാണ് ഈ സിനിമയുടെ ത്രീഡി അനിമേഷൻ ചെയ്തതിന് രാജ്യാന്തര പുരസ്കാരം സ്വന്തമാക്കിയത്. ക്രിസ്റ്റഫർ മാങ്നൽ, ക്രെയ്ഗ് ഫെയ്ഫാറക്, ഹംബർട്ടോ റോസ എന്നിവരോടൊപ്പമാണ് ഈ നേട്ടം. ചെറുപ്പം മുതൽ വര കൈമുതലാക്കിയ നിർദീപ് തിരുവനന്തപുരം എസ്എജെ കോളജിലാണ് അനിമേഷൻ പഠിച്ചത്. ടൂൺസ് അനിമേഷനിലും ബെംഗ്ളൂരു ഡ്രീം വർക്സിലും ജോലിചെയ്തശേഷം ഓസ്ട്രേലിയയിൽ ചേക്കേറി. പിന്നീട് കാനഡയിൽ സോണി പിക്ചേഴ്സിലെത്തി. ഇപ്പോൾ കാനഡയിലെ ഡ്രീംവർക്സ് അനിമേഷൻ സ്റ്റുഡിയോയിൽ ത്രീഡി അനിമേറ്ററാണ്. ഭാര്യ ദിവ്യ. മകൾ നിവിത.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 25
June 21, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**

ഒരു ഉത്തമ മനുഷ്യന്റെ ഉത്തമ നിമിഷങ്ങളുടെ മുദ്രയാണ് കല.

**ഷെല്ലി**

എല്ലാ കാര്യങ്ങളും നേരെയാക്കുന്നവളാണ് പുഞ്ചിരി.

**ഫിലിസ് ഡില്ലർ**

# Philadelphia Pentecostal Church

3735 N Narragansett Ave., Chicago, IL 60634

## Seeking a Senior Pastor

*(Effective Start date: July 01st, 2025)*

### Required qualifications:

- Must be married, aged between 40-60 yrs
- Must be an ordained minister with minimum 8-10 years of pastoral experience leading a church in the United States.
- Accredited & Credentialed by a recognized Pentecostal Institution
- Must be proficient to lead & minister fluently in English & Malayalam
- Must be a U.S Citizen or Green Card holder (No Visa Sponsorship)

*For more information:*
*Biju Cherian: 847-858-1342*
**Email CV/Resume: PPC.Chicago@Yahoo.Com**

# INDIA PENTECOSTAL ASSEMBLY

## 544 TIPTON RD
## IRVING TX 75060

### Youth Pastor Job Summary

We are seeking a committed, spirit-filled, Youth Pastor to provide leadership and care to our church's youth ministry. The Youth Pastor will be responsible for fostering spiritual growth, planning and leading activities, and providing guidance to young people in our church. The successful candidate is a committed Christian leader who is passionate about helping young people grow in their faith.

### Youth Pastor Requirements and Qualifications

- Bachelor's or master's degree in theology, ministry, or related field from a reputed Bible college
- Minimum 2 years of experience in youth ministry and ordination preferred.
- A deep knowledge of the Bible and Christian theology
- Teach the Word of God to the youth with conviction, compassion, and care.
- Able to effectively communicate with young people, adults, and families as well as work with the Senior pastor
- Exceptional organizational, leadership skills and Fluent in English and understand Malayalam
- A passion for helping young people grow in their faith.Youth Ministry in the US preferred
- Age Between 25-40 years and married.

**Email resume to:**
**pastorsearchipa@gmail.com**



Steve Crifase

LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™

# Trusted Representation
# Achieves Aggressive Financial Results

- ★ Over $ 50M Recovered and Collected For Our Clients
- ★ Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
- ★ Free Confidential Consultation On All Matters Home Visits Available
- ★ Personal Injuries-Wrongful Death - Work Injuries

## Your call is Always Welcome

# Crifase Law Firm

Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
**312-855-0511**

**Serious Lawyers For Serious Cases**
**Call Today To See What Your Case Is Really Worth**
**Recent Financial Recoveries**
**For Our Clients And Their Families**

| | |
|---|---|
| $1,500,000.00 | Jury Verdict Car Crash Neck Injury |
| $5,000,000.00 | Car Crash – Brain Injury |
| $700,000.00 | Medical Malpractice Stillborn Baby |
| $1,500,000.00 | Wrongful Death – Car Crash |
| $750,000.00 | Medical Malpractice – Fetal Injury |
| $600,000.00 | Medical Malpractice – Fetal Injury |
| $200,000.00 | Work Injury – Shoulder Surgery |
| $149,000.00 | Slip and Fall – Knee Injury |
| $239,000.00 | Work Injury – Shoulder Surgery |
| $190,000.00 | Car Crash – Back Injury |
| $338,000.00 | Work Injury – Shoulder/Wrist Surgery |

**We Want A Long Term Relationship With You**

Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511
Fax: (312) 855- 0537

**Fee Discounts Available To Malayalee Clients On Specific Cases**

BBB A+ Rating Better Business Bureau

AV PREEMINENT Peer Rated for Highest Level of Professional Excellence 2024

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

# അഗ്നിയിൽ എരിഞ്ഞടങ്ങിയ ജീവിതങ്ങൾ!

**ദുരന്തത്തിന് കാരണമായ വീഴ്ചകൾ കണ്ടെത്തി തിരുത്തുകയും കുറ്റക്കാർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് മരിച്ചവരുടെ ആശ്രിതരോട് ചെയ്യുന്ന നീതിയെന്നതിലുപരി വിവിധ ക്യാമ്പുകളിൽ യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയുന്ന ആയിരക്കണക്കിന് പ്രവാസികളോടുള്ള കരുതലും കൂടിയാണ്.**

കുവൈറ്റിലെ മംഗഫിലിൽ ജൂൺ 12 ബുധനാഴ്ച പുലർച്ചെയുണ്ടായ വൻ അഗ്നിബാധയിൽ പൊലിഞ്ഞത് അൻപതോളം ജീവിതങ്ങളാണ്. നിരവധി പേർ പരുക്കേറ്റ് ഗുരുതരാവസ്ഥയിൽ ആശുപത്രികളിലും. മരിച്ചവരിൽ ഇരുപത്തിനാല് പേർ മലയാളികളാണ് എന്നത് നമ്മിൽ ഏറെ നടുക്കവും വേദനയും ഉണ്ടാക്കുന്ന ഒന്നാണ്. ജീവിതം എങ്ങനെയെങ്കിലും കരുപ്പിടിപ്പിക്കാൻ ഏറെ പ്രതീക്ഷയോടെ കുവൈറ്റിലെത്തിയവരുടെ ചേതനയറ്റ ശരീരം ഏറ്റുവാങ്ങേണ്ടിവരുന്ന കുടുംബങ്ങളുടെ അവസ്ഥ എത്രയോ വേദനാജനകമാണ്. ഓരോ കുടുംബത്തിന്റെയും ഏക ആശ്രയമാണ് നിനച്ചിരിക്കാത്ത നേരത്ത് അഗ്നി വിഴുങ്ങിയത്. എന്തെല്ലാം സ്വപ്നങ്ങൾ ബാക്കവെച്ചാണ് ഈ ജീവിതങ്ങൾ ഒരിക്കലും മടങ്ങിവരാത്ത ലോകത്തേക്ക് യാത്രയായത് എന്നത് ആരുടെയും കണ്ണുകളെ ഈറനണിയിക്കുന്ന ഒന്നാണ്.

തിരുവല്ല സ്വദേശി കെ.ജി. ഏബ്രഹാം മാനേജിംഗ് ഡയറക്ടറായ എൻബിടിസി എന്ന കമ്പനിയിലെ തൊഴിലാളികൾ താമസിക്കുന്ന ആറുനില കെട്ടിടത്തിലാണ് തീപിടുത്തം ഉണ്ടായത്. ആ സമയം 195 പേർ കെട്ടിടത്തിൽ ഉണ്ടായിരുന്നുവെന്നാണ് വിവരം. ഈജിപ്റ്റ് സ്വദേശിയായ വാച്ച്മാന്റെ മുറിയിൽ സൂക്ഷിച്ചിരുന്ന പാചകവാതക സിലിണ്ടറിൽനിന്നോ ഷോർട്സർക്യൂട്ട് വഴിയോ ആണ് തീ പടർന്നതെന്നാണ് നിഗമനം. മുറിയിൽ തീ പടരുമ്പോൾ മിക്കവരും നല്ല ഉറക്കത്തിലായിരുന്നു. പുകയിൽ ശ്വാസം മുട്ടിയും ജീവരക്ഷാർത്ഥം പുറത്തേക്ക് ചാടിയുമൊക്കെയാണ് ഏറെയും മരണം സംഭവിച്ചത്. കെട്ടിടത്തിൽ വേണ്ടത്ര സുരക്ഷാക്രമീകരണങ്ങൾ ഇല്ലാതിരുന്നതാണ് അപകടത്തിന്റെ വ്യാപ്തി കൂട്ടിയത്. സമീപകാലത്ത് ഗൾഫ് മേഖലയിലുണ്ടായ വൻ അഗ്നിബാധയായിരുന്നു ഇത്.

നാട്ടിലുള്ള സ്വന്തം വീടിന്റെ ഗൃഹപ്രവേശം നടത്താൻ തയ്യാറെടുത്തിരുന്ന കോട്ടയം പാമ്പാടി സ്വദേശി സ്റ്റെഫിനും എട്ടുമാസം പ്രായമുള്ള തന്റെ ഏക മകൾക്ക് പിറന്നാൾ സമ്മാനവുമായി കാത്തിരുന്ന പത്തനംതിട്ട സ്വദേശി സിബിനും പ്ലസ്ടു പരീക്ഷയിൽ ഉന്നതവിജയം നേടിയ മകൾക്കുള്ള സമ്മാനവുമായി ദിവസങ്ങളെണ്ണി കഴിഞ്ഞിരുന്ന കൊല്ലം സ്വദേശി സാബുവുമൊക്കെ ആ കുടുംബങ്ങളുടെ മാത്രം വേദനയല്ല, നമ്മുടെ നാടിന്റെ കൂടി നൊമ്പരമാണ്.

പരിമിതമായ സൗകര്യങ്ങളിൽ തിങ്ങിപ്പാർക്കുന്ന ലക്ഷക്കണക്കിന് മലയാളികൾ പ്രവാസലോകത്തുണ്ട്. സ്വന്തം സുരക്ഷയെക്കുറിച്ച് ചിന്തിക്കാൻ പോലുമാകാതെയാണ് പലരുടേയും താമസം. ചെറിയ സൗകര്യങ്ങളിൽ കൂട്ടമായി താമസിക്കുന്നിടത്ത് എന്തെങ്കിലും പിഴവ് സംഭവിച്ചാൽ മതി അത് വൻ ദുരന്തമായി മാറാൻ. സുരക്ഷാസൗകര്യങ്ങളിലുണ്ടാകുന്ന വിട്ടുവീഴ്ച എപ്പോഴാണ് കനത്ത തിരിച്ചടി ആകുന്നതെന്ന് പറയാൻ കഴിയില്ല. സുരക്ഷക്ക് നല്കേണ്ട പ്രാധാന്യം ഓർമ്മിപ്പിക്കുന്ന ദുരന്തമാണ് ഇപ്പോൾ സംഭവിച്ചിരിക്കുന്നത്. ദുരന്തത്തിന് കാരണമായ വീഴ്ചകൾ കണ്ടെത്തി തിരുത്തുകയും കുറ്റക്കാർക്കെതിരെ കടുത്ത ശിക്ഷാനടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടത് മരിച്ചവരുടെ ആശ്രിതരോട് ചെയ്യുന്ന നീതിയെന്നതിലുപരി വിവിധ ക്യാമ്പുകളിൽ യാതൊരു സുരക്ഷിതത്വവുമില്ലാതെ കഴിയുന്ന ആയിരക്കണക്കിന് പ്രവാസികളോടുള്ള കരുതലും കൂടിയാണ്.

കെട്ടിടനിർമ്മാണവേളയിൽ താല്ക്കാലിക ലാഭം നോക്കി സുരക്ഷാ ക്രമീകരണങ്ങൾ ഒഴിവാക്കുന്നവർക്കും അതിനു കൂട്ടുനിൽക്കുന്നവർക്കും എതിരെ കടുത്ത നടപടികൾ ഉണ്ടാകണം. മരിച്ച മലയാളികളുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ രണ്ടുലക്ഷം രൂപയും സംസ്ഥാന സർക്കാർ അഞ്ചുലക്ഷം രൂപയും പരുക്കേറ്റവർക്ക് ഒരു ലക്ഷം രൂപവീതവും നല്കും. കൂടാതെ പ്രമുഖ വ്യവസായി എം.എ.യൂസഫലി അഞ്ചുലക്ഷം രൂപ വീതവും പ്രവാസി വ്യവസായി രവി പിള്ള രണ്ടുലക്ഷം രൂപയും എൻബിടിസി കമ്പനിയുടമ എട്ട് ലക്ഷം രൂപ വീതവും മരിച്ചവരുടെ ആശ്രിതർക്ക് ജോലിയും നല്കുമത്രെ. കൂടാതെ ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പൊസ്തലേറ്റ് കുവൈറ്റ് ചാപ്റ്ററും എല്ലാവിധ സഹായങ്ങളുമായി രംഗത്തുണ്ട്. ഈ സഹായങ്ങളൊക്കെ കുടുംബങ്ങൾക്ക് അല്പകാലത്തേക്ക് ആശ്വാസമാണെങ്കിലും തുടർന്നുള്ള അവരുടെ ജീവിതത്തിന് എന്താണു ഒരു കരുതൽ എന്ന് ഗൗരവമായി ചിന്തിക്കേണ്ടിയിരിക്കുന്നു. ഓരോ കുടുംബത്തിന്റെയും ഏക പ്രതീക്ഷയും ആശ്രയവുമാണ് നിനച്ചിരിക്കാത്ത നേരത്ത് പൊലിഞ്ഞുപോയത്. അവരുടെ വേദനയ്ക്ക് എന്നാണ് ഒരു അറുതി വരിക.

കുവൈറ്റ് അഗ്നിബാധയുടെ പശ്ചാത്തലത്തിൽ നമ്മുടെ നഗരങ്ങളിൽ ഉയരുന്ന ഫ്ളാറ്റുകളിലും ബഹുനില കെട്ടിടങ്ങളിലുമെല്ലാം ഫയർ സുരക്ഷാസംവിധാനം ശക്തമാക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇവിടെയെല്ലാം ഫയർ സിസ്റ്റം നിർബന്ധമാക്കുകയും നിശ്ചിത സമയങ്ങളിൽ ഫയർ സേഫ്റ്റി ഓഡിറ്റ് നടത്തുകയും വേണം. ഇന്നല്ലെങ്കിൽ നാളെ ഈ ദുരന്തം നമ്മുടെ നാട്ടിലും ആവർത്തിക്കാനിടയാവരുത്.

# പ്രവാസി ലോകത്തിന്റെ വിഭവശേഷി എല്ലാ മേഖലയിലും ഉപയോഗിക്കണം: മുഖ്യമന്ത്രി

തിരുവനന്തപുരം: പ്രവാസി മലയാളികളുടെ കഴിവും വൈദഗ്ധ്യവും കേരളത്തിന്റെ എല്ലാ മേഖലകളിലും പ്രയോജനപ്പെടുത്താൻ കേരളത്തിനു കഴിയണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. നാലാമത് ലോക കേരളസഭയുടെ ഉദ്ഘാടനം നിയമസഭയിലെ ശങ്കരനാരായണൻ തമ്പി ഹാളിൽ നിർവഹിക്കുകയായിരുന്നു അദ്ദേഹം. ലോകത്തെ മികവുറ്റ കളിൽ നിന്നുവരുന്ന പണത്തിന്റെ കാര്യത്തിലുണ്ടായ മുന്നേറ്റം പ്രവാസി ശേഷിയും പ്രതിഭയും ഉപയോഗിക്കുന്ന കാര്യത്തിലും ഉണ്ടാകണമെന്നു മുഖ്യമന്ത്രി പറഞ്ഞു. ലോകത്തെമ്പാടുമായി പടർന്നു കിടക്കുന്ന മലയാളി സമൂഹത്തിന്റെ ഒരു പരിച്ഛേദമാണ് ലോക കേരളസഭ എന്ന വേദിയിൽ സമ്മേളിക്കുന്നത്.

കേരളത്തിന്റെ സമഗ്ര വികസനത്തിനായി പ്രവാസിസമൂഹത്തെ കൂടെ കൂട്ടുന്നതിനും അതോടൊപ്പം അവരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനുമായുള്ള പൊതുവേദിയാണ് ലോക കേരളസഭ. ലോക കേരള സഭ രൂപീകൃതമായതിനു ശേഷം മൂന്നു സമ്മേളനങ്ങളും മൂന്ന് മേഖലാ സമ്മേളനങ്ങളുമാണ് ഇതുവരെ നടന്നിട്ടുള്ളത്. അ




ലോക കേരളസഭയുടെ നാലാം സമ്മേളനത്തിന്റെ ഉദ്ഘാടന വേദിയിൽനിന്ന്

കുവൈത്ത് ദുരന്തത്തിൽ ലോക കേരളസഭയുടെ അനുശോചനം മുഖ്യമന്ത്രി അറിയിച്ച ശേഷമായിരുന്നു ഉദ്ഘാടനം നിർവഹിച്ചത്.

നമ്മുടെ സാമൂഹിക, സാമ്പത്തിക ഘടനയെ മുന്നോട്ടു ചലിപ്പിക്കാനുള്ള ഉപാധിയായി പ്രവാസത്തെ പ്രയോജനപ്പെടുത്താൻ സാധിക്കണം. പ്രവാസി ഗവേഷണ കേന്ദ്രങ്ങളിലും എഞ്ചിനീയറിംഗ് കമ്പനികളിലും സേവന മേഖലകളിലുമെല്ലാം മലയാളിയുടെ വിരൽപ്പാട് പതിഞ്ഞിട്ടുണ്ട്. എന്നാൽ, അത് നമ്മുടെ നാടിന്റെ മുന്നേറ്റത്തിന് ഉപയോഗിക്കാൻ കഴിഞ്ഞോ എന്നു ചോദിച്ചാൽ ഇല്ലെന്നു മറുപടി പറയേണ്ടിവരുന്ന കാലമുണ്ടായിരുന്നു.

ഈ സാഹചര്യത്തിലാണ് പ്രവാസി സമൂഹത്തിൽനിന്നുള്ള ആശയങ്ങളെയും പ്രതിഭകളെയും നമ്മുടെ സാമൂഹിക ഘടനയിലേക്കു സ്വാംശീകരിക്കുക എന്ന ലക്ഷ്യത്തോടെ ലോക കേരളസഭയ്ക്കു രൂപം നൽകിയത്. വയിൽ എടുത്ത തീരുമാനങ്ങൾ നല്ല നിലയിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട് - മുഖ്യമന്ത്രി പറഞ്ഞു.

ചീഫ് സെക്രട്ടറി ഡോ. വി. വേണുവിന്റെ ഔദ്യോഗിക പ്രഖ്യാപനത്തോടെയാണ് ലോക കേരളസഭ ആരംഭിച്ചത്. പ്രസീഡിയം അംഗങ്ങളെ സ്പീക്കർ എ.എൻ. ഷംസീർ വേദിയിലേക്ക് ക്ഷണിച്ചു. കേരള മൈഗ്രേഷൻ സർവേ റിപ്പോർട്ട് ഡോ. ഇരുദയ രാജൻ മുഖ്യമന്ത്രിക്കു സമർപ്പിച്ചു. ഉദ്ഘാടന സമ്മേളനത്തിനു ശേഷം എട്ട് വിഷയാധിഷ്ഠിത ചർച്ചകളും ഏഴു മേഖലാ സമ്മേളനങ്ങളും നടന്നു.

# അയർലൻഡിൽ മലയാളികളായ അച്ഛനും മകനും കൗൺസിലർമാർ

ഡബ്ലിൻ: അയർലൻഡിലെ കൗണ്ടി കൗൺസിൽ തെരഞ്ഞെടുപ്പിൽ മലയാളികളായ അച്ഛനും മകനും വിജയിച്ചു. താല സൗത്ത് മണ്ഡലത്തിൽ നിന്നും മത്സരിച്ച ബേബി പെരേപ്പാടനും താല സെൻട്രലിൽ നിന്നു മത്സരിച്ച മകൻ ഡോ. ബ്രിട്ടോ പെരേപ്പാടനും വലിയ ഭൂരിപക്ഷത്തോടെയാണ് ജയിച്ചത്. ഇത് ആദ്യമായാണ് വിദേശത്ത് മലയാളി പിതാവും മകനും ഒരു പോലെ ഒരു ഇലക്ഷനിൽ തെരഞ്ഞെടുക്കപ്പെടുന്നത്. രണ്ടുപേരും ഭരണകക്ഷിയായ ഫൈൻഗയേൽ പാർട്ടിയുടെ സ്ഥാനാർത്ഥികളായാണ് ജനവിധി തേടിയത്.

ബേബി പെരേപ്പാടൻ രണ്ടാം തവണയാണ് തുടർച്ചയായി ഇതേ മണ്ഡലത്തിൽനിന്ന് വിജയിക്കുന്നത്. താല ഗവൺമെന്റ് ആശുപത്രിയിൽ ഡോക്ടറാണ് ബ്രിട്ടോ. ഇരുവരെയും പാർട്ടി ലീഡറും അയർലൻഡ് പ്രധാനമന്ത്രിയുമായ സൈമൺ ഹാരിസ് നേരിട്ട് വിളിച്ച് അഭിനന്ദനങ്ങൾ അറിയിച്ചു.

അങ്കമാലി പുളിയനം സ്വദേശിയായ ബേബി പെരേപ്പാടൻ ഇരുപതു വർഷത്തിലധികമായി താലായിൽ താമസിക്കുന്നു. ഭാര്യ പീമൗണ്ട് ആശുപത്രിയിൽ അഡ്വാൻസ്ഡ് നേഴ്സ് പ്രാക്ടീഷണറാണ്. മകൾ ബ്രോണ ട്രിനിറ്റി കോളജിലെ ഡെന്റൽ മെഡിസിൻ വിദ്യാർത്ഥിനി.

# അരുന്ധതി റോയിയുടെ പേരിൽ യുഎപിഎ ചുമത്താൻ അനുമതി

ന്യൂഡൽഹി: വിദ്വേഷ പ്രസംഗം നടത്തിയെന്നാരോപിച്ചു പ്രശസ്ത എഴുത്തുകാരി അരുന്ധതി റോയ് ഉൾപ്പെടെ നാല് പേർക്കെതിരെ 2010-ൽ രജിസ്റ്റർ ചെയ്ത കേസിൽ നിയമവിരുദ്ധ പ്രവർത്തന നിരോധന നിയമത്തിലെ (യുഎപിഎ) വകുപ്പുകളും ചുമത്താൻ ഡൽഹി ലഫ്. ഗവർണർ വി.കെ. സക്സേന അനുമതി നൽകി. അരുന്ധതി റോയ്, കശ്മീർ കേന്ദ്രസർവകലാശാലയിലെ മുൻ പ്രഫസർ ഷെയ്ഖ് ഷൗക്കത്ത് ഹുസൈൻ എന്നിവർക്കെതിരെയാണു നീക്കം. കേസിൽ ഇരുവർക്കുമെതിരെ ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പുകൾ ചുമത്തി തുടർനടപടി സ്വീകരിക്കാൻ കഴിഞ്ഞ ഒക്ടോബറിൽ ലഫ്. ഗവർണർ അനുമതി നൽകിയിരുന്നു. വിചാരണ നടപടികൾ ഉടൻ ആരംഭിക്കുമെന്നാണു വിവരം.



അരുന്ധതി, ഷെയ്ഖ് ഷൗക്കത്ത് ഹുസൈൻ എന്നിവർക്കു പുറമേ കാശ്മീരിലെ വിഘടനവാദി നേതാവ് സയ്യിദ് അലി ഷാ ഗീലാനി, ഡൽഹി സർവകലാശാല മുൻ അധ്യാപകൻ സയ്യിദ് അബ്ദുൽ റഹ്മാൻ ഗീലാനി എന്നിവർക്കെതിരെയാണു കേസ്. 2010 ഒക്ടോബർ 21-ന് ഡൽഹിയിൽ കമ്മിറ്റി ഫോർ റിലീസ് ഓഫ് പൊളിറ്റിക്കൽ പ്രിസണേഴ്സ് സംഘടിപ്പിച്ച 'ആസാദി - ദി ഓൺലി വേ' എന്ന പരിപാടിയിൽ വിദ്വേഷപ്രസംഗം നടത്തിയെന്നാരോപിച്ച് കാശ്മീർ സ്വദേശിയായ സാമൂഹികപ്രവർത്തകൻ സുശീൽ പണ്ഡിറ്റാണു പരാതി നൽകിയത്. വിഷയത്തിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ 2010 നവംബറിൽ മജിസ്ട്രേട്ട് കോടതി ഉത്തരവിട്ടിരുന്നു. ജമ്മു കാശ്മീർ ഇന്ത്യയുടെ ഭാഗമല്ലെന്നും ഇന്ത്യയിൽനിന്നു സ്വാതന്ത്ര്യം നേടാൻ ശ്രമിക്കണമെന്നും പ്രതികൾ പ്രസംഗിച്ചെന്നാണ് ആരോപണം. അലി ഷാ ഗീലാനിയും അബ്ദുൽ റഹ്മാൻ ഗീലാനിയും പിന്നീടു മരിച്ചു. എഫ്ഐആറിൽ രാജ്യദ്രോഹ വകുപ്പുകളും ഉൾപ്പെടുത്തിയിരുന്നെങ്കിലും ഇരുവർക്കുമെതിരെ ഇതു ചുമത്താൻ ലഫ്. ഗവർണർ അനുമതി നൽകിയിട്ടില്ലെന്നാണു വിവരം.


Law Office of Sovmya George
IMMMIGRATION LAW FIRM
SERVICES:
Asylum
Cancellation of Removal
EB-1 | EB-2 | EB-3
EB-2 NIW
L-1A
Marriage-Based Green Card
Family-Based Green Card
U Visa
VAWA
U.S. Citizenship
Work Permit,
Re-entry Permit, etc.
"We Handle Cases All Across the USA!"
-Sovmya George, Esq.
Contact:
www.lawofficesg.com
call/text: 972-905-0948
sovmya.george@lawofficesg.com
Read our stellar reviews


K.O. JOSE & ASSOCIATES, INC.
Certified Public Accountants
K.O. JOSE, CPA
• Compilation
• Setup Small Business Corporations
• Personal & Business Income Taxes
• Free Electronic Filing
• Non-Profit Tax Exemption from IRS
• Install Accounting Packages
• Retirement and Estate Planning
Tel: 847-724-3020 • Cell: 847-833-6038
CPA SM
America Counts on CPAs
taxaccount@sbcglobal.net
kalloorjose@gmail.com
website: www.kojose.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want to wish you a Happy New Year
Fast and EFFICIENT
Quality REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com

# രാജ്യസഭ: ജോസ് കെ. മാണി, പി.പി. സുനീർ, ഹാരിസ് ബീരാൻ എന്നിവർ പത്രിക സമർപ്പിച്ചു

തിരുവനന്തപുരം: ദിവസങ്ങൾ നീണ്ട ചർച്ചയിലും പരിഹാരം കാണാത്ത സാഹചര്യത്തിൽ സ്വന്തം സീറ്റ് കേരള കോൺഗ്രസ്-എമ്മിനു വിട്ടുനൽകി സിപിഎം. രണ്ടാമത്തെ സീറ്റ് വിട്ടുകൊടുക്കാനാകില്ലെന്ന സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉറച്ച നിലപാട് എടുത്തതോടെ സ്വന്തം സീറ്റ് കേരള കോൺഗ്രസ്-എമ്മിനു നൽകാൻ സിപിഎം നിർബന്ധിതമായി. തുടർന്ന് കേരള കോൺഗ്രസ്-എം ചെയർമാൻ ജോസ് കെ. മാണിയെ രാജ്യസഭാ സ്ഥാനാർത്ഥിയായി പാർട്ടി പാർലമെന്ററി പാർട്ടി



ജോസ് കെ. മാണി



പി.പി. സുനീർ



അഡ്വ. ഹാരിസ് ബീരാൻ

യോഗം തീരുമാനിച്ചു. പി.പി. സുനീറിനെ രാജ്യസഭാ സ്ഥാനാർത്ഥിയാക്കാൻ സിപിഐയും തീരുമാനിച്ചു. 10-ാം തീയതി ചേർന്ന പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവിന്റേതാണു തീരുമാനം. നിലവിൽ സിപിഐ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറിയായ സുനീർ നേരത്തേ സിപിഐ മലപ്പുറം ജില്ലാ സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കേരള കോൺഗ്രസ് എമ്മിന്റെ രാഷ്ട്രീയ അർഹതയ്ക്ക് അനുയോജ്യമായ അംഗീകാരം മുന്നണിക്കു നേതൃത്വം നൽകുന്ന സിപിഎമ്മും മുഖ്യമന്ത്രിയും നൽകിയതിൽ സന്തോഷവും സംതൃപ്തിയുമുണ്ടെന്ന് ജോസ് കെ. മാണി പറഞ്ഞു.

യുഡിഎഫിനു വിജയിക്കാവുന്ന സീറ്റിൽ സ്ഥാനാനാർത്ഥിയായി മുസ്‌ലിംലീഗിൽ നിന്നുള്ള അഡ്വ. ഹാരിസ് ബീരാൻ മത്സരിക്കും. ഈയിടെ തിരുവനന്തപുരത്ത് ചേർന്ന ലീഗ് ഉന്നതാധികാര സമിതി യോഗത്തിലാണ് തീരുമാനം. സുപ്രീംകോടതി അഭിഭാഷകനായ ഹാരിസ് ബീരാൻ 2011 മുതൽ ഡൽഹി കെഎംസിസിയുടെ പ്രസിഡണ്ട്, ലോയേഴ്സ് ഫോറം ദേശീയ കൺവീനർ, മുസ്‌ലിം ലീഗ് ഭരണഘടനാ സമിതി അംഗം തുടങ്ങിയ പദവികൾ വഹിക്കുന്നു. യുപിഎ സർക്കാർ കാലഘട്ടത്തിൽ വിദേശകാര്യ മന്ത്രാലയത്തിന്റെയും പരിസ്ഥിതി മന്ത്രാലയത്തിന്റെയും അഭിഭാഷകനായിരുന്നു.

# വർഷത്തിൽ രണ്ടുതവണ സർവകലാശാലകളിൽ പ്രവേശനത്തിന് അനുമതി


ന്യൂഡൽഹി: രാജ്യത്തെ സർവകലാശാലകൾക്ക് വർഷത്തിൽ രണ്ട് തവണ പ്രവേശനാനുമതി നല്കാൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (യുജിസി) ഒരുങ്ങുന്നു. യുജിസിയുടെ പുതിയ തീരുമാനപ്രകാരം 2024-25 അദ്ധ്യയനവർഷം മുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വർഷത്തിൽ രണ്ട് തവണ പ്രവേശനനടപടികൾ സ്വീകരിക്കാൻ കഴിയും. ഉന്നത വിദ്യാഭ്യാസ മേഖലയെ അന്താരാഷ്ട്രതലത്തിൽ ഉയർത്താൻ ലക്ഷ്യമിട്ടാണ് പുതിയ പദ്ധതി രൂപീകരിക്കുന്നതെന്ന് യുജിസിയുടെ ചെയർമാൻ പ്രഫ. മമിദാല ജഗദേഷ് കുമാർ പറഞ്ഞു.

നിലവിൽ ജൂലൈ-ഓഗസ്റ്റിൽ തുടങ്ങി മേയ്-ജൂണിൽ അവസാനിക്കുന്ന അക്കാദമിക രീതിയാണ് രാജ്യത്തെ സർവകലാശാലകൾ പിന്തുടരുന്നത്. യുജിസിയുടെ പുതിയ നിയമമനുസരിച്ച് ജനുവരി-ഫെബ്രുവരി മാസങ്ങളിലും പ്രവേശനം നടത്തും. ആദ്യ പ്രവേശനപ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് നേരത്തെ അടുത്ത അദ്ധ്യയനവർഷം വരെ കാത്തിരിക്കണമായിരുന്നു. എന്നാൽ, പുതിയ പദ്ധതിപ്രകാരം ആദ്യപ്രവേശനപ്രക്രിയയിൽ പങ്കെടുക്കാൻ കഴിയാതെപോകുന്ന വിദ്യാർത്ഥികൾക്ക് അതേ അദ്ധ്യയനവർഷത്തിൽ രണ്ടാമത്തെ പ്രവേശനപ്രക്രിയയിൽ പങ്കെടുക്കാൻ സാധിക്കും. ഇത് വിദ്യാർത്ഥികൾക്കുണ്ടാക്കുന്ന സമയനഷ്ടം തടയുമെന്ന് യുജിസി വ്യക്തമാക്കി.

യുജിസിയുടെ കീഴിലുള്ള ഇന്ദിരാ ഗാന്ധി ഓപ്പൺ യൂണിവേഴ്സിറ്റി പോലുള്ള വിദൂര വിദ്യാഭ്യാസ മേഖലയിൽ വർഷത്തിൽ രണ്ടുതവണ പ്രവേശന നടപടികൾ നടപ്പിലാക്കിയത് വൻ വിജയമായിരുന്നു. ഇത് കൂടുതൽ വിദ്യാർത്ഥികൾക്ക് ഗുണമുണ്ടാക്കിയെന്നു കണ്ടതിനാൽ റെഗുലർ കോഴ്സുകൾക്കും ഈ നയം വ്യാപിപ്പിക്കാൻ യുജിസി തീരുമാനിക്കുകയായിരുന്നു. ഈ പദ്ധതി നിലവിൽ വന്നാൽ വർഷത്തിൽ രണ്ടുതവണ കാമ്പസ് ഇന്റർവ്യൂ അടക്കമുള്ള കാര്യങ്ങൾ നടക്കുമെന്നും ഇത് വിദ്യാർത്ഥികൾക്ക് കൂടുതൽ ഗുണം ചെയ്യുമെന്നും യുജിസി അഭിപ്രായപ്പെട്ടു.

എന്നാൽ, ഈ നയം നിർബന്ധമായും സർവകലാശാലകൾ നടപ്പിലാക്കേണ്ടതില്ലെന്ന് യുജിസി വ്യക്തമാക്കി. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളുടെയും അദ്ധ്യാപകരുടെയും ലഭ്യതയനുസരിച്ചും അതത് സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്നും യുജിസി ചെയർമാൻ അറിയിച്ചു.

# ടി.കെ. ചാത്തുണ്ണി അന്തരിച്ചു



ചാലക്കുടി: ഒന്നര പതിറ്റാണ്ട് ഇന്ത്യയിലെ പ്രമുഖ ഫുട്ബോൾ ടീമുകളുടെ കളിക്കാരനായും നാലു പതിറ്റാണ്ടോളം പരിശീലകനായും തിളങ്ങിയ അപൂർവപ്രതിഭ ടി.കെ. ചാത്തുണ്ണി (79) കളമൊഴിഞ്ഞു. കേരളം കണ്ട ഏറ്റവും പ്രതിഭാശാലിയായ ഫുട്ബോൾ കോച്ചായ ചാത്തുണ്ണിയുടെ അന്ത്യം ജൂൺ 12-ന് രാവിലെ 7.45-നായിരുന്നു.

കാൻസർബാധിതനായി ചികിത്സയിലായിരുന്നു. രോഗം മൂർച്ഛിച്ചതോടെ കറുകുറ്റി അഡ്‌ലക്സ് അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. 13-ാം തീയതി ഇൻഡോർ സ്റ്റേഡിയത്തിൽ പൊതുദർശനത്തിനുശേഷം വടൂക്കര ശ്മശാനത്തിൽ മൃതദേഹം സംസ്കരിച്ചു. ചാലക്കുടി പോലീസ് സ്റ്റേഷനു സമീപം തുമ്പരത്തി കണ്ടുണ്ണിയുടെ മകനാണ്. ചാലക്കുടി നഗരസഭയിൽ തന്റെ മൃതദേഹം പൊതുദർശനത്തിനു വെക്കരുതെന്നും തൃശൂർ ഇൻഡോർ സ്റ്റേഡിയത്തിലാകണം പൊതുദർശനമെന്നും റീത്തിനു പകരം ഫുട്ബോൾ വെക്കണമെന്നും കുറിപ്പെഴുതിവെച്ചിട്ടാണ് ചാത്തുണ്ണി വിടവാങ്ങിയത്. ഭാര്യ: സ്വർണലത. മക്കൾ: രേഖ, റിങ്കു. മരുമക്കൾ: പ്രമോദ് (ദുബായ്), ബിജു (ഐടി കാക്കനാട്).

ഇന്ത്യയിൽ ഏറ്റവും കൂടുതൽ ക്ലബുകളുടെ പരിശീലകനായിരുന്ന ചാത്തുണ്ണിയുടെ ജീവിതം ഇന്ത്യൻ ഫുട്ബോളിന്റെയും കേരള ഫുട്ബോളിന്റെയും ഇതിഹാസ അധ്യായമാണ്. സന്തോഷ്ട്രോഫിയിൽ കേരളം, ഗോവ, സർവീസസ്, മഹാരാഷ്ട്ര ടീമുകൾക്കായി കളിച്ചു. ഡൽഹി ഗാരിസൺ, വാസ്കോ ഗോവ, ഓർകെ മിൽസ് ബോംബെ എന്നിവയുടെയും താരമായിരുന്നു. വിരമിച്ചശേഷം ഇന്ത്യയിലെ ഏറ്റവും പ്രമുഖ പരിശീലകരിൽ ഒരാളായി പേരെടുത്തു. എഫ്സി കൊച്ചിൻ, ഡെംപോ, സാൽഗോക്കർ, മോഹൻ ബഗാൻ, ചർച്ചിൽ ബ്രദേഴ്സ്, ചിരാഗ് യുണൈറ്റഡ് ക്ലബ്, ജോസ്കോ എഫ്സി തുടങ്ങിയ ക്ലബുകളെ പരിശീലിപ്പിച്ചിട്ടുണ്ട്. ഐ.എം. വിജയൻ അടക്കമുള്ള ശിഷ്യരുടെ വലിയ നിരയുണ്ട് ചാത്തുണ്ണിക്ക്.

ഫെഡറേഷൻ കപ്പിൽ കേരള പോലീസ് ആദ്യമായി മുത്തമിട്ടതു ചാത്തുണ്ണിയുടെ പരിശീലനതന്ത്രങ്ങളുടെ മികവിലായിരുന്നു. ഇന്ത്യൻ ടീമിന്റെ കോച്ചാകാൻ സാധിച്ചില്ലെന്നതായിരുന്നു ഏറ്റവും വലിയ ദുഃഖം.

# മന്ത്രി കെ. രാധാകൃഷ്ണനും, ഷാഫി പറമ്പിലും നിയമസഭാംഗത്വം രാജിവെച്ചു

തിരുവനന്തപുരം: ദേവസ്വം, പട്ടികജാതി പട്ടികവർഗ വകുപ്പ് മന്ത്രി കെ. രാധാകൃഷ്ണൻ നിയമസഭാംഗത്വം രാജിവെച്ചു. ചേലക്കര എംഎൽഎ ആയിരുന്ന രാധാകൃഷ്ണൻ ആലത്തൂരിൽനിന്നു ലോക്സഭയിലേക്ക് വിജയിച്ചതോടെയാണ് സ്പീക്കർക്ക് രാജിക്കത്ത് നല്കിയത്. കേരളാ നിയമസഭയിൽ ഇ.കെ. നായനാർ ഉൾപ്പെടെയുള്ള മുഖ്യമന്ത്രിമാരോടൊപ്പം പ്രവർത്തിക്കാൻ ലഭിച്ച അനുഭവങ്ങൾ ലോക്സഭയിൽ തന്റെ പ്രവർത്തനങ്ങൾക്ക് തുണയാകുമെന്നും കേരളത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ താൻ പരമാവധി ശ്രമിക്കുമെന്നും രാധാകൃഷ്ണൻ നിയമസഭയിൽ വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞു.

വടകര ലോക്സഭാ മണ്ഡലത്തിൽ വിജയിച്ച ഷാഫി പറമ്പിൽ നിയമസഭാംഗത്വം രാജിവെച്ചു. പാലക്കാട് മണ്ഡലത്തിൽ നിന്നുള്ള യുഡിഎഫ് പ്രതിനിധിയായിരുന്നു ഷാഫി പറമ്പിൽ. നിയമസഭാ സ്പീക്കർ എ.എൻ. ഷംസീറിന്റെ ഓഫീസിലെത്തി രാജിക്കത്ത് കൈമാറി. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, പി.സി. വിഷ്ണുനാഥ്, റോജി എം. ജോൺ, കെ.കെ. രമ തുടങ്ങിയവരോടൊപ്പമെത്തിയാണ് ഷാഫി പറമ്പിൽ രാജിക്കത്ത് കൈമാറിയത്. ഷാഫി രാജിവെച്ചതോടെ പ്രതിപക്ഷത്തിന്റെ നിയമസഭയിലെ അംഗബലം 40 ആയി കുറഞ്ഞു.

തന്റെ വിജയം വടകരയുടെ രാഷ്ട്രീയബോധം തെളിയിക്കുന്നതാണെന്നു രാജിക്കത്തു നൽകിയ ശേഷം ഷാഫി പറമ്പിൽ പറഞ്ഞു. വരാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ കഴിഞ്ഞ തവണത്തേതിനേക്കാൾ ഭൂരിപക്ഷത്തിൽ പാലക്കാട്ടെ ജനങ്ങൾ യുഡിഎഫ് സ്ഥാനാർത്ഥിയെ ജയിപ്പിക്കും. നല്ല ഭൂരിപക്ഷത്തോടെ പാലക്കാട് നിലനിർത്താൻ യുഡിഎഫിന് സാധിക്കും. ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്തുണ്ടായ വികസനം അതിനൊരു കാരണമാകുമെന്നും ഷാഫി പറഞ്ഞു.






# ഫിലാഡൽഫിയയിൽ സിസിഡി ഗ്രാജുവേഷനും അവാർഡ് ദാനവും

**ജോസ് മാളേയ്ക്കൽ**

ഫിലാഡൽഫിയ: 12 വർഷങ്ങളിലെ ചിട്ടയായ വിശ്വാസപരിശീലന ക്ലാസ്സും പഠനത്തിനുശേഷം ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി അടുത്ത ലക്ഷ്യത്തിലേക്കു കുതിക്കാൻ വെമ്പിനിൽക്കുന്ന ഹൈസ്കൂൾ ബിരുദധാരികളെ ആദരിച്ചു.

സെ. തോമസ് സീറോമലബാർ കാത്തലിക് ഫൊറോനാ ദേവാലയത്തിൽ നടന്ന ലളിതമായ ഗ്രാജുവേഷൻ ചടങ്ങിൽ ഈ വർഷം സൺഡേസ്കൂൾ പന്ത്രണ്ടാം ക്ലാസിൽ നിന്നും ഗ്രാജുവേറ്റ് ചെയ്ത് ഡിപ്ലോമ നേടിയ 17 യുവതീയുവാക്കന്മാരാണ് ആദരവിനർഹരായത്. ഇടവക വികാരി റവ.ഡോ. ജോർജ് ദാനവേലിലിന്റെ മുഖ്യകാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട ദിവ്യബലിയെ തുടർന്നാണ് സിസിഡി ക്ലാസ് ഓഫ് 2024 ഗ്രാജുവേറ്റ്സിനെ അനുമോദിച്ചു പ്രത്യേക പ്രാർത്ഥനകളും അനുഗ്രഹപ്രഭാഷണവും നടത്തിയത്. മതബോധന സ്കൂൾ പ്രിൻസിപ്പൽ ജേക്കബ് ചാക്കോ, പന്ത്രണ്ടാം ക്ലാസ് അദ്ധ്യാപിക ഡോ. ബിന്ദു മെതിക്കളം എന്നിവർ ക്ലാസ് ഓഫ് 2024-ന് ആശംസകളർപ്പിച്ചു.

പന്ത്രണ്ടാം ക്ലാസിലെ ബെസ്റ്റ് സ്റ്റുഡന്റായ അലിസാ സിജിക്ക് ജോസഫ് കാഞ്ഞിരക്കാട്ടുതൊട്ടിയിലിന്റെ സ്മരണാർത്ഥം അദ്ദേഹത്തിന്റെ കൊച്ചുമകൻ ഡോ. ജോസിൻ ജെയിംസ് ഏർപ്പെടുത്തിയിരിക്കുന്ന 1000 ഡോളർ കാഷ് അവാർഡും സർട്ടിഫിക്കറ്റും റവ.ഡോ. ജോർജ് ദാനവേലിലും ഡോ. ജോസിനും കുടുംബവും സംയുക്തമായി നല്കി ആദരിച്ചു.

സിസിഡി പൂർവവിദ്യാർത്ഥികളായ ഡോ. ജേക്കബ് സെബാസ്റ്റ്യൻ, ജോസഫ് സെബാസ്റ്റ്യൻ, ജെയിംസ് മാത്യു, സിറിൽ ജോൺ, ജെറിൻ ജോൺ എന്നിവർ ഈ വർഷം മുതൽ പുതുതായി ഏർപ്പെടുത്തിയ ഫാമിലി ഫ്രണ്ട്സ് സ്കോളർഷിപ്പ് 1000 ഡോളർ കാഷ് അവാർഡ് ഏറ്റവും നല്ല ലേഖനകർത്താവായ അൻസു ജോജോക്ക് ലഭിച്ചു.



2023-2024-ലെ എസ്.എ.റ്റി പരീക്ഷയിൽ സിസിഡി പന്ത്രണ്ടാം ക്ലാസിൽ നിന്നും ഉന്നതവിജയം നേടിയ അലൻ ജോസഫ്, ആൻഡ്രൂ ഏബ്രഹാം എന്നിവർക്ക് എസ്.എം.സി.സി. നല്കുന്ന കാഷ് അവാർഡുകൾ എസ്.എം.സി.സി ഫിലാഡൽഫിയ ചാപ്റ്റർ പ്രസിഡണ്ട് ജോജോ കോട്ടൂർ നല്കി.

സിസിഡി ഇയർബുക്കിന്റെ പിന്നിൽ പ്രവർത്തിച്ച സ്റ്റുഡന്റ് എഡിറ്റർമാരായ ബ്രിയാന കൊച്ചുമുട്ടം, ഹാന്നാ ജെയിംസ്, ജെയ്ക്ക് ബെന്നി, സ്റ്റാഫ് എഡിറ്റർ ജോസ് മാളേയ്ക്കൽ എന്നിവർക്കും വിശേഷാൽ അവാർഡുകൾ തദവസരത്തിൽ നല്കുകയുണ്ടായി. അതോടൊപ്പം ഈ വർഷം മതബോധന സ്കൂളിലെ പ്രീ കെ മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസുകളിൽ നിന്നും ബെസ്റ്റ് സ്റ്റുഡന്റ്സ് ആയും സമ്പൂർണ്ണ ഹാജർ നേടിയും മാതൃകയായ കുട്ടികളെയും ആദരിക്കുകയുണ്ടായി.

ഫോട്ടോ: ജോസ് തോമസ്

# കൊപ്പേൽ സെ. അൽഫോൻസാ ദേവാലയത്തിൽ ഫാദേഴ്സ് ഡേ ആഘോഷിച്ചു

**ലാലി ജോസഫ്**

ഡാളസ്: കൊപ്പേൽ സെന്റ് അൽഫോൻസാ സീറോമലബാർ കത്തോലിക്കാ പള്ളിയിൽ ജൂൺ 16-ന് ഞായറാഴ്ച പിതാക്കന്മാരുടെ ദിനം ആഘോഷപൂർവം നടത്തുകയുണ്ടായി. വാഷിങ്ടണിൽ 1910-ലാണ് ആദ്യത്തെ ഫാദേഴ്സ് ഡേ ആഘോഷിച്ചത്. ഓരോ വ്യക്തിയുടെയും ജീവിതത്തിൽ പൂർണ്ണത കൈവരിക്കുന്നതിൽ ഒരു പിതാവ് ഏറ്റെടുക്കുന്ന യാതനകളുടെ പ്രാധാന്യം ഓർമ്മപ്പെടുത്തുന്നതാണ് ഓരോ പിതൃദിനവും.

ജീസസ് ക്രൈസ്റ്റ് സ്വന്തം പിതാവായ ദൈവത്തിനു കൊടുത്ത നന്ദി, സ്നേഹം അതൊക്കെ മാതൃകയായി എടുക്കേണ്ട ഒരു ദിനം കൂടിയാണ് ഫാദേഴ്സ് ഡേ. ഞായറാഴ്ച രാവിലെ ഒമ്പതു മണിയുടെ വിശുദ്ധ കുർബാനയ്ക്കുശേഷം ഫാ. ജിമ്മി എടക്കുളത്തിൽ എല്ലാ പിതാക്കന്മാർക്കും ആശംസകളർപ്പിക്കുകയും ദൈവം ഏല്പിച്ചിരിക്കുന്ന പിതൃത്വം ഏറ്റവും ഭംഗിയായി ദൈവം ആഗ്രഹിക്കുന്ന വിധത്തിൽ നിർവഹിക്കാൻ ഇവരെ ശക്തരാക്കണമേ എന്നു പ്രാർത്ഥിക്കുകയും ചെയ്തു.



ഏറ്റവും പ്രായംകുറഞ്ഞ കുട്ടിയുടെ അപ്പൻ, പള്ളിയിലെ മുതിർന്ന അപ്പൻ, പിന്നെ കൂടുതൽ കുട്ടികളുള്ള അപ്പൻ എന്നീ കാറ്റഗറിയിലുള്ള മൂന്ന് അപ്പന്മാർ ഒരുമിച്ച് കുർബാനയ്ക്കുശേഷം കേക്ക് മുറിച്ച് സന്തോഷം പങ്കുവെച്ചത് എല്ലാവർക്കും കൗതുകമുണർത്തിയ ഒരു കാഴ്ചയായിരുന്നു. പള്ളിയിൽ വന്ന എല്ലാ വിശ്വാസികൾക്കും കേക്ക് വിതരണം നടത്തി ആഘോഷത്തെ മോടിപിടിപ്പിച്ചു.

കൈക്കാരന്മാരായ റോബിൻ കുര്യൻ, ജോഷി കുര്യാക്കോസ്, രഞ്ജിത്ത് മാത്യു, റോബിൻ ജേക്കബ് എന്നിവർ ഈ ദിവസം മനോഹരമാക്കുന്നതിന് നേതൃത്വം വഹിച്ചു.

# എംജിക്ക് യുആർട്ടിക് അംഗത്വം

കോട്ടയം: ധ്രുവ മേഖലകളിൽ പഠന, ഗവേഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സംഘടനകളുടെയും രാജ്യാന്തര കൂട്ടായ്മയായ യൂണിവേഴ്സിറ്റി ഓഫ് ദി ആർട്ടിക്കിൽ (യുആർട്ടിക്) എംജി സർവകലാശാലയ്ക്ക് അംഗത്വം. നോർവെയിലെ ബോഡോയിൽ നടന്ന വാർഷിക സമ്മേളനമാണ് സർവകലാശാലയിലെ ഇന്റർനാഷണൽ സെന്റർ ഫോർ പോളാർ സ്റ്റഡീസിന് (ഐസിപിഎസ്) അംഗത്വം നൽകാൻ തീരുമാനിച്ചത്.

ധ്രുവ മേഖല കേന്ദ്രീകരിച്ച് ഐസിപിഎസ് നടത്തിവരുന്ന പ്രവർത്തനങ്ങളിൽ രാജ്യാന്തര സഹകരണം വിപുലീകരിക്കാൻ ഈ യുആർട്ടിക് അംഗത്വം പ്രയോജനപ്പെടുമെന്ന് സമ്മേളനത്തിൽ പങ്കെടുത്ത വൈസ് ചാൻസലർ ഡോ. സി.ടി. അരവിന്ദകുമാർ പറഞ്ഞു. ധ്രുവ മേഖലയിൽനിന്ന് അഞ്ചും ധ്രുവമേഖലയ്ക്ക് പുറത്തുനിന്ന് 11-ഉം അംഗങ്ങളെയാണ് യുആർട്ടിക്കിൽ പുതിയതായി ഉൾപ്പെടുത്തിയത്. യുകെയിലെ ലിവർപൂൾ, സ്റ്റിർലിംഗ്, വെസ്റ്റ്മിൻസ്റ്റർ, ഹൾ സർവകലാശാലകൾക്കും റോയൽ കോളജ് ഓഫ് ആർട്ടിനുമൊപ്പം നോൺ ആർട്ടിക് പട്ടികയിലാണ് ഐസിപിഎസ് ഇടംപിടിച്ചത്. ചെന്നൈയിലെ ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റി ഉൾപ്പെടെ നാല് ഇന്ത്യൻ സർവകലാശാലകൾക്കു മാത്രമാണ് യുആർട്ടിക്കിൽ ഇപ്പോൾ അംഗത്വമുള്ളത്.

എംജി സർവകലാശാലയിലെ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്, സ്കൂൾ ഓഫ് ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് പൊളിറ്റിക്സ്, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റൻഷൻ എന്നിവയുടെ സംയുക്ത കേന്ദ്രമായി 2022-ലാണ് ഐസിപിഎസ് പ്രവർത്തനമാരംഭിച്ചത്. ധ്രുവ മേഖലകളിലെ ശാസ്ത്ര, സാമൂഹ്യ ശാസ്ത്ര പഠനങ്ങളിൽ ഈ കേന്ദ്രം സജീവമാണ്.

# ലൂർദ്മാതാവിന് സ്വർണ്ണക്കൊന്ത സമർപ്പിച്ച് സുരേഷ് ഗോപി

തൃശൂർ: തൃശൂർ ലൂർദ് കത്തീഡ്രൽ ദേവാലയം സന്ദർശിച്ച് കേന്ദ്രമന്ത്രി സുരേഷ് ഗോപി മാതാവിന് സ്വർണ്ണക്കൊന്ത സമർപ്പിച്ചു. തെരഞ്ഞെടുപ്പ് യാണ് അദ്ദേഹം മാതാവിന് കൊന്ത സമർപ്പിച്ചത്. ലൂർദ്പള്ളി ഇടവകയിൽപ്പെട്ട വ്യക്തിയാണ് മാതാവിനായി സ്വർണ്ണക്കൊന്ത പണിതത്.



വിജയത്തിനുശേഷം ആദ്യമായാണ് മാതാവിനെ കാണാൻ എത്തിയത്.

ഭക്തിപരമായ നിർവഹണത്തിന്റെ മുദ്രയാണെന്നും വേറെ അർത്ഥങ്ങളില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പ്രതികരിച്ചു. പള്ളിയിലെത്തിയ അദ്ദേഹത്തെ കത്തീഡ്രൽ വികാരിയും ഇടവകാംഗങ്ങളും ചേർന്നാണ് സ്വീകരിച്ചത്. ഇടവക വികാരിയുടെയും ട്രസ്റ്റ് അംഗങ്ങളുടെയും സമ്മതത്തോടെ

തൃശൂരിൽ പൂങ്കുന്നം മുരളീമന്ദിരത്തിൽ എത്തി കെ. കരുണാകരന്റെ സ്മൃതികുടീരത്തിൽ പുഷ്പാർച്ചന നടത്തിയശേഷമാണ് സുരേഷ്ഗോപി പള്ളിയിലെത്തിയത്. അടിപ്പള്ളിയിലെത്തി പാട്ടുപാടിക്കൊണ്ട് സുരേഷ്ഗോപി മാതാവിന് ആരാധന നടത്തി. തെരഞ്ഞെടുപ്പ് വിജയത്തിൽ നന്ദിയർപ്പിച്ചുകൊണ്ടായിരുന്നു സുരേഷ് ഗോപിയുടെ സന്ദർശനം.

# കേന്ദ്ര മന്ത്രിസഭയുടെ വകുപ്പുവിഭജനത്തിൽ സുപ്രധാന വകുപ്പുകൾ ബിജെപിക്ക്

ന്യൂഡൽഹി: കേന്ദ്ര മന്ത്രിസഭയുടെ വകുപ്പുവിഭജനത്തിൽ പിടിമുറുക്കി ബിജെപി. ആഭ്യന്തരം, പ്രതിരോധം, ധനം, വിദേശകാര്യം, വിദ്യാഭ്യാസം, വാണിജ്യം, വ്യവസായം തുടങ്ങിയ സുപ്രധാന വകുപ്പുകളെല്ലാം ബിജെപി സ്വന്തമാക്കി. അപ്രധാന വകുപ്പുകൾ നല്കിയെന്ന ആക്ഷേപമാണു ഭൂരിഭാഗം ഘടകകക്ഷികൾക്കുമുള്ളത്.



പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ കല്യാൺ മാർഗിലെ വസതിയിൽ ചേർന്ന ആദ്യ മന്ത്രിസഭായോഗം.

രണ്ടാം മോദി മന്ത്രിസഭയിലേതുപോലെ ആഭ്യന്തരം അമിത്ഷായും പ്രതിരോധം രാജ്നാഥ്സിംഗും ധനം നിർമല സീതാരാമനും കൈകാര്യം ചെയ്യും. വിദേശകാര്യമന്ത്രിയായി എസ്. ജയശങ്കർ തുടരും. ആദ്യമായി കേന്ദ്ര മന്ത്രിയായ ശിവരാജ് സിംഗ് ചൗഹാനാണ് കൃഷി മന്ത്രി. റെയിൽവേ മന്ത്രിയായി അശ്വിനി വൈഷ്ണവ് തുടരും.

ഘടകകക്ഷികളിൽ എച്ച്.ഡി. കുമാരസ്വാമിക്കു ഭേദപ്പെട്ട വകുപ്പു കിട്ടി - ഘനവ്യവസായം, സ്റ്റീൽ. ജെഡിയുവിലെ ലലൻ സിംഗിനു പഞ്ചായത്തി രാജ് ലഭിച്ചു. ടിഡിപിയിലെ രാം മോഹൻ നായിഡുവിനാണ് സിവിൽ ഏവിയേഷൻ വകുപ്പ്. 2014-ലും ടിഡിപിക്കു ലഭിച്ച വകുപ്പാണിത്. രണ്ടാം മോദി സർക്കാരിൽ സിവിൽ ഏവിയേഷൻ മന്ത്രിയായിരുന്ന ജ്യോതിരാദിത്യ സിന്ധ്യ ഇത്തവണ ടെലികോം, വടക്കു കിഴക്കൻ മേഖല വികസനം എന്നീ വകുപ്പുകളിലേക്ക് ഒതുക്കപ്പെട്ടു.

ഭൂപേന്ദർ യാദവ് കഴിഞ്ഞ സർക്കാരിലേതുപോലെ വനം, പരിസ്ഥിതി വകുപ്പുകൾ കൈകാര്യം ചെയ്യും. നാലു വർഷത്തിനുശേഷം ആരോഗ്യവകുപ്പിലേക്ക് ജെ.പി. നഡ്ഡ തിരികെയെത്തി. മുൻ സർക്കാരിൽ മൻസുഖ് മണ്ഡവ്യ കൈകാര്യം ചെയ്തിരുന്ന വകുപ്പാണിത്.

സുരേഷ് ഗോപിക്ക് പെട്രോളിയം-പ്രകൃതിവാതകം, ടൂറിസം വകുപ്പുകളും ജോർജ് കുര്യന് ന്യൂനപക്ഷക്ഷേമം, ഫിഷറീസ്-മൃഗസംരക്ഷണം വകുപ്പുകളുമാണു കിട്ടിയത്.

അനുരാഗ് ഠാക്കൂർ കൈകാര്യം ചെയ്തിരുന്ന വാർത്താവിതരണം, യുവജനക്ഷേമം, സ്പോർട്സ് വകുപ്പുകൾ അശ്വിനി വൈഷ്ണവിനും മൻസുഖ് മാണ്ഡവ്യക്കും വീതിച്ചുനല്കി. സ്മൃതി ഇറാനിയുടെ വകുപ്പുകളായ വനിത-ശിശുക്ഷേമം ഇത്തവണ അന്നപൂർണാ ദേവിക്കാണ്.

തെരഞ്ഞെടുപ്പിനു തൊട്ടുമുമ്പ് ബിജെപിയിലെത്തുകയും ലുധിയാനയിൽ പരാജയപ്പെടുകയും ചെയ്ത രവ്നീത് സിംഗ് ബിട്ടുവിനെ ഭക്ഷ്യസംസ്കരണം, റെയിൽവേ വകുപ്പുകളുടെ സഹമന്ത്രിയാക്കിയതു ശ്രദ്ധേയമായി. കോൺഗ്രസ് വിട്ട് ബിജെപിയിലെത്തിയ ജിതിൻ പ്രസാദയ്ക്കു സഹമന്ത്രിസ്ഥാനമാണ് കിട്ടിയത്. മൻമോഹൻ സിംഗ് മന്ത്രിസഭയിലും ജിതിൻ അംഗമായിരുന്നു.

ദേശീയ സുരക്ഷാ കൗൺസിലിൽ ഇത്തവണയും ബിജെപി അംഗങ്ങൾ മാത്രം. ആഭ്യന്തരം, പ്രതിരോധം, വിദേശകാര്യം, ധനം എന്നീ വകുപ്പുകളുടെ മന്ത്രിമാരാണ് ദേശീയ സുരക്ഷാ കൗൺസിലിൽ അംഗങ്ങളാകുക.

## കേന്ദ്ര മന്ത്രിസഭയിലെ പതിനൊന്നു പേർ 12-ാം ക്ലാസുകാർ; ബിരുദധാരികളുടെ എണ്ണം 57

ന്യൂഡൽഹി: മൂന്നാം മോദി സർക്കാരിന്റെ പുതിയ മന്ത്രിസഭയിൽ 12-ാം ക്ലാസ് പാസായതു 11 പേർ. ബിരുദധാരികളുടെ എണ്ണം 57. കേന്ദ്രമന്ത്രിമാരുടെ വിദ്യാഭ്യാസ യോഗ്യതകളെക്കുറിച്ചു പഠിച്ച അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (എഡിആർ) പുറത്തുവിട്ട കണക്കിലാണ് ഈ വിവരം. 71 മന്ത്രിമാരുടെ വിവരങ്ങളാണ് എഡിആർ ശേഖരിച്ചത്. 71-ൽ 11 പേർ, അതായത് 15 ശതമാനം പേർ തങ്ങളുടെ ഉയർന്ന വിദ്യാഭ്യാസ യോഗ്യത 12-ാം ക്ലാസ് എന്നാണു രേഖപ്പെടുത്തിയിട്ടുള്ളത്. അതേസമയം, 80 ശതമാനം പേരും ബിരുദമോ ബിരുദാനന്തര ബിരുദമോ ആണ് വിദ്യാഭ്യാസ യോഗ്യതയായി രേഖപ്പെടുത്തിയിട്ടുള്ളത്.

ഇവരിൽ 10 മന്ത്രിമാർ നിയമം, എഞ്ചിനിയറിംഗ്, മെഡിസിൻ എന്നീ മേഖലകളിൽ ബിരുദമെടുത്തവരാണ്. ഏഴുപേർക്ക് വിവിധ വിഷയങ്ങളിൽ ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. ഇവരെക്കൂടാതെ വൊക്കേഷണൽ, ടെക്നിക്കൽ പരിശീലനത്തിലൂടെ ഡിപ്ലോമ ലഭിച്ച മൂന്നുപേർകൂടി കേന്ദ്രമന്ത്രിമാരായുണ്ട്.

## അജിത് ഡോവലിനും പി.കെ. മിശ്രയ്ക്കും പുനർനിയമനം

ന്യൂഡൽഹി: മൂന്നാം നരേന്ദ്ര മോദി സർക്കാർ അധികാരമേറ്റതിനു പിന്നാലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവായി അജിത് ഡോവലിന് പുനർനിയമനം.

ദേശീയ സുരക്ഷാ ഉപദേഷ്ടാവിന്റെ പദവിയിൽ അജിത് ഡോവലിനും ഇത് മൂന്നാമൂഴമാണ്. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി പി.കെ. മിശ്രയെയും വീണ്ടും നിയമിച്ചു. കാബിനറ്റ് റാങ്കോടെയാണ് ഇരുവരുടെയും പുനർനിയമനം. മന്ത്രിസഭാ നിയമനസമിതിയാണ് ഇതുസംബന്ധിച്ച തീരുമാനമെടുത്തത്. ദേശീയ സുരക്ഷാ ഉപദേഷ്ടാവായി അജിത് ഡോവൽ തുടരില്ലെന്നു റിപ്പോർട്ടുകളുണ്ടായിരുന്നു. എന്നാൽ, ഡോവൽ തുടരണമെന്ന് പ്രധാനമന്ത്രി നിർദേശിച്ചതായാണു സൂചന. വിരമിച്ച ഐഎഎസ് ഉദ്യോഗസ്ഥരായ അമിത് ഖരെ, തരുൺ കപൂർ എന്നിവരെ പ്രധാനമന്ത്രിയുടെ ഉപദേഷ്ടാക്കളായും നിയമിച്ചിട്ടുണ്ട്. 1968 ബാച്ച് കേരളാ കേഡർ ഐപിഎസ് ഉദ്യോഗസ്ഥനായ അജിത് ഡോവൽ ഇന്റലിജന്റ്സ് ബ്യൂറോയുടെ മുൻ ഡയറക്ടർ കൂടിയാണ്. 2014 മുതൽ ദേശീയ സുരക്ഷാ ഉപദേഷ്ടാവായി പ്രവർത്തിക്കുന്ന അദ്ദേഹം, പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ വിശ്വസ്തരിൽ പ്രമുഖനാണ്.

2019-ലാണ് നൃപേന്ദ്ര മിശ്രയ്ക്കു പകരമായി പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയായി പി.കെ. മിശ്ര നിയമിതനാകുന്നത്. 1972 ബാച്ച് ഗുജറാത്ത് കേഡർ ഐഎഎസ് ഉദ്യോഗസ്ഥനാണ്. മുമ്പ് പ്രധാനമന്ത്രിയുടെ അഡീ. പ്രിൻസിപ്പൽ സെക്രട്ടറിയായും പ്രവർത്തിച്ചിട്ടുണ്ട്.

## സുരേഷ്ഗോപിയും ജോർജ് കുര്യനും ചുമതലയേറ്റു

ന്യൂഡൽഹി: മൂന്നാം മോദി മന്ത്രിസഭയിൽ കേരളത്തിൽനിന്നുള്ള സഹമന്ത്രിമാരായ സുരേഷ് ഗോപിയും ജോർജ് കുര്യനും ചുമതലയേറ്റു. സിനിമാ തിരക്കുകൾ മൂലം മന്ത്രിസ്ഥാനത്തു നിൽക്കില്ല എന്നതടക്കമുള്ള അഭ്യൂഹങ്ങൾ അവസാനിപ്പിക്കാൻ സുരേഷ് ഗോപി ജൂൺ 11-ന് രാവിലെതന്നെ ശാസ്ത്രി ഭവനിലെ പെട്രോളിയം മന്ത്രാലയത്തിലെത്തി ചുമതലയേൽക്കുകയായിരുന്നു.

മന്ത്രി ഹർപ്സിംഗ് പുരിയും ഉദ്യോഗസ്ഥരും പൂച്ചെണ്ട് നൽകിയാണ് സുരേഷ് ഗോപിയെ സ്വീകരിച്ചത്. പിന്നീട് അദ്ദേഹം രജിസ്റ്ററിൽ ഒപ്പുവെച്ച് ചുമതലയേറ്റു. പിന്നീട് ടൂറിസം മന്ത്രാലയത്തിൽ എത്തി ചുമതലയേറ്റ അദ്ദേഹം വിനോദസഞ്ചാര മേഖലയിൽ കേരളത്തിന്റെ സാധ്യതകൾ പരിശോധിച്ച് ഉചിതമായ പദ്ധതികൾ തയാറാക്കുമെന്ന് പറഞ്ഞു. തനിക്ക് പ്രതീക്ഷിക്കാതെ കിട്ടിയ വകുപ്പാണ് പെട്രോളിയം. കൂടുതൽ പഠിച്ച് ആവശ്യാനുസരണം പ്രവർത്തിക്കും. കൂടുതൽ പെട്രോളിയം നിക്ഷേപം കണ്ടെത്താൻ ശ്രമിക്കും. സിനിമയും രാഷ്ട്രീയവും ഒന്നിച്ചു കൊണ്ടുപോകുമെന്നും അദ്ദേഹം പറഞ്ഞു.

രാവിലെ 11.30-ഓടെയാണ് ജോർജ് കുര്യൻ കേന്ദ്ര കൃഷി മന്ത്രാലയത്തിലെത്തി ഫിഷറീസ്-മൃഗസംരക്ഷണ വകുപ്പിന്റെ സഹമന്ത്രിയായി ചുമതലയേറ്റത്. പിന്നീട് ന്യൂനപക്ഷ മന്ത്രാലയത്തിലെത്തി ചുമതലയേറ്റു. കേരളത്തിലെ തീരദേശവാസികളെ നേരിട്ട് കാണുമെന്നും പ്രശ്നങ്ങൾ പഠിച്ച് ആവശ്യമായ കാര്യങ്ങൾ ചെയ്യുമെന്നും അദ്ദേഹം പറഞ്ഞു. മുതലപ്പൊഴിയിൽ ഉടനെത്തുമെന്നും അവിടെ ആവശ്യമായ നടപടികൾ ചെയ്യുമെന്നും പ്രതികരിച്ചു.






# JOYALUKKAS INAUGURATES NEWLY RENOVATED SHOWROOM IN CHICAGO WITH DAZZLING DEALS



The globally renowned jewelry brand inaugurated its newly renovated showroom in Chicago, USA on June 9th, 2024. The event was graced by esteemed guests, the US Congressman Mr. Raja Krishnamurthy, alongside Mr. Joy Alukkas, Chairman of Joyalukkas Group - marking a significant milestone in the brand's expansion in the USA.

Chicago, USA–June, 2024: Joyalukkas, the globally renowned jewelry brand, continues expanding their USA footprint with the grand opening of its newly renovated showroom in Chicago. The inauguration ceremony, held on June 9th, 2024 was graced by the US Congressman Mr. Raja Krishnamurthy alongside Mr. Joy Alukkas, Chairman of Joyalukkas Group.

Speaking on the occasion of the inauguration, Mr. Joy Alukkas, Chairman of Joyalukkas Group, expressed his excitement, stating, "We have been a success in Chicago thanks to our customers who have accepted us with open arms. Our renovation is to honor their patronage and make their jewelry shopping experience better. Joyalukkas as a brand has always had a global outlook, and with each success we plan to expand our presence further to serve more and more jewelry lovers worldwide. For Chicago, other than exciting offers, we are also bringing our latest collections, which jewelry buyers can enjoy in our latest world-class showroom."

The irresistible limited-period offers can be availed exclusively at the Joyalukkas Chicago showroom. The offers include a 1 gm gold coin on diamond, polki, and pearl jewelry purchases worth USD 2,000 and a 0.2 gm gold coin on gold jewelry purchases worth USD 1,000. These offers will be valid until June 16th, 2024.

Joyalukkas Chicago perfectly showcases the brand's commitment towards elegance and sophistication. From bespoke jewelry creations for special occasions and milestone moments to everyday gifting options, everyone can now experience a wide range of choices here. Additionally, customers had a unique opportunity to receive a gold coin during the promotional period.




# കൂടാരയോഗ പിക്നിക് ഒരുക്കി ബെൻസൻവിൽ ഇടവക

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക കൂടാരയോഗ പിക്നിക് ഒരുക്കി. സെ. സ്റ്റീഫൻസ് കൂടാരയോഗത്തിന്റെ നേതൃത്വത്തിലാണ് ആദ്യ പിക്നിക് നടത്തപ്പെട്ടത്. ഞായറാഴ്ച കുർബാനയ്ക്കുശേഷം പള്ളിയും പരിസരവും കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ വൃത്തിയാക്കി. തുടർന്ന് എല്ലാ പ്രായവിഭാഗത്തിൽപ്പെട്ടവർക്കും വിവിധ മത്സരങ്ങൾ ക്രമീകരിച്ചു. കൂടാരയോഗത്തിന്റെ നേതൃത്വത്തിൽ എല്ലാവർക്കും ഭക്ഷണം ഒരുക്കുകയും തുടർന്ന് ഒരുമിച്ച് പ്രാർത്ഥനാ കൂട്ടായ്മ നടത്തപ്പെടുകയും ചെയ്തു. സെ. സ്റ്റീഫൻസ് കൂടാരയോഗ പിക്നിക്കിന് കോ-ഓർഡിനേറ്റർ സിറിയക് കീഴങ്ങാട്ട് നേതൃത്വം നല്കി.

Sunny E. Thomas
Licensed Agent - New York Life Insurance Company
847-370-9279 | thomasse@ft.nyl.com
www.newyorklife.com/agent/thomasse
- 30+ Years of Industry Experience
- Protection & Insurance Solutions
  - Life Insurance
  - Long Term Care Insurance
  - Disability Income Insurance
- Fixed Immediate & Deferred Annuities

Proud to Offer
NEW YORK LIFE
"Helping you plan better, retire comfortably, protect your family, and create a legacy"
475 N Martingale Rd, Suite 1250, Schaumburg, IL 60173
Contact Us -
Virtual Meetings Available




Free Consultation

SUNNY FINANCIAL STRATEGIES, LLC
Tom Sunny, CFP®, CLU®, RICP®
Financial Adviser & Planner
847-414-9116 | tom@sunnyfinancial.com
- Comprehensive Financial Planning
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Professional Investment Management & Guidance
- Retirement Income/Retirement Savings
- Risk Management & Insurance
- Tax Planning Strategies
- Education Funds
- Estate Planning
- Business Plans/Employee Benefits/Medicare/Pension

www.sunnyfinancial.com

Financial Adviser for Eagle Strategies LLC, a Registered Investment Adviser.
Registered Representative offering securities through NYLIFE Securities LLC (member FINRA/SIPC). A Licensed Insurance Agency.
Eagle Strategies LLC and NYLIFE Securities LLC are New York Life Companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

# നീറ്റ് : ഗ്രേസ് മാർക്ക് റദ്ദാക്കും; പുനഃപരീക്ഷ ജൂൺ 23-ന്

ന്യൂഡൽഹി: ഈ വർഷത്തെ നീറ്റ് യുജി മെഡിക്കൽ പ്രവേശനപരീക്ഷയിൽ 1,563 വിദ്യാർത്ഥികൾക്ക് ലഭിച്ച ഗ്രേസ് മാർക്ക് റദ്ദാക്കുമെന്ന് കേന്ദ്രസർക്കാർ സുപ്രീംകോടതിയെ അറിയിച്ചു. ഇവർക്കായി ഈ മാസം 23-ന് പുനഃപരീക്ഷ നടത്തും. ഇതിനു ഹാജരാകാത്ത വിദ്യാർത്ഥികളുടെ ഗ്രേസ് മാർക്ക് ഒഴിവാക്കും. പുനഃപരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ പുതുക്കിയ ഫലം 30-ന് പ്രസിദ്ധീകരിക്കാൻ തീരുമാനിച്ചതായും കേന്ദ്രസർക്കാർ സുപ്രീംകോടതിയിൽ അറിയിച്ചു. മെഡിക്കൽ കോളജുകളിലേക്കുള്ള പ്രവേശനനടപടി നിർത്തിവെക്കില്ലെന്നും നേരത്തെ നിശ്ചയിച്ച പ്രകാരം ജൂലൈ ആറിനുതന്നെ മെഡിക്കൽ പ്രവേശന നടപടികൾ ആരംഭിക്കുമെന്നും കേന്ദ്രസർക്കാർ കോടതിയിൽ വ്യക്തമാക്കി. കേന്ദ്രതീരുമാനം അംഗീകരിച്ച സുപ്രീംകോടതി ഗ്രേസ് മാർക്ക് അപാകതകൾ ചോദ്യം ചെയ്തുള്ള ഹർജി തീർപ്പാക്കിയതായി അറിയിച്ചു. ചോദ്യപേപ്പർ ചോർച്ചയുമായി ബന്ധപ്പെട്ട ഹർജികൾ ജൂലൈ എട്ടിനു പരിഗണിക്കുമെന്ന് കോടതി വ്യക്തമാക്കി. നീറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ഉയർന്ന വിഷയങ്ങൾ പഠിച്ചു റിപ്പോർട്ട് സമർപ്പിക്കാൻ യുപിഎസ്സി മുൻ ചെയർമാനടക്കം നാലംഗ സമിതിയെ പരീക്ഷാ നടത്തിപ്പുകാരായ എൻടിഎ നിയോഗിച്ചിരുന്നു. ഗ്രേസ് മാർക്ക് നൽകിയത് വിദ്യാർത്ഥികൾക്കിടയിൽ ആശങ്കയുണ്ടാക്കിയതിനാൽ ഫലം പുനഃപരിശോധിക്കണമെന്നു സമിതിയുടെ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണു ഗ്രേസ് മാർക്ക് ഒഴിവാക്കാൻ തീരുമാനിച്ചതെന്ന് കേന്ദ്രസർക്കാരിനുവേണ്ടി ഹാജരായ അഭിഭാഷകൻ കാനു അഗർവാൾ കോടതിയിൽ വ്യക്തമാക്കി.

മേയ് അഞ്ചിനായിരുന്നു നീറ്റ് യുജി പരീക്ഷ എൻടിഎ നടത്തിയത്. കഴിഞ്ഞ പത്തിന് ഫലം പുറത്തുവിടുമെന്നായിരുന്നു അറിയിച്ചിരുന്നതെങ്കിലും മുൻകൂട്ടി നിശ്ചയിച്ചതിലും നേരത്തേ ലോക്സഭാ തെരഞ്ഞെടുപ്പു ഫലം പുറത്തുവന്ന നാലിന് ഫലം പ്രഖ്യാപിച്ചിരുന്നു. ഇതിനെതിരെയും ആക്ഷേപമുണ്ടായിരുന്നു. എന്നാൽ, മൂല്യനിർണയം കഴിഞ്ഞ ഉടനെ ഫലം പ്രസിദ്ധീകരിച്ചുവെന്നായിരുന്നു എൻടിഎയുടെ വിശദീകരണം.

മേഘാലയ, ഹരിയാനയിലെ ബഹാദുർഗഡ്, ഛത്തീസ്ഗഡിലെ ദന്തേവാഡ, ബലോധ്, ഗുജറാത്തിലെ സൂറത്ത്, ചണ്ഡിഗഡ് എന്നിവിടങ്ങളിലെ ആറു സെന്ററുകളിൽ പരീക്ഷയെഴുതിയ 1563 വിദ്യാർത്ഥികൾക്കാണു ഗ്രേസ് മാർക്ക് അനുവദിച്ചത്. പരീക്ഷാനടത്തിപ്പിലെ പാകപ്പിഴയെത്തുടർന്നു സമയനഷ്ടമുണ്ടായി എന്നു ചൂണ്ടിക്കാട്ടി ഹൈക്കോടതിയെ സമീപിച്ച വിദ്യാർത്ഥികൾക്കാണ് ഗ്രേസ് മാർക്ക് നൽകിയത്. വിദ്യാർത്ഥികൾ നേരിടാത്ത ചോദ്യങ്ങൾക്കാണു ഗ്രേസ് മാർക്ക് ലഭിച്ചത്. ദിഷ പഞ്ചൽ ഇന്ത്യ ഗവൺമെന്റ് കേസിലെ സുപ്രീംകോടതി വിധിപ്രകാരം തർക്കപരിഹാര കമ്മിറ്റിയാണ് ഗ്രേസ് മാർക്ക് നൽകിയത്. എന്നാൽ, ഇതിൽ അപാകതയുണ്ടെന്നാരോപിച്ച് വിദ്യാർത്ഥിസംഘടനയായ എസ്ഐഒ, നീറ്റ് കോച്ചിംഗ് സെന്ററായ ഫിസിക്സ് വാല, ആന്ധ്രപ്രദേശിൽനിന്നുള്ള പരീക്ഷാർത്ഥി ജരിപിതി കാർത്തിക് എന്നിവർ സമർപ്പിച്ച ഹർജിയിലാണ് കേന്ദ്രസർക്കാർ തീരുമാനം അറിയിച്ചത്.

## സിബി മാത്യൂസിനെതിരെ കേസെടുക്കാൻ നിർദേശം

കൊച്ചി: സൂര്യനെല്ലി പീഡന കേസിലെ അതിജീവിതയുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്തിയെന്ന പരാതിയിൽ മുൻ ഡിജിപി സിബി മാത്യുവിനെതിരെ പോലീസ് എഫ്.ഐ.ആർ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തും. ഹൈക്കോടതി നിർദേശപ്രകാരമാണ് നടപടി. പരാതി നല്കിയ അതേ പോലീസ് സ്റ്റേഷനിൽ തന്നെ കേസെടുക്കാനാണ് നിർദേശം. സിബി മാത്യൂസിൽ നിന്നു വിശദീകരണം തേടും. മറ്റ് തെളിവെടുപ്പ് ആവശ്യമില്ലാത്തതിനാൽ റിപ്പോർട്ട് തയ്യാറാക്കി കോടതിയിൽ സമർപ്പിക്കാനാണ് പോലീസ് ഉദ്ദേശിക്കുന്നത്.



സിബി മാത്യൂസിന്റെ 'നിർഭയം ഒരു ഐപിഎസ് ഓഫീസറുടെ അനുഭവക്കുറിപ്പുകൾ' എന്ന പുസ്തകത്തിലെ പരാമർശങ്ങൾ അതിജീവിതയെ തിരിച്ചറിയാൻ ഇടയാക്കുമെന്ന് ആരോപിച്ച് മുൻ പോലീസ് ഓഫീസർ കെ.കെ. ജോഷ്വയാണ് ഹർജി നല്കിയത്. പോലീസിൽ പരാതി നല്കിയിട്ടും കേസെടുക്കാതിരുന്നതിനെത്തുടർന്നാണ് ജോഷ്വ ഹൈക്കോടതിയെ സമീപിച്ചത്. പുസ്തകത്തിലെ പരാമർശങ്ങൾ കൊണ്ട് അതിജീവിത ആരാണെന്ന് വ്യക്തമാകുമെന്ന് ചൂണ്ടിക്കാട്ടിയാണ് ജസ്റ്റിസ് എ. ബദറുദീൻ ഐപിസി 228 എ പ്രകാരം സിബി മാത്യൂസിനെതിരെ കേസെടുക്കാൻ ഉത്തരവിട്ടത്. കേസ് രജിസ്റ്റർ ചെയ്യാൻ മതിയായ കാരണമില്ലെന്ന് ചൂണ്ടിക്കാട്ടി പോലീസ് കമ്മീഷണർ പുറപ്പെടുവിച്ച ഉത്തരവ് കോടതി റദ്ദാക്കി. അതിജീവിതയുടെ പേരു പറഞ്ഞിട്ടില്ലെങ്കിലും അവർ താമസിക്കുന്ന സ്ഥലവും മാതാപിതാക്കളുടെ പേരും അതിജീവിത പഠിച്ച സ്കൂളുമെല്ലാം പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് 228 എ വകുപ്പിന്റെ ലംഘനമാണെന്ന് കോടതി പറഞ്ഞു. പീഡനത്തിന് ഇരയായ അതിജീവിതയുടെ വ്യക്തിവിവരങ്ങൾ വെളിപ്പെടുത്തുന്നത് ഇന്ത്യൻ ശിക്ഷാനിയമം വകുപ്പ് 228 എ പ്രകാരം രണ്ടു വർഷം വരെ തടവ്ശിക്ഷ ലഭിക്കാവുന്ന കുറ്റമാണ്.

## കുവൈറ്റ് ദുരന്തം: മാർ റാഫേൽ തട്ടിൽ അനുശോചിച്ചു

കൊച്ചി: കുവൈറ്റിലെ തീപിടിത്തദുരന്തത്തിൽ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ അനുശോചിച്ചു. മരിച്ച 50 വിദേശ തൊഴിലാളികളിൽ 45 പേർ ഇന്ത്യക്കാരാണെന്നതും അതിൽ 24 പേർ മലയാളികളാണെന്നതും നമ്മുടെ ദുഃഖം വർധിപ്പിക്കുന്നെന്ന് അദ്ദേഹം പറഞ്ഞു. ഒത്തിരിയേറെ പ്രതീക്ഷകളും സ്വപ്നങ്ങളുമായി കടൽ കടന്ന് പ്രവാസികളായി ജീവിക്കുന്നവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഹൃദയവേദന മനസിലാക്കുകയും അതിൽ പങ്കുചേരുകയും ചെയ്യുന്നു. അപകടത്തിൽ 50 പേർക്ക് പരുക്കേറ്റതായും അവരിൽ ഭൂരിഭാഗവും ആശുപത്രിയിൽ കഴിയുന്നതായും റിപ്പോർട്ടുണ്ട്. അനേകം കുടുംബങ്ങളുടെ കഷ്ടപ്പാടുകളിൽ നമ്മൾ വളരെ ദുഃഖിതരാണ്. ഈ സാഹചര്യത്തിൽ ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കൊപ്പമാണ് ഞങ്ങളുടെ പ്രാർത്ഥന. ദുഃഖിതരും കഷ്ടപ്പെടുന്നവരുമായ ജനങ്ങളുടെ ജീവിതത്തിൽ സാന്ത്വനമേകാനും സാമ്പത്തിക സഹായങ്ങൾ നൽകാനും സർക്കാരിനോടൊപ്പം ഏവരും പങ്കാളികളാകണമെന്നും മാർ തട്ടിൽ ആഹ്വാനം ചെയ്തു.

### സിബിസിഐ

ന്യൂഡൽഹി: കുവൈറ്റ് തീപിടിത്തദുരന്തത്തിൽ കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) അനുശോചിച്ചു. മരിച്ചവരുടെ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുന്നുവെന്നും പരുക്കേറ്റവർ എത്രയുംവേഗം സുഖം പ്രാപിക്കാൻ പ്രാർത്ഥിക്കുന്നതായും സിബിസിഐ പത്രക്കുറിപ്പിൽ പറഞ്ഞു. ദുരിതത്തിൽപ്പെട്ടവർക്കു സഹായമെത്തിക്കാൻ അധികാരികൾ നടത്തിയ ശ്രമത്തെ അഭിനന്ദിക്കുന്നുവെന്നും കുവൈറ്റ് സർക്കാരിന്റെ സഹായത്തിനും പ്രവർത്തനങ്ങൾക്കും നന്ദി പറയുന്നതായും സിബിസിഐ വ്യക്തമാക്കി.

## കരുവന്നൂർ തട്ടിപ്പ്
## കേരളത്തിലെ ഏറ്റവും വലിയ ബാങ്ക് കൊള്ളയെന്ന് ഇഡി കോടതിയിൽ

കൊച്ചി: കരുവന്നൂർ ബാങ്കിൽ നടന്നത് കേരളത്തിലെ സഹകരണമേഖലയിലെ ഏറ്റവും വലിയ ബാങ്ക് കൊള്ളയാണെന്ന് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് ഹൈക്കോടതിയിൽ. അന്വേഷണത്തിന്റെ ഭാഗമായി പിടിച്ചെടുത്ത രേഖകൾ ക്രൈംബ്രാഞ്ചിന് വിട്ടുനൽകാനാകില്ലെന്നും ഇഡി വ്യക്തമാക്കി. പിടിച്ചെടുത്ത രേഖകൾ വിട്ടുനൽകണമെന്നാവശ്യപ്പെട്ട് ക്രൈംബ്രാഞ്ച് നൽകിയ ഹർജി തള്ളണമെന്നും അസിസ്റ്റന്റ് ഡയറക്ടർ സുരേന്ദ്ര ജി. കാവിത്കർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ പറയുന്നു. 2012 മുതലാണ് ഒട്ടേറെ രാഷ്ട്രീയനേതാക്കളും പോലീസ് ഉദ്യോഗസ്ഥരും ബാങ്കിലെ ജീവനക്കാരും കൈകോർത്ത് കരുവന്നൂർ ബാങ്കിൽ തട്ടിപ്പു നടത്തിയത്. നിയമങ്ങൾ കാറ്റിൽപ്പറത്തിയാണ് വായ്പ അനുവദിച്ചത്. 2012 മുതൽ 2019 വരെ ഒട്ടേറെപ്പേർക്ക് നിയമവിരുദ്ധമായി വായ്പ അനുവദിച്ചു.

ബാങ്കിന്റെ പരിധിക്കുപുറത്ത് താമസിക്കുന്ന ഒൻപതാം പ്രതി പി.പി. കിരൺ അടക്കം 51 പേർക്കാണ് 24.56 കോടി രൂപ നിയമവിരുദ്ധമായ വായ്പയായി അനുവദിച്ചത്. ഈ തുകയിപ്പോൾ പലിശയടക്കം 48 കോടി രൂപയായി.

ക്രൈംബ്രാഞ്ച് 2021 ജൂലായ് 21-ന് അന്വേഷണം തുടങ്ങിയതാണ്. ഇഡി അന്വേഷണം തുടങ്ങിയത് 2022 ഓഗസ്റ്റ് 10-നാണ്. രേഖകൾ പിടിച്ചെടുത്തത് 2022 ഓഗസ്റ്റ് 20-നും. ക്രൈംബ്രാഞ്ച് ശരിയായ അന്വേഷണമാണ് നടത്തിയതെങ്കിൽ നേരത്തേതന്നെ രേഖകൾ പിടിച്ചെടുക്കാൻ കഴിയുമായിരുന്നു. അതിനാൽ പോലീസിന് രേഖകൾ വേണമെന്ന് ആവശ്യപ്പെടാനാകില്ല. പിഎംഎൽഎ കോടതിയുടെ പരിഗണനയിലുള്ള രേഖകൾ വിട്ടുനൽകണമെന്ന ആവശ്യം ക്രൈംബ്രാഞ്ചിന് ഉന്നയിക്കാനാകില്ല. ഈ രേഖകൾ കേസുകളുടെ തുടർനടപടികൾക്ക് ആവശ്യമാണ്. ഒരു അന്വേഷണ ഏജൻസി പിടിച്ചെടുത്ത് കോടതിയിൽ ഹാജരാക്കിയ രേഖകൾ മറ്റൊരു ഏജൻസിക്ക് നൽകാൻ കോടതിക്ക് ഉത്തരവിടാനാകില്ലെന്നും സത്യവാങ്മൂലത്തിൽ പറയുന്നു. ക്രൈംബ്രാഞ്ചിന്റെ ഹർജി ജൂൺ 19-ന് ഹൈക്കോടതിയുടെ പരിഗണനയ്ക്കു വരും.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.




For All Your Real Estate Needs Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056




FULL TIME REALTOR

# മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് ചിക്കാഗോ രൂപതയിൽ വൻവരവേല്പ്



മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ



ബിഷപ് മാർ ജോയി ആലപ്പാട്ട്

ചിക്കാഗോ: സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്പായി സ്ഥാനമേറ്റതിനു ശേഷം ചിക്കാഗോ സീറോമലബാർ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ടിന്റെ പ്രത്യേക ക്ഷണപ്രകാരം ആദ്യമായി ചിക്കാഗോയിലെത്തുന്ന മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിൽ പിതാവിന് ചിക്കാഗോ രൂപതയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അത്മായരും ചേർന്ന് ഊഷ്മളമായ വരവേല്പ് നല്കുന്നു.

ജൂലൈ 6-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ചിക്കാഗോ മാർത്തോമ്മാ ശ്ലീഹാ കത്തീഡ്രലിന്റെ അങ്കണത്തിൽ വെച്ച് മേജർ ആർച്ച്ബിഷപ്പിനെ വാദ്യമേളങ്ങളോടും താലപ്പൊലിയോടും കൂടി സ്വീകരിച്ച് പള്ളിയിലേക്ക് ആനയിക്കുന്നതാണ്. 10.30-ന് അഭിവന്ദ്യ പിതാക്കന്മാരോടും വൈദികരോടും ചേർന്ന് സമൂഹബലി, അനുമോദന സമ്മേളനം തുടർന്ന് എല്ലാവർക്കും സ്നേഹവിരുന്നും ഉണ്ടായിരിക്കും.

അഭിവന്ദ്യ തട്ടിൽ പിതാവിന്റെ സ്വീകരണ പരിപാടികളിലേക്ക് രൂപതയിലെ എല്ലാ സഭാതനയരേയും വൈദികർ, സമർപ്പിതർ, ഇടവക കൈക്കാരന്മാർ, രൂപതാ പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയ എല്ലാവരേയും രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട്, രൂപതാ കൂരിയാ അംഗങ്ങൾ, ആലോചനാ സംഘം എന്നിവരടങ്ങിയ സമിതി സ്നേഹപൂർവം ക്ഷണിക്കുന്നു.

എല്ലാ അംഗങ്ങളും ചടങ്ങുകളിൽ പങ്കെടുക്കേണ്ടതാണെന്ന് രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് അറിയിക്കുന്നു.

# ചിക്കാഗോ ബ്രദേഴ്സ് ക്ലബിന്റെ പുതിയ ഭരണസമിതിക്ക് ഉജ്ജ്വല തുടക്കം

ചിക്കാഗോ: വെസ്റ്റ് സബെർബ് കേന്ദ്രമാക്കി പ്രവർത്തിച്ചുവരുന്ന ചിക്കാഗോ ബ്രദേഴ്സ് ക്ലബിന്റെ 2024-26 വർഷത്തേക്കുള്ള പുതിയ ഭരണസമിതിയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്ക് ഉജ്ജ്വല തുടക്കം കുറിച്ചു. ക്ലബ് ഹാളിൽ പ്രസിഡണ്ട് സന്തോഷ് നായരുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടനയോഗം ആദ്യ പ്രസിഡണ്ട് ജോസ് സൈമൺ മുണ്ടപ്ലാക്കിൽ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. പൊതുപ്രവർത്തനരംഗത്ത് ദീർഘനാളുകളായി ചിട്ടയായ മാതൃകാപ്രവർത്തനം നടത്തിവരുന്നവരാണ് പുതിയ ഭാരവാഹികളെന്നും അതുകൊണ്ടുതന്നെ ബ്രദേഴ്സ് ക്ലബിന്റെ ഭാവി ശോഭനമാണെന്നും ഉദ്ഘാടനം ചെയ്തുകൊണ്ട് ജോസ് സൈമൺ മുണ്ടപ്ലാക്കിൽ പറഞ്ഞു. ചിക്കാഗോയിലെ മലയാളി സമൂഹം ശ്രദ്ധിക്കപ്പെട്ട കൂട്ടായ്മയായി ബ്രദേഴ്സ് ക്ലബ് മാറിക്കഴിഞ്ഞുവെന്നും മുന്നോട്ട് വ്യത്യസ്തമായ പരിപാടികൾ അവതരിപ്പിച്ചുകൊണ്ട് ബ്രദേഴ്സ് ക്ലബിൽ കൂടുതൽ മലയാളി സാന്നിദ്ധ്യം ഉറപ്പുവരുത്തുമെന്നും പ്രസിഡണ്ട് സന്തോഷ് നായർ കൂട്ടിച്ചേർത്തു. അടുത്ത രണ്ടു വർഷത്തേക്കുള്ള കർമ്മപരിപാടികൾ ജനറൽ സെക്രട്ടറി ജോജി കരിപ്പാപ്പറമ്പിൽ അവതരിപ്പിച്ചു.

സന്തോഷ് നായർ



ഉദ്ഘാടനസമ്മേളനത്തിൽ വൈസ് പ്രസിഡണ്ട് സണ്ണി സൈമൺ മുണ്ടപ്ലാക്കിൽ സ്വാഗതവും ജന. സെക്രട്ടറി ജോജി കരിപ്പാപ്പറമ്പിൽ നന്ദിയും പറഞ്ഞു. അലക്സ് പടിഞ്ഞാറയിൽ, ജിതേഷ് ചുങ്കത്ത്, സഞ്ജു പുളിക്കത്തൊട്ടിയിൽ, ജെയിൻ മാക്കിൽ, സതീശൻ നായർ, ഷിജു ചെറിയത്തിൽ, തമ്പി വിരുത്തികുളങ്ങര, കുഞ്ഞുമോൻ കുളങ്ങര, ജോസഫ് പതിയിൽ, ഡോ. ജോസഫ് ഏബ്രഹാം തുടങ്ങിയവർ ആശംസകൾ അറിയിച്ചുകൊണ്ട് പ്രസംഗിച്ചു. പരിപാടികൾക്ക് കമ്മിറ്റി മെംബേഴ്സ് ആയ ടോമി അംബേനാട്ട്, രാജു ഇടിയാലിൽ. സിബി മനയത്ത്, രാജൻ കുര്യൻ, ഷിബു മുളയാനിക്കുന്നേൽ, എ.സി. തോമസ് തുടങ്ങിയവർ നേതൃത്വം നല്കി. തുടർന്ന് കീർത്തന സ്മിതയുടെ നേതൃത്വത്തിൽ ബെന്നി പാറക്കലും ജോസ് മാത്യുവും ചേർന്നു നടത്തിയ മ്യൂസിക്കൽ നൈറ്റും നടന്നു.

# സിൽവർ ജൂബിലി നിറവിൽ ഫിലാഡൽഫിയ മിഷൻ

ഫിലാഡൽഫിയ: സെന്റ് ജോൺ ന്യൂമാൻ ക്നാനായ മിഷൻ ഫിലാഡൽഫിയായിലെ സിൽവർ ജൂബിലിയോടനുബന്ധിച്ച് 2024 ജൂൺ എട്ടാം തീയതി സിസിഡി ഫെസ്റ്റും കൂടാരയോഗ വാർഷികവും സംഘടിപ്പിച്ചു.



സിസിഡി വൈസ് പ്രിൻസിപ്പൽ മഞ്ജു നെടുമാക്കലിന്റെ സ്വാഗതപ്രസംഗത്തോടെ ആരംഭിച്ച മീറ്റിംഗ് വികാരി ഫാ. ലിജോ കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. നാളിതുവരെയുള്ള മിഷന്റെ ചരിത്രവിവരണം പാസ്റ്ററൽ കൗൺസിൽ മെംബർ തോമസ് നെടുമാക്കൽ നല്കി. മുൻകാല കൈക്കാരന്മാർ, കണക്കന്മാർ, സിസിഡി പ്രിൻസിപ്പൽമാർ, ദേവാലയ ശുശ്രൂഷികൾ, 75 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കൾ, ഉന്നത വിദ്യാഭ്യാസം കരസ്ഥമാക്കിയവർ എന്നിവരെ സദസ്സിൽ ആദരിച്ചു.

സിസിഡി കുട്ടികളുടെയും കൂടാരയോഗങ്ങളുടെയും നേതൃത്വത്തിൽ സംഘടിപ്പിച്ച കലാസന്ധ്യ ഏവർക്കും നവ്യാനുഭൂതി പ്രദാനം ചെയ്തു.

ജൂബിലി കമ്മിറ്റി അംഗങ്ങൾ, പാരിഷ് കൗൺസിൽ അംഗങ്ങൾ, കൂടാരയോഗ പ്രസിഡണ്ടുമാരായ ജിജി ചാമക്കാലയിൽ, ജോസഫ് ഇല്ലിക്കൽ, സിറിയക് കിഴക്കേപറമ്പിൽ, ടോം മങ്ങാട്ടുതുണ്ടത്തിൽ, സിസിഡി പ്രിൻസിപ്പൽ സോണി കൊടിഞ്ഞിയിൽ, കൈക്കാരന്മാരായ ജോമോൻ നെടുമാക്കൽ, ജേക്കബ് വക്കുകാട്ടിൽ, ലൈജു വാലയിൽ വടക്കേതിൽ എന്നിവർ ജൂബിലി ആഘോഷങ്ങൾക്ക് നേതൃത്വം നല്കി.

# മേജർ ആർച്ച്ബിഷപ്പിന്റെ പേരിൽ വ്യാജ സർക്കുലർ

കൊച്ചി: എറണാകുളം-അങ്കമാലി അതിരൂപതയുടെ ലെറ്റർഹെഡിൽ മേജർ ആർച്ച്ബിഷപ്പിന്റെ ഒപ്പോടുകൂടി സമൂഹമാധ്യമങ്ങളിൽ പ്രചരിക്കുന്ന സർക്കുലർ (5/2024, 15 ജൂൺ 2024) വ്യാജമെന്ന് സീറോമലബാർ സഭ. ജൂലൈ മൂന്നു മുതൽ അതിരൂപതയിൽ വിശുദ്ധ കുർബാന അർപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള നിർദ്ദേശങ്ങളാണ് സർക്കുലറിന്റെ ഉള്ളടക്കം. ഇത്തരമൊരു സർക്കുലർ മേജർ ആർച്ച്ബിഷപ് നല്കിയിട്ടില്ല.

സീറോമലബാർ സഭയുടെ മേജർ ആർച്ച്ബിഷപ് മാർ റാഫേൽ തട്ടിലും എറണാകുളം-അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂരും അതിരൂപതയ്ക്കു വേണ്ടി സംയുക്തമായി ഒരു സർക്കുലർ (4/2024, 9ജൂൺ 2024) നല്കിയിരുന്നു. ജൂലൈ മൂന്നു മുതൽ എറണാകുളം-അങ്കമാലി അതിരൂപതയിലും ഏകീകൃത വിശുദ്ധ കുർബാന അർപ്പണരീതി നടപ്പിലാക്കാൻ ആവശ്യപ്പെട്ടുള്ള അന്തിമതീരുമാനം അറിയിച്ചാണ് ആ സർക്കുലർ നല്കിയത്. ഇക്കാര്യത്തിൽ ആശയക്കുഴപ്പങ്ങൾ ഉണ്ടാക്കുന്നതിനായി നിക്ഷിപ്ത താല്പര്യക്കാർ ഉണ്ടാക്കിയതാണ് 5/2024, 15 ജൂൺ 2024 എന്ന് രേഖപ്പെടുത്തിയിട്ടുള്ള വ്യാജസർക്കുലർ എന്നു വ്യക്തമാണ്.

2024 ജൂൺ ഒമ്പതിനു നല്കപ്പെട്ടത് ഔദ്യോഗിക സർക്കുലർ (4/2024) ആണ്. പതിനഞ്ചാം തീയതിയെന്നു മുൻകൂട്ടി തീയതിവെച്ച് പ്രചരിപ്പിക്കപ്പെടുന്നത് വ്യാജ സർക്കുലർ (5/2024) ആണ്. ഇക്കാര്യത്തിൽ വിശ്വാസിസമൂഹം ജാഗ്രത പുലർത്തണം. ഈ വ്യാജസർക്കുലർ നിർമ്മിച്ചവർക്കെതിരെ നിയമനടപടി ആവശ്യപ്പെട്ട് പോലീസിൽ പരാതി നല്കിയതായും സഭാ പിആർഒ പത്രക്കുറിപ്പിൽ അറിയിച്ചു.

# കെ.സി.സി.എൻ.എ കൺവൻഷന്റെ പ്രൊസഷൻ കമ്മിറ്റി പോൾസൺ കുളങ്ങര നയിക്കും

ബൈജു ആലപ്പാട്ട്

സാൻ അന്റോണിയോ: ജൂലൈ 4 മുതൽ 7 വരെ സാൻ അന്റോണിയോയിൽ നടക്കുന്ന 15-ാമത് കെസിസിഎൻഎ കൺവൻഷന്റെ പ്രൊസഷൻ (ഘോഷയാത്ര) കമ്മിറ്റി ചെയർപേഴ്സണായി പോൾസൺ കുളങ്ങരയെ കെസിസിഎൻഎ എക്സിക്യൂട്ടീവ് പ്രഖ്യാപിച്ചു. ഡൊമിനിക് ചാക്കോനാൽ (അറ്റ്ലാന്റ), ബെറ്റി പതിയിൽ (ഹൂസ്റ്റൺ), റോണി വാണിയപ്പുരയ്ക്കൽ (സാൻ അന്റോണിയോ) എന്നിവരാണ് കോ-ചെയർസ്. കെസിസിഎൻഎ പ്രസിഡണ്ട് ആൽബിൻ പുലിക്കുന്നേൽ എക്സിക്യൂട്ടീവ് ലയസോണായി പ്രവർത്തിക്കും.







പോൾസൺ കുളങ്ങര കെസിഎസ് ചിക്കാഗോ യൂണിറ്റിലെ ദീർഘകാല അംഗമാണ്. കൂടാതെ ന്യൂജേഴ്സിയിൽ നടന്ന കെസിസിഎൻഎ കൺവൻഷന്റെ ബോർഡ് ചെയർമാനായും കലാ-സാഹിത്യ സമിതി അദ്ധ്യക്ഷനായും കൾച്ചറൽ കമ്മിറ്റി കോ-ചെയർ ആയും വിവിധ തലങ്ങളിൽ ചിക്കാഗോ ക്നാനായ സമൂഹത്തെ സേവിച്ചിട്ടുണ്ട്. ഫോമയുടെ കൾച്ചറൽ അഫയേഴ്സ് കമ്മിറ്റിയുടെ ഇപ്പോഴത്തെ കോ-ചെയർ കൂടിയാണ് അദ്ദേഹം. പോൾസൺ ഒരു മികച്ച സംഘാടകൻ കൂടിയാണ്.

ഡൊമിനിക് ചാക്കോനാൽ അറ്റ്ലാന്റ യൂണിറ്റിന്റെ (കെസിഎജി) നിലവിലെ പ്രസിഡണ്ടാണ്. കൂടാതെ അറ്റ്ലാന്റ ക്നാനായ സമൂഹത്തിൽ വിവിധ തലങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മികച്ച ഇവന്റ് ഓർഗനൈസറായ അദ്ദേഹം 2018-ൽ അറ്റ്ലാന്റയിൽ നടന്ന കെസിസിഎൻഎ കൺവൻഷനിൽ വളരെ സജീവമായ പങ്കുവഹിച്ചു. മലയാളി അസോസിയേഷൻ ഓഫ് ഗ്രേറ്റർ അറ്റ്ലാന്റയുടെ പ്രസിഡണ്ടായും സേവനമനുഷ്ഠിച്ചിട്ടുള്ള അദ്ദേഹം ഈ കമ്മിറ്റിയിൽ കാര്യമായ പങ്കുവഹിക്കും.

ഹൂസ്റ്റണിൽ നിന്നുള്ള ബെറ്റി പതിയിൽ വളരെയേറെ കഴിവുള്ള ഒരു കലാകാരിയാണ്. കഴിഞ്ഞ 30 വർഷമായി ഹൂസ്റ്റൺ ക്നാനായ സമൂഹത്തിന്റെ അവിഭാജ്യ ഘടകമാണ്. ഹൂസ്റ്റൺ കമ്മ്യൂണിറ്റിയിലെ വിവിധ സാംസ്കാരിക പരിപാടികളിൽ അവർ സജീവമായി പങ്കെടുത്തിട്ടുണ്ട്. ഈ വർഷത്തെ കൺവൻഷൻ ഘോഷയാത്ര സംഘടിപ്പിക്കുന്നതിൽ ബെറ്റിയുടെ കലാ-സാംസ്കാരിക പശ്ചാത്തലം വലിയ മുതൽക്കൂട്ടായിരിക്കും.

റോണി വാണിയപ്പുരയ്ക്കൽ ഒരു ബഹുമുഖ പ്രതിഭയാണ്. കൂടാതെ ആതിഥേയരായ സാൻ അന്റോണിയോ ക്നാനായ യൂണിറ്റിന്റെ മുൻ പ്രസിഡണ്ടുമാണ്. സാൻ അന്റോണിയോ കമ്യൂണിറ്റിയിലെ സജീവ അംഗമായ റോണിയുടെ മികച്ച സംഘാടനപാടവം കൺവൻഷന്റെ ഘോഷയാത്രയുടെ ആസൂത്രണത്തിനും നടത്തിപ്പിനും വലിയ മുതൽക്കൂട്ടായിരിക്കും.

യൂണിറ്റ് തിരിച്ചുള്ള ഘോഷയാത്ര/റാലി ജൂലൈ 5-ന് വെള്ളിയാഴ്ച രാവിലെ 9 മണിക്ക് ആരംഭിക്കും. കെസിസിഎൻഎ ദേശീയ കൺവൻഷനെ വർണ്ണവിസ്മയം കൊണ്ട് അലങ്കരിക്കുന്ന ഘോഷയാത്രയായിരിക്കും ഇത്തവണ നടത്തുക. ക്നാനായ കൂട്ടായ്മയുടെ പാരമ്പര്യവും പൈതൃകവും ഒപ്പം ജന്മനാടിന്റെ എല്ലാ ആവേശവും നെഞ്ചിലേറ്റിയാകും ഘോഷയാത്ര അണിനിരക്കുകയെന്ന് കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റി അറിയിച്ചു.

# സ്പോർട്സ് ആൻഡ് ഗെയിംസ് കമ്മിറ്റിയെ ലെനിൻ മാത്യൂസ് ഇല്ലിക്കാട്ടിൽ നയിക്കും

ബൈജു ആലപ്പാട്ട്

സാൻ അന്റോണിയോ: ജൂലൈ 4 മുതൽ 7 വരെ സാൻ അന്റോണിയോയിൽ നടക്കുന്ന 15-ാമത് കെസിസിഎൻഎ കൺവൻഷന്റെ സ്പോർട്സ് ആൻഡ് ഗെയിംസ് കമ്മിറ്റി ചെയർപേഴ്സണായി ഹൂസ്റ്റണിൽ നിന്നുള്ള ലെനിൻ മാത്യൂസ് ഇല്ലിക്കാട്ടിലിനെ നിയമിച്ചതായി കെസിസിഎൻഎ എക്സിക്യൂട്ടീവ് പ്രഖ്യാപിച്ചു.

ലെനിൻ ഒരു മികച്ച ഇവന്റ് ഓർഗനൈസറാണ്. കൂടാതെ ഒരു ഹൈസ്കൂൾ ഫുട്ബോൾ കളിക്കാരനായ അദ്ദേഹം ഒരു മികച്ച കായിക ആരാധകനുമാണ്. സാൻ അന്റോണിയോ കൺവൻഷൻ സെന്ററിൽ മികച്ച നിലവാരത്തിൽ സ്പോർട്സ് നടത്താൻ അദ്ദേഹത്തിന്റെ നേതൃത്വത്തിലുള്ള കമ്മിറ്റി സർവ്വസജ്ജമാണ്.








ഷെല്ലി പുത്തൻപുരയിൽ (ടൊറന്റോ), സേവി ചിറയിൽ (ഡാളസ്), ജെഫിൻ ജോയ് തേനകരകളപ്പുരയിൽ (ചിക്കാഗോ), ജെസ്വിൻ സാബു ഇലവുങ്കൽ (ചിക്കാഗോ), ജോബിൻ മരങ്ങാട്ടിൽ (സാക്രമെന്റോ) എന്നിവർ കൺവൻഷൻ സ്പോർട്സ് കമ്മിറ്റിയുടെ കോ-ചെയർപേഴ്സൺമാരായി പ്രവർത്തിക്കും.

വർഷങ്ങളായി നോർത്തമേരിക്കൻ വടംവലി ടൂർണ്ണമെന്റുകളിൽ പങ്കെടുത്തിട്ടുള്ള ഷെല്ലി ജോയ് പുത്തൻപുരയിൽ ടൊറന്റോ വടംവലി ചാമ്പ്യൻസ് ടീമിന്റെ മുഖ്യപരിശീലകനാണ്. കെസിഎസി-കാനഡ യൂണിറ്റിലെ വളരെ സജീവമായ ഒരംഗം കൂടിയാണ് അദ്ദേഹം. വടംവലിയോടുള്ള അദ്ദേഹത്തിന്റെ അപാരമായ അഭിനിവേശം കായികരംഗത്തോടുള്ള അദ്ദേഹത്തിന്റെ വലിയ സ്നേഹത്തിന്റെ തെളിവാണ്.

ഡാളസിൽ നിന്നുള്ള ദീർഘകാല വോളിബോൾ കളിക്കാരനാണ് സേവി ചിറയിൽ. കൂടാതെ ഡാളസ് യൂണിറ്റിന്റെ അവിഭാജ്യ ഘടകമാണ്. മിസ്റ്റർ സേവി ചാക്കോ വടക്കെ അമേരിക്കയിലെ നിരവധി നാഷണൽ, ഇന്റർനാഷണൽ ടൂർണമെന്റുകളുടെ സ്പോർട്സ് കമ്മിറ്റികളിൽ ആഴത്തിൽ ഇടപെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വിപുലമായ അനുഭവം സാൻ അന്റോണിയോ സ്പോർട്സിനും ഗെയിമുകൾക്കും ഒരു വലിയ മുതൽക്കൂട്ടായിരിക്കും.

ചിക്കാഗോയിൽ നിന്നുള്ള ഊർജസ്വലനായ ഒരു ചെറുപ്പക്കാരനാണ് ജെഫിൻ തേനകരകളപ്പുരയിൽ. വർഷങ്ങളായി ചിക്കാഗോ കെസിഎസിലെ കായികപ്രവർത്തനങ്ങളുടെ ഏകോപനത്തിൽ സജീവമായി ഏർപ്പെട്ടിട്ടുണ്ട്.

ജെസ്വിൻ ഇലവുങ്കൽ ചിക്കാഗോയിൽ നിന്നുള്ള ഒരു ചെറുപ്പക്കാരനും ഊർജസ്വലനുമായ ഒരു മികച്ച ബാസ്കറ്റ്ബോൾ കളിക്കാരനാണ്. സാൻ അന്റോണിയോ കൺവൻഷനിൽ യൂത്ത് സ്പോർട്സ് സംഘടിപ്പിക്കുന്നതിൽ ജെസ്വിന് വലിയ പങ്ക് വഹിക്കുവാൻ സാധിക്കും. പ്രത്യേകിച്ച് ബാസ്കറ്റ്ബോൾ.

കെസിസിഎൻഎ യൂത്ത് വൈസ് പ്രസിഡണ്ട് ഫിനു തൂമ്പനാൽ ഈ സ്പോർട്സ് ആൻഡ് ഗെയിംസ് കമ്മിറ്റിയുടെ എക്സിക്യൂട്ടീവ് ലെയസൻ ആയി പ്രവർത്തിക്കും. ഫിനു തന്നെ ദീർഘകാലമായി വോളിബോൾ കളിക്കാരനാണ്.

സ്പോർട്സ് കമ്മിറ്റി സ്പോർട്സ് മേഖലയിലെ പരിണതപ്രജ്ഞരായ ഒരു മികച്ച ടീമിന്റെ കൈകളിൽ ഭദ്രമാണെന്നും കൺവൻഷൻ സ്പോർട്സ്, ഗെയിമുകൾ ഈ കമ്മിറ്റി മികച്ച രീതിയിൽ സംഘടിപ്പിക്കുമെന്നും കെസിസിഎൻഎ എക്സിക്യൂട്ടീവ് കമ്മിറ്റി ആത്മവിശ്വാസം പ്രകടിപ്പിച്ചു.

# ജോസഫ് കാഞ്ഞിരംകുഴി ബ്രിഗേഡിയർ അവാർഡ് കരസ്ഥമാക്കി

ജോയി കുറ്റ്യാനി

മയാമി: മയാമിയിലെ പ്രശസ്തമായ ബെലെൻ ജെസ്യൂട്ട് ഹൈസ്കൂളിൽ നിന്ന് 2013-2024ലെ ബ്രിഗേഡിയർ അവാർഡ് ജോസഫ് കാഞ്ഞിരംകുഴി കരസ്ഥമാക്കി. പഠനത്തി ലും പാഠ്യേതര വിഷയങ്ങളിലും നേതൃത്വത്തിലും സാമൂഹിക സേവനത്തിലും മികവ് പുലർത്തുകയും മറ്റ് വിദ്യാർത്ഥികൾക്ക് മാതൃകയാവുകയും ചെയ്താണ് ഈ നേട്ടം കൈവരിച്ചത്.



ഈ സ്കൂളിലെ മികച്ച ഔട്ട്ഗോയിംഗ് വിദ്യാർത്ഥിക്ക് നൽകുന്ന ഏറ്റവും ഉയർന്ന അംഗീകാരമാണ് ബ്രിഗേഡിയർ അവാർഡ്. ബ്രിഗേഡിയർ അവാർഡ് ലഭിക്കുന്ന വിദ്യാർത്ഥിയെ തെരഞ്ഞെടുക്കുന്നത് വിദ്യാർത്ഥികളും അധ്യാപകരും സ്കൂൾ മാനേജ്മെന്റും ചേർന്നാണ്. ഈ സ്കൂളിന്റെ 170 വർഷത്തെ ചരിത്രത്തിൽ ആദ്യമായാണ് ഒരു ഇന്ത്യൻ വിദ്യാർത്ഥിക്ക് ഈ പുരസ്കാരം ലഭിക്കുന്നത്. ഹൈസ്കൂൾ ബിരുദദാന ചടങ്ങിനോടനുബന്ധിച്ചാണ് ഈ പുരസ്കാരം നൽകപ്പെടുന്നത്.

ബെലെൻ ജെസ്യൂട്ടിലെ സീനിയറായ ജോസഫ്, തന്റെ ഹൈസ്കൂൾ ജീവിതത്തിലുടനീളം മാതൃകാപരമായ വിദ്യാർത്ഥിയായും ലീഡറായും വേറിട്ടു നിന്നിരുന്നു. അദ്ദേഹത്തിന്റെ മികച്ച ജി.പി.എ, അനവധി ബഹുമതികൾ, അവാർഡുകൾ, അഡ്വാൻസ്ഡ് പ്ലേസ്മെന്റ് വിവിധ കോഴ്സുകളിലെ പങ്കാളിത്തം, അക്കാദമിക് മികവിനോടുള്ള അദ്ദേഹത്തിന്റെ സമർപ്പണവുമാണ് മാനദണ്ഡം. മാത്രവുമല്ല ക്ലാസ്സ് മുറിക്കപ്പുറം, നാഷണൽ ഹോണേഴ്സ് സൊസൈറ്റി പ്രസിഡന്റായും ഡിബേറ്റ് ടീമിന്റെ ക്യാപ്റ്റനായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

സാമൂഹ്യസേവനത്തോടുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും വളരെ പ്രശംസനീയമാണ്. ജോസഫ് നിരവധി കമ്മ്യൂണിറ്റി സേവനപദ്ധതികളിൽ സജീവമായി ഏർപ്പെട്ടിട്ടുണ്ട്. മയാമിയിലെ അധഃസ്ഥിത കമ്മ്യൂണിറ്റികളെ പിന്തുണയ്ക്കുന്ന സംരംഭങ്ങൾക്കായി എണ്ണമറ്റ മണിക്കൂറുകൾ നീക്കിവച്ചു. ഫുഡ് ബാങ്കുകൾ, മെന്റർഷിപ്പ് പ്രോഗ്രാമുകൾ, പരിസ്ഥിതി ശുചീകരണ പ്രോഗ്രാമുകൾ അവയിൽ ചിലതാണ്. മറ്റുള്ളവർക്കുവേണ്ടി മനുഷ്യനായി തീരുക എന്ന ജെസ്യൂട്ട് മൂല്യങ്ങൾ ഉൾക്കൊള്ളുന്നതും ഉയർത്തിപ്പിടിക്കുന്നതുമായിരുന്നു ജോസഫിന്റെ പ്രവർത്തനങ്ങളെന്ന് സ്കൂൾ പ്രസിഡന്റ് റവ. ഫാ. ഗില്ലേർമോ എം. ഗാർസിയ ട്യൂണിയൻ എസ്.ജെ. പ്രശംസിച്ചു.

ബ്രിഗേഡിയർ അവാർഡ് തനിക്ക് ലഭിക്കുന്നത് അവിശ്വസനീയമായ ബഹുമതിയാണെന്ന് ജോസഫ് പറഞ്ഞു. അക്കാദമികമായി വളരുവാനും തന്റെ സമൂഹത്തെ സേവിക്കുവാനുമുള്ള എണ്ണമറ്റ അവസരങ്ങൾ ബെലെൻ സ്കൂൾ തനിക്ക് നൽകിയിട്ടുണ്ട്. അതിന് തന്റെ അധ്യാപകരോടും സ്കൂളിനോടും താൻ അങ്ങേയറ്റം നന്ദിയുള്ളവനാണെന്ന് ജോസഫ് പറഞ്ഞു.

സ്കൂൾ ബിരുദദാനച്ചടങ്ങിലെ അവസാന ഇനമായ ബ്രിഗേഡിയർ പ്രസംഗത്തിൽ അദ്ദേഹം ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചും ഗാന്ധിജിയെക്കുറിച്ചും സൂചിപ്പിച്ചത് ഏവരിലും മതിപ്പും ജിജ്ഞാസയും ഉളവാക്കി. മികച്ച സ്കോളർഷിപ്പിന് അർഹനായ ജോസഫ്, പ്രശസ്തമായ ജോർജ്ജ്ടൗൺ യൂണിവേഴ്സിറ്റിയിൽ ചേർന്ന് തുടർന്നു പഠിക്കുവാനാണ് ആഗ്രഹിക്കുന്നത്.

മാനന്തവാടിയിൽ നിന്ന് ഫ്ളോറിഡായിലെ മയാമിയിൽ സ്ഥിരതാമസമാക്കിയ ബേബി വർക്കി സി.പി.എ.യുടെയും മഞ്ജുവിന്റെയും മകനാണ് ജോസഫ്. ഏക സഹോദരി ടെസ്സ ഡ്യൂക്ക് സർവ്വകലാശാലയിൽ ബിരുദ വിദ്യാർത്ഥിനിയാണ്.


നല്ലയിനം ജുജുബി, പേഴ്സിമോൺ
ഫല വൃക്ഷത്തൈകൾ വിൽപ്പനയ്ക്ക്
വിൻസന്റ് ഇമ്മാനുവൽ
215 880 3341

KERALA EXPRESS പ്രവാസി താളുകൾ

# ഗ്ലെൻവ്യൂ മലയാളീസ് ഓഫ് ഇന്ത്യ കമ്മ്യൂണിറ്റി സർവീസ് അപ്രിസിയേഷൻ ദിനം ആഘോഷിച്ചു



ഗ്ലെൻവ്യൂ: കമ്മ്യൂണിറ്റി സർവീസ് അപ്രിസിയേഷൻ ദിനത്തിന്റെ ഭാഗമായി ഗ്ലെൻവ്യൂ മലയാളീസ് ഓഫ് ഇന്ത്യ ഭാരവാഹികൾ കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ, ജിതേഷ് ചുങ്കത്ത് എന്നിവരുടെ നേതൃത്വത്തിൽ ഗ്ലെൻവ്യൂ പോലീസ് സ്റ്റേഷനിലെ ഓഫീസേഴ്സുമായി സൗഹൃദം പങ്കുവെക്കുകയും അവരോടുള്ള നന്ദിസൂചകമായി ഭക്ഷണം നല്കുകയും ചെയ്തു.

പ്രസിഡണ്ട് കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ ഗ്രൂപ്പ് മെംബേഴ്സിനെ പരിചയപ്പെടുത്തുകയും പോലീസ് ഓഫീസേഴ്സ് കമ്യൂണിറ്റിക്കു ചെയ്യുന്ന സ്തുത്യർഹമായ സേവനത്തെ പ്രശംസിച്ച് ഒരു മൊമെന്റോ പോലീസ് കമ്മീഷണർ ചീഫ് ജാനോവിയാക്കിന് സമർപ്പിക്കുകയും ചെയ്തു. ഷാനി ഏബ്രഹാം, ജോൺസൺ മാളിയേക്കൽ, ചാക്കോച്ചൻ കടവിൽ, മാണിച്ചൻ മൂലേക്കുടിയിൽ, ജോണി വടക്കുംചേരി എന്നിവർ പങ്കെടുത്തു.





# കോൺസൽ വിജയകൃഷ്ണന് യാത്രയയപ്പ് നല്കി







ന്യൂയോർക്ക്: ഇന്ത്യൻ കോൺസുലേറ്റിൽ നിന്ന് വിരമിക്കുന്ന കോൺസൽ (കമ്യൂണിറ്റി അഫയേഴ്സ്) എ. കെ. വിജയകൃഷ്ണന് ന്യൂയോർക്ക് കോൺസുലേറ്റിൽ ഔദ്യോഗികമായി യാത്രയയപ്പ് നല്കി. ഫോമാ നേതാവ് തോമസ് ടി. ഉമ്മനടക്കം ഒട്ടേറെ കമ്യൂണിറ്റി നേതാക്കൾ പങ്കെടുത്ത യോഗത്തിൽ കോൺസൽ ജനറൽ അംബാസഡർ ബിനയ ശ്രീകാന്ത് പ്രധാൻ ചടങ്ങുകൾക്ക് നേതൃത്വം നല്കി.

കോൺസുലേറ്റുമായി ദീർഘകാലമായുള്ള തന്റെ ബന്ധം അനുസ്മരിച്ച തോമസ് ടി. ഉമ്മൻ കോൺസുലേറ്റ് സേവനങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിൽ വിജയകൃഷ്ണൻ വലിയ പങ്കു വഹിച്ചതായി ചൂണ്ടിക്കാട്ടി. കോവിഡ് മഹാമാരിക്കാലത്ത് കോൺസുലേറ്റിൽ സഹായം തേടിയെത്തിയവർക്ക് അദ്ദേഹം ആശ്വാസമായിരുന്നുവെന്നും ഇന്ത്യൻ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ നേരിട്ട് അറിയുവാനും ഇവയ്ക്ക് പരിഹാരം കണ്ടെത്താനും കോൺസൽ വിജയകൃഷ്ണൻ നടത്തിയ ശ്രമങ്ങൾ സമൂഹം നന്ദിപൂർവം ഓർക്കുമെന്നും അദ്ദേഹം പറഞ്ഞു. തുടർന്ന് തോമസ് ടി. ഉമ്മനും ഡെപ്യൂട്ടി കോൺസൽ ജനറൽ ഡോ. വരുൺ ജെഫും ചേർന്ന് വിജയകൃഷ്ണനെ പൊന്നാട അണിയിച്ചു. തോമസ് മൊട്ടയ്ക്കൽ (വേൾഡ് മലയാളി കൗൺസിൽ), നേഴ്സസ് അസോസിയേഷന്റെ താര ഷാജൻ, ഇന്ത്യൻ പനോരമ എഡിറ്റർ പ്രഫ. ഇന്ദ്രജിത് സലൂജ, ഗുരു ദിലീപ് തുടങ്ങിയവർ കോൺസൽ വിജയകൃഷ്ണന്റെ സേവനത്തിൽ നന്ദി രേഖപ്പെടുത്തുകയും ആശംസകൾ നേരുകയും ചെയ്തു. കോൺസൽ വിജയകൃഷ്ണൻ തന്റെ മറുപടി പ്രസംഗത്തിൽ ന്യൂയോർക്ക് കോൺസുലേറ്റിന്റെ സേവനം ഇന്ത്യൻ സമൂഹത്തിലേക്ക് എത്തിക്കുവാൻ നടത്തിയ ശ്രമങ്ങൾ വിശദീകരിച്ചു. ഇന്ത്യൻ സമൂഹം നല്കിയ നിർലോഭമായ സഹകരണത്തിന് അദ്ദേഹം നന്ദിയറിയിച്ചു. എഫ്ഐഎ, എഐഎ തുടങ്ങി വിവിധ സംഘടനകളിൽ നിന്നും പ്രതിനിധികൾ ആശംസകൾ നേർന്നു സംസാരിച്ചു.

### കുവൈറ്റിൽ തീപിടിത്തം

# മരിച്ച 24 മലയാളി കുടുംബങ്ങൾക്ക് ഫൊക്കാന രണ്ടുലക്ഷം വീതം സഹായം നൽകും: ഡോ. ബാബു സ്റ്റീഫൻ

തിരുവനന്തപുരം: കുവൈറ്റിലെ മാൻഗഫ് തീപിടിത്ത ദുരന്തത്തിൽ മരിച്ച 24 മലയാളികളുടേയും കുടുംബത്തിന് രണ്ടുലക്ഷം രൂപ വീതം ധനസഹായം



നൽകുമെന്ന് ഫൊക്കാന പ്രസിഡന്റ് ഡോ. ബാബു സ്റ്റീഫൻ അറിയിച്ചു. ലോക കേരള സഭയുടെ നാലാം സമ്മേളനത്തിന്റെ ഔദ്യോഗിക ഉദ്ഘാടന വേദിയിലാണ് ഡോ. ബാബു സ്റ്റീഫൻ ഫൊക്കാനയുടെ സഹായം പ്രഖ്യാപിച്ചത്. തീപിടിത്ത ദുരന്തത്തിൽ ജീവൻ പൊലിഞ്ഞവരുടെ കുടുംബത്തിന്റെ ദുഃഖം നികത്താവുന്നതിനും അപ്പുറമാണ്. കേരളത്തിനു പുറത്ത് ജോലിതേടി പോകുന്ന ഓരോ പ്രവാസിയും ഇത്തരം നിരവധി പ്രതിസന്ധികളിലൂടെയാണ് കടന്നു പോകുന്നത്.




ഈ ദുരന്തം കേരള ജനതയ്ക്ക് താങ്ങാനാവുന്നതല്ല. ദുരന്തത്തിൽ മരിച്ച പ്രിയപ്പെട്ടവരുടെ മൃതദേഹങ്ങൾ കേരളം ഏറ്റുവാങ്ങുമ്പോൾ നമുക്ക് അവരുടെ കുടുംബങ്ങൾക്ക് താങ്ങും തണലുമായി ഒപ്പം നിൽക്കാം. ഫൊക്കാനയും ആ കുടുംബങ്ങളുടെ ദുഃഖത്തിൽ പങ്കു ചേരുന്നതായി ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു.

ജൂൺ 14-ന് രാവിലെ വ്യോമസേന വിമാനത്തിൽ കൊച്ചിയിലെത്തിച്ച മലയാളികളുടെ മൃതദേഹങ്ങൾ കേരളത്തിന് വേണ്ടി സ്വീകരിച്ച് ആദരാഞ്ജലി അർപ്പിച്ചശേഷം ലോക കേരള സഭാ വേദിയിലെത്തിയ മുഖ്യമന്ത്രി പിണറായി വിജയനടക്കമുള്ള സാമൂഹ്യ സാംസ്കാരിക നേതാക്കളുടെ സാന്നിദ്ധ്യത്തിലാണ് ഫൊക്കാനയുടെ സഹായം ഡോ. ബാബു സ്റ്റീഫൻ പ്രഖ്യാപിച്ചത്.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി, ട്രഷറർ ബിജു ജോൺ കൊട്ടാരക്കര, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ, സണ്ണി മറ്റമന, ഫിലിപ്പോസ് ഫിലിപ്പ്, ജെയ്ബു കുളങ്ങര, സോണി അമ്പൂക്കൻ, വനിതാ ഫോറം ചെയർ പേഴ്സൺ ഡോ. ബ്രിജിറ്റ് ജോർജ്, ചാരിറ്റി കോ-ഓർഡിനേറ്റർ ജോയി ഇട്ടൻ, വിജോയ് പാട്ടമ്പടി, മുൻ ഫൊക്കാന പ്രസിഡന്റ് മന്മഥൻ നായർ, ടെറൻസൺ തോമസ്, ഫിലിപ്പോസ് ഫിലിപ്പ് തുടങ്ങിയവർ ഫൊക്കാനയുടെ പ്രതിനിധികളായി ലോക കേരളസഭയുടെ നാലാം സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്.

# ബിജു കൊട്ടാരക്കരയ്ക്ക് വെള്ളനാട് കരുണാസായിയിൽ സ്വീകരണം


തിരുവനന്തപുരം: ഏഷ്യയിലെ ഏറ്റവും വലിയ സൈക്കോ പാർക്കായ വെള്ളനാട് കരുണാസായി മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ടിൽ സംഘടിപ്പിച്ച 'ലുക്ക് ഇൻ ടു ദ ഇന്നർ ഐസ്' പ്രോഗ്രാമിൽ വെച്ച് ഫൊക്കാനാ ട്രഷറർ ബിജു ജോൺ കൊട്ടാരക്കരയ്ക്ക്





സ്വീകരണം നല്കി. തിരുവനന്തപുരം ജില്ലയിലെ നേഴ്സിംഗ് കോളജ് വിദ്യാർത്ഥികൾ, സൈക്കോളജി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പരിപാടി മുൻ ഡിജിപി ഋഷിരാജ് സിംഗ് ഉദ്ഘാടനം ചെയ്തു. മാനസികമായ ആരോഗ്യമാണ് ഒരു വ്യക്തിയുടെ വിജയത്തിന് ഏറ്റവും പ്രധാനമായി വേണ്ടതെന്നും അതിനായി നമ്മുടെ ജീവിതത്തെ ചിട്ടപ്പെടുത്തണമെന്നും അദ്ദേഹം പറഞ്ഞു. കേരള വിദ്യാർത്ഥി സമൂഹത്തിൽ വളർന്നുവരുന്ന മയക്കുമരുന്ന് ഉപയോഗത്തെക്കുറിച്ചും അതിന്റെ ഭാവി പ്രശ്നങ്ങളെക്കുറിച്ചും വിശദമായി അദ്ദേഹം സംസാരിച്ചു.

ചടങ്ങിൽ ഫൊക്കാന ട്രഷറർ ബിജു കൊട്ടാരക്കര മുഖ്യപ്രഭാഷണം നടത്തി. മെന്റൽ ഹെൽത്തും മയക്കുമരുന്ന് ഇഷ്യൂസും സംബന്ധിച്ച് അമേരിക്കൻ അനുഭവത്തിന്റെ പശ്ചാത്തലത്തിലാണ് അദ്ദേഹം സംസാരിച്ചത്. രണ്ട് രാജ്യങ്ങളിലെ ഗുരുതരമായ ഒരു പ്രശ്നം തന്നെയാണ് മയക്കുമരുന്ന് ഉപയോഗവും തുടർന്നുണ്ടാകുന്ന മാനസികപ്രശ്നങ്ങളും. ഇവയ്ക്ക് കേരളത്തിൽനിന്ന് വ്യത്യസ്തമായ ഇടപെടലുകളാണ് അമേരിക്കയിൽ നടക്കുന്നത്. പക്ഷേ, മനസ്സ് നശിക്കുന്നതിന്റെ ഫലം ലോകത്ത് എല്ലായിടത്തും ഒന്നാണെന്ന് അദ്ദേഹം പറഞ്ഞു. കരുണാസായി മെന്റൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറും മനഃശാസ്ത്രജ്ഞനുമായ എൽ.ആർ. മധുജൻ ആമുഖപ്രഭാഷണം നടത്തി. ഓർമ്മകൾ നഷ്ടപ്പെടാതിരിക്കുക എന്നത് ഏതൊരാളെ സംബന്ധിച്ചും വലിയ അനുഗ്രഹമാണ്. നമ്മൾ നടന്നവഴികൾ, അനുഭവിച്ച വേദനകൾ, സങ്കടങ്ങൾ, സന്തോഷങ്ങൾ, ഇന്നലെകളെ ഓർക്കാൻ കഴിയുന്നത് നാളെകളെ സജീവമാക്കും. ഒപ്പം അവനവനിലേക്ക് നോക്കാൻ പഠിക്കണമെന്നും അദ്ദേഹം പറഞ്ഞു. സാമൂഹിക പ്രതിബദ്ധതാ പ്രവർത്തനത്തിന് ഫൊക്കാന ട്രഷറർ ബിജു കൊട്ടാരക്കരയ്ക്ക് മൊമന്റോ ഋഷിരാജ് സിംഗ് നല്കി ആദരിച്ചു. കരുണാസായി റിസേർച്ച് സെന്റർ ലൈബ്രറിയിലേക്ക് തദവസരത്തിൽ മുഖം ഗ്ലോബൽ ബുക്സ് പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ നല്കി. നശാമുക്ത് ഭാരത് അഭിയാൻ കോ-ഓർഡിനേറ്റർ ബി. ഹരികുമാർ, ഐ.ആർ.സി.എ കോ-ഓർഡിനേറ്റർ സി. ലേഖ, കേരള എക്സ്പ്രസ് സ്പെഷൽ കറസ്പോണ്ടന്റ് അനിൽ പെണ്ണുക്കര എന്നിവർ ആശംസകൾ നേർന്ന് സംസാരിച്ചു.



# THANNIKKARY VACATION HOME

**S.H.MOUNT P.O., KOTTAYAM 686006, KERALA**

FEATURES:
Free Wi-Fi, Plenty of parking, Beautician near by, Mosquito proof house, Currency exchange near by, Cook available to cook with your choice, Kottayam Railway Station & Town near by, Excellent ayurvedic massage place near by, All Bedrooms are AC with attached bathrooms



For booking:
ABRAHAM THANNIKARI
USA - 630 491-6165
India - +91 815 692-0366 and +91 965 616-8399
athannikari@hotmail.com

പ്രശസ്ത ക്രിസ്തീയ ഗാനകാവ്യരചയിതാവും ക്രൈസ്തവ സാഹിത്യകാരിയുമായ
സിസ്റ്റർ സൂസൻ ബി. ജോൺ ഫ്ളോറിഡ
രചിച്ച് പാരഡൈസ് ഓഡിയോ മിനിസ്ട്രീസ് പുറത്തിറക്കിയ
ഓഡിയോ വീഡിയോ ഗാനങ്ങൾ




പുസ്തകം ലഭിക്കുന്നതിനായി ബന്ധപ്പെടുക
Paradise Audio Ministries Bookstall
26th
North American Church of God
PREPARE CONFERENCE, ATLANTA, GA

www.facebook.com/susan.babu.52493

USA - FL
Sis. Susan B. John
Cell: 954 465 5758
Email: susanbabu627@yahoo.com
www.paradiseaudioministries.com

YouTube channel: susan b. john



Paradise Audio Ministries FL

INDIA
Br. Jimu Saji: 0091 9048803011
Pr. Peter P. John: 0091 9447339991
Br. John David: 0091 7025474120

YouTube Watch Many More

കൈരളി ടി. വി.
KAIRALI THE MALAYALAM CHANNEL
ഒരു ജനതയുടെ ആത്മാവിഷ്ക്കാരം
എന്നും ജനങ്ങളോടൊപ്പം

KAIRALI · KAIRALI NEWS · WE · ARABIA


Mammootty
Chairman, Kairali TV


John Brittas
Managing Director, Kairali TV

+VE VIBES @INDIANA


Jose Kadapuram
Director in USA
Tel: 914 954 9586
email: kairalitvny@gmail.com


Jose Plackatt,
Director - Production
Tel: 972 839 9080

AMERICAN CAFE
Call:1855-734-0444
Time: SUNDAY - 9.00PM to 10.00PM.
Eastern time zone (New York)

AMERICAN FOCUS
Time: SUNDAY 8.30PM to 9.00PM
Eastern time zone (New York)

KAIRALI NEWS USA
Time: SATURDAY 8.30PM to 9.00PM
Eastern time zone (New York)

PRODUCTION TEAM

| | | |
|---|---|---|
| New York:- | Binu Thomas | Tel: 516 322 3919. |
| New York:- | Jacob Manuel | Tel: 516 418 8406 |
| Houston:- | Abyson Abraham | Tel: 914 439 6715. |
| Chicago:- | Dominic Chollampel | Tel: 847 436 6199 |
| Pennsylvania:- | Giji. | Tel: 215 820 2125. |

USA WEEKLY NEWS

dish NETWORK
Tel:1-888-605-7572

WATCH LIVE MALAYALAM CHANNELS 1 (888) 363-1777
sling മലയാളം TELEVISION

Part - II

# DOCTORS, HOSPITALS, AND JESUS OF NAZARETH

# CHRISTIAN ROOTS OF HOSPITALS

Dr. Thomson K. Mathew

Cultures and civilizations that existed before the establishment of the church, especially in the West, did not value the lives of the sick. It was not uncommon to see chronically ill people abandoned by these societies. Although individuals who had families were cared for by their loved ones, those without relatives, and especially the poor, received practically no care at all. It is difficult for us to understand what a revolutionary Jesus of Nazareth was when it came to the acceptance and embracing of the sick and the afflicted in society. His teaching on who one's true neighbor is based on the parable of the good Samaritan impacted the world and changed many cultures.

**The First (Modern) Hospital**

Christianity promoted the care of the poor and sick and inspired the establishment of hospitals. Basil the Great, the Eastern Church father, founded most likely the first hospital for the poor in AD 372 near Caesarea. This institution was part of a mega charitable project involving care for lepers and other sick persons, with separate areas provided for the treatment of contagious and non contagious patients. Both physicians and priests were involved in the care of the sick at Caesarea. This facility accepted physicians and medicines as God's servants for His healing work.


**Opposing Theologies**

Although Christianity promoted the care and healing of the sick, Christians held opposing views about medical care and hospitals throughout the ages. While church father Basil provided medical care along with spiritual care for the sick, Benedict of Nursia, the founder of the Benedictine Order, who lived in the late fifth and early sixth centuries, on the other hand, forbade the study of medicine. He believed that only prayer and divine intervention could heal diseases.

**Clergy and Laity in Healing Work**

While the official church and theologians differed in their views of healing, ordinary Christians were involved in the work of healing through medicine and prayer. Lady Fabiola, a wealthy Roman widow who inherited great wealth from her deceased husband, as part of her penitential work, established a hospital at Porto (Ostia) on the mouth of the Tiber River in Rome as early as 395. She not only provided care for the sick in Rome but traveled widely to bring the sick and needy from distant places to the hospital. She also hired "traveling priests" who brought both Christian and non-Christian patients to the hospital. She brought in both free citizens and poor slaves.

History mentions two other early hospitals: one founded by Ephrem "the Deacon" in Edessa, now called Urfa in Syria, and another founded around AD 400 by John Chrysostom in Constantinople, where he was bishop. The monasteries continued this tradition of hospitality, taking care of the travelers (stranger-guests who in those days did not have any comfortable means of transport, especially the poor), and the ill. Saint Benedict commanded the monks in his Rule to "relieve the lot of the poor" and "visit the sick." It is hard to determine the exact nature of the medical attention the monks provided, but two historical facts are evident: (1) the monks took care of the poor and the travelers and did not turn away anyone due to cost, and (2) they maintained libraries, transcribing available books on medical knowledge, to advance the field of medicine.



Dr. Thomson K. Mathew

Other religious orders took up similar work. The Hospitallers of St. John of Jerusalem is one example. They were not motivated by material rewards as all of them were monks. There was a corresponding order of women called the Order of St. Mary Magdalen who provided care to pilgrim women who came to Jerusalem. Another order was the Hospitallers of the Holy Ghost, founded in France in 1180, which was instrumental in the development of hospitals as we know them now.

According to The Catholic Encyclopedia, there were similar establishments functioning outside the monasteries. The Hotel- Dieu (guesthouse of God) was one of them built in Lyons, France, by King Childebert. The only requirements for admission to this facility were "poverty and wretchedness."

**Motivation**

One thing is sure. All these efforts were based on the understanding of the words of Jesus, "For I was hungry and you gave Me food; I was thirsty and you gave Me drink; I was a stranger and you took Me in.... Assuredly, I say to you, inasmuch as you did it to one of the least of these My brethren, you did it to Me" (Matthew 25:35, 40).

The same motivation caused Francis of Assisi (1181/82–1226) to embark on his mercy work among lepers. Likewise, Catherine of Siena (1347–1380) cared for the lepers and those with terrible illnesses with her own hands whom others refused to touch. The Sisters of Charity, founded by Saint Vincent de Paul (1581–1660) combined religious life with care for the sick. Saint Vincent believed in prayer and medicine and founded several hospitals. Saint Peter Canisius (1521–1597) "relied most on prayer," but defended those who used what he called the weapons of science (medicine and hospitals).

**Florence Nightingale**

The legacy of Florence Nightingale (1820–1910) as the lady with the lamp (see page 30)

## കുവൈറ്റ് ദുരന്തത്തിൽ ആദരാഞ്ജലികൾ അർപ്പിച്ച് ഓവർസീസ് കോൺഗ്രസ്

സതീശൻ നായർ

ചിക്കാഗോ: കുവൈറ്റിലെ അതിദാരുണമായ തീപിടുത്ത ദുരന്തത്തിൽ ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് കേരള ഘടകം ആദരാഞ്ജലികൾ അർപ്പിക്കുകയും അതിയായ ഖേദം രേഖപ്പെടുത്തുകയും ചെയ്തു. ദുരന്തത്തെക്കുറിച്ച് കൂടുതൽ അന്വേഷിക്കുവാനും ദുരന്തത്തിനിരയായവരുടെ കുടുംബത്തെ സംരക്ഷിക്കുവാനും കേന്ദ്രസർക്കാരിന്റെയും കേരള സർക്കാരിന്റെയും ഇടപെടൽ അനിവാര്യമാണെന്നും പരുക്കേറ്റവർക്ക് വേണ്ടത്ര ചികിത്സ ഉറപ്പാക്കുവാനും കുവൈറ്റിലെ ഇന്ത്യൻ എംബസി മുൻകൈയെടുത്ത് വേണ്ടത് ചെയ്യണമെന്നും ഇന്ത്യൻ ഓവർസീസ് കോൺഗ്രസ് യുഎസ്എ കേരളാ ഘടകം പ്രസിഡണ്ട് സതീശൻ നായർ പറഞ്ഞു.

ഇനിയും ഇതുപോലുള്ള ദുരന്തങ്ങൾ ആവർത്തിക്കാതിരിക്കുവാൻ ബന്ധപ്പെട്ട രാജ്യങ്ങളിലെ തൊഴിൽ മന്ത്രാലയവും സുരക്ഷാ വകുപ്പുകളും ആവശ്യമായ പരിശോധനകളും മുൻകരുതലുകളും വിദേശരാജ്യങ്ങളിലെ ലേബർ ക്യാമ്പുകളിൽ ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## പിതൃദിനം നവ്യാനുഭവമാക്കി ബെൻസൻവിൽ തിരുഹൃദയ ഇടവക

ലിൻസ് താന്നിച്ചുവട്ടിൽ

ചിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഇടവക ദേവാലയത്തിലെ പിതൃദിനാഘോഷം ജൂൺ 16 -ന് ഞായറാഴ്ച ആചരിച്ചു. വിമെൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിലാണ് വിപുലമായ രീതിയിൽ പിതൃദിനാഘോഷം ക്രമീകരിച്ചത്.

ഇടവകയിലെ എല്ലാ പിതാക്കന്മാർക്കുമായി ഡാഡികൂൾ ഫോട്ടോ ഷൂട്ട് മത്സരവും സംഘടിപ്പിച്ചു. വി. കുർബാനയെത്തുർന്ന് തിരികൾ നൽകി പിതാക്കന്മാരെ ആദരിച്ച ശേഷം പ്രദക്ഷിണമായി എല്ലാവരും ചേർന്ന് ദേവാലയാങ്കണത്തിൽ അമേരിക്കൻ പതാക ഉയർത്തി. തുടർന്ന് വ്യത്യസ്തമായ മത്സരങ്ങളും പ്രത്യേകം സ്നേഹവിരുന്നും വിമെൻസ് മിനിസ്ട്രി കോ-ഓർഡിനേറ്റർ മേഴ്സി ചെമ്മലക്കുഴിയുടെ നേതൃത്വത്തിലുള്ള കമ്മിറ്റി ഒരുക്കിയിരുന്നു. മത്സര വിജയികൾക്ക് ഫാ. ജെയ്മോൻ ചേത്തലിൽ സമ്മാനങ്ങൾ വിതരണം ചെയ്തു.

വികാരി ഫാ. തോമസ് മുളവനാൽ, അസി. വികാരി ഫാ. ബിൻസ് ചേത്തലിൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവർ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.






# ഗ്ലെൻവ്യൂ സ്വാതന്ത്ര്യദിന പരേഡ് ജൂലൈ 4–ന്

സ്കറിയാക്കുട്ടി തോമസ്

ഗ്ലെൻവ്യൂ: ജൂലൈ 4 സ്വാതന്ത്ര്യദിന പരേഡിൽ ഗ്ലെൻവ്യൂവും സമീപസ്ഥ വില്ലേജുകളിലുമുള്ള മലയാളികൾ അഭിമാനത്തോടെ തങ്ങളുടെ സാംസ്കാരിക തനിമ പ്രദർശിപ്പിക്കുന്നു.

ഈ വർഷത്തെ ഗ്ലെൻവ്യൂ ജൂലൈ 4 സ്വാതന്ത്ര്യദിന പരേഡിൽ തങ്ങളുടെ പങ്കാളിത്തം ഉണ്ടാകുമെന്ന് ഗ്ലെൻവ്യൂ മലയാളീസ് ഓഫ് ഇന്ത്യ നിങ്ങളേവരേയും സന്തോഷത്തോടെ അറിയിക്കുന്നു. ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന ഈ ദിനം മലയാളികൾക്ക് തങ്ങളുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം അമേരിക്കൻ സമൂഹത്തിനു മുന്നിൽ പ്രദർശിപ്പിക്കാനുള്ള അവസരമാണ്. ഈ ആഘോഷങ്ങളുടെ വമ്പിച്ച വിജയത്തിനായി രൂപീകരിക്കപ്പെട്ട കമ്മിറ്റി കുഞ്ഞച്ചൻ കൊച്ചുവീട്ടിലിന്റെ നേതൃത്വത്തിൽ കൂടുകയും സുപ്രധാന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.






ഗ്ലെൻവ്യൂ വില്ലേജിന്റെ സ്വാതന്ത്ര്യദിന പരേഡ് രാവിലെ 11 മണിക്ക് ആരംഭിക്കും. ഈ മലയാളി കൂട്ടായ്മ അഭിമാനത്തോടെ പരേഡ് റൂട്ടിലൂടെ നീങ്ങുമ്പോൾ വർണ്ണാഭമായ പരമ്പരാഗത വസ്ത്രങ്ങളുടെയും ആവേശകരമായ പ്രകടനങ്ങളും കാണികൾക്ക് പ്രതീക്ഷിക്കാം. കൊച്ചുവീട്ടിൽ ബീറ്റ്സിന്റെ മനോഹരമായ പ്രകടനം ഈ പരേഡിന്റെ ഭാഗമായിരിക്കും.

ഈ വർഷത്തെ പരേഡിൽ പങ്കെടുത്തവർക്ക് ആഘോഷങ്ങൾ തുടരുന്നതിനായി ഒരു ആഫ്റ്റർ പാർട്ടി സംഘടിപ്പിച്ചിട്ടുണ്ട്. കലാപരിപാടികൾ, കൈരളി ഫുഡ്സ് ഒരുക്കുന്ന രുചികരമായ ഭക്ഷണവും തട്ടുകടയും ഉൾപ്പെടുന്ന ഈ പോസ്റ്റ്-പരേഡ് ആഘോഷം, ഗ്ലെൻവ്യൂ സമീപ കമ്യൂണിറ്റികൾക്കിടയിൽ സൗഹൃദം വളർത്തുന്ന ആനന്ദകരമായ ഒത്തുചേരലായിരിക്കും.

പോസ്റ്റ്പരേഡ് പാർട്ടി ജിതേഷ്-ആഷ ചുങ്കത്തിന്റെ ഭവനത്തിൽ ആയിരിക്കും. അഡ്രസ്സ്: 1909 ഐവി ലെയ്ൻ, ഗ്ലെൻവ്യൂ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: കുഞ്ഞച്ചൻ കൊച്ചുവീട്ടിൽ 847 910 6487, ഷാനി എബ്രഹാം 847 673 5299, ജോണി വടക്കുംചേരി 847 293 5600, ജിതേഷ് ചുങ്കത്ത് 224 522 9157, ചാക്കോച്ചൻ കടവിൽ 847 224 3000

# വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ഭക്തിപൂർവം കൊണ്ടാടി

ജോർജുകുട്ടി അമ്പാട്ട്

ചിക്കാഗോ: കാലഘട്ടത്തിന്റെ പ്രവാചകയും പഞ്ചക്ഷതധാരിണിയും തിരുക്കുടുംബ സന്യാസിനി സമൂഹത്തിന്റെ സ്ഥാപകയും കുടുംബപ്രേക്ഷിതരുടെ മാതൃകയും മദ്ധ്യസ്ഥയുമായ വിശുദ്ധ മറിയം ത്രേസ്യയുടെ തിരുനാൾ ചിക്കാഗോയിൽ ഭക്തിപൂർവം ആചരിച്ചു. വിശ്വാസത്തിന്റെയും ജീവകാരുണ്യത്തിന്റെയും വീരോചിത മാർഗ്ഗത്തിലൂടെ ചരിച്ച ഈ സുകൃതകന്യകയുടെ തിരുനാൾ ബെൽവുഡിലുള്ള മാർതോമാ ശ്ലീഹാ കത്തീഡ്രലിൽ ജൂൺ 9–ന് രാവിലെ 10 മണിക്ക് ആഘോഷമായ ദിവ്യബലിയോടെയാണ് തിരുനാൾ കർമ്മങ്ങൾ ആരംഭിച്ചത്. തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ മാർ ടോണി നീലങ്കാവിലിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്ന ദിവ്യബലിയിൽ രൂപതാവികാരി ജനറൽ ഫാ. ജോൺ മേലേപ്പുറം, കത്തീഡ്രൽ വികാരിയും വികാരി ജനറലുമായ ഫാ. തോമസ് കടുകപ്പിള്ളി, രൂപതാ പ്രൊ-ചാൻസലർ ഫാ. ജോൺസൺ, ഫാ. യൂജിൻ എന്നിവർ സഹകാർമ്മികരായിരുന്നു. ഇടവകയിലെ ഗായകസംഘം ഭക്തിനിർഭരമായ ഗാനങ്ങളിലൂടെ വിശ്വാസികളുടെ വി. കുർബാനയിലുള്ള പങ്കാളിത്തം സജീവമാക്കി. മാർ ടോണി നീലങ്കാവിൽ പിതാവ് കേരളത്തിൽനിന്നും കൊണ്ടുവന്ന വിശുദ്ധ മറിയം ത്രേസ്യയുടെ തിരുസ്വരൂപം വെഞ്ചരിച്ച് ആശീർവദിച്ചതോടെ ആഘോഷമായ തിരുനാൾ കുർബാനയ്ക്ക് തുടക്കമായി. ആദ്യമായി കത്തീഡ്രൽ ദേവാലയത്തിൽ ഭക്തിപൂർവം കൊണ്ടാടിയ വി. മറിയം ത്രേസ്യയുടെ തിരുനാളിൽ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാപിക്കാൻ സന്യാസിനികളടക്കം അനേകം ദൈവമക്കളാണ് എത്തിച്ചേർന്നത്.



ഇരിങ്ങാലക്കുടക്കടുത്ത് പുത്തൻചിറയിൽ 1876 ഏപ്രിൽ 26–നാണ് വിശുദ്ധ മറിയം ത്രേസ്യ ജനിച്ചത്. കുടുംബങ്ങളിൽ പ്രാർത്ഥനാ ചൈതന്യവും സ്നേഹവും വളർത്തി ദൈവോന്മുഖരാക്കുകയെന്ന ഉദ്ദേശ്യത്തോടെ 1914–ൽ തിരുക്കുടുംബ സന്യാസിനി സമൂഹത്തിനു തുടക്കംകുറിച്ച മദറിനെ വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 2000 ഏപ്രിൽ 9–ന് വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. കുടുംബങ്ങളിൽ ക്രിസ്തീയ ചൈതന്യവും മൂല്യങ്ങളും വളർത്താൻ ആത്മാർത്ഥമായി പരിശ്രമിച്ച മറിയം ത്രേസ്യയെ 2019 ഒക്ടോബർ 13–ന് ഫ്രാൻസിസ് മാർപാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.



തിരുനാൾ കുർബാനയ്ക്കുശേഷം വിശുദ്ധയുടെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണത്തിന് മുത്തുക്കുടകളും ചെണ്ടമേളവും മാറ്റുകൂട്ടി. കൈക്കാരന്മാരായ സന്തോഷ് കാട്ടൂക്കാരൻ, ബിജി സി. മാണി, ബോബി ചിറയിൽ, വിവീഷ് ജേക്കബ് എന്നിവർ പ്രദക്ഷിണത്തിനു നേതൃത്വം നല്കി. തിരുനാൾ കോ-ഓർഡിനേറ്റർമാരായ ഡേവിസ് കൈതാരത്ത്, മില്ലി തുരുത്തിക്കര, സാൻജോ തുളുവത്ത് എന്നിവരുടെ നേതൃത്വത്തിൽ തിരുനാൾ പ്രസുദേന്തിമാർ, പാരിഷ് ഹാളിൽ എല്ലാവർക്കും ഒരുക്കിയ സ്നേഹവിരുന്ന് ജനപങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായി.

# എസ്ബി–അസംപ്ഷൻ അലൂംമ്നി സമ്മർ ഫാമിലി മീറ്റ് ജൂൺ 23–ന്

തോമസ് ഡിക്രൂസ്

ചിക്കാഗോ: ചിക്കാഗോ ആസ്ഥാനമായി പ്രവർത്തിക്കുന്ന ചങ്ങനാശേരി എസ്ബി-അസംപ്ഷൻ കോളജ് പൂർവവിദ്യാർത്ഥി സംഘടനയുടെ 2024–ലെ സമ്മർ ഫാമിലി മീറ്റും വിദ്യാഭ്യാസ പ്രതിഭാ പുരസ്കാരദാനവും ജൂൺ 23–ന് ഞായറാഴ്ച ഡെസ്പ്ലെയിൻസ് കോർട്‌ലാൻഡ് സ്ക്വയറിൽ (8909 David Pl, Desplaines, IL 60016) നടക്കും. വൈകുന്നേരം 5–ന് പൂർവവിദ്യാർത്ഥി സമ്മേളനത്തോടെ പരിപാടികൾ ആരംഭിക്കും. സംഘടനയുടെ രക്ഷാധികാരിയും എസ്ബി കോളജ് പ്രിൻസിപ്പലുമായിരുന്ന റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ സമ്മർ മീറ്റ് ഉദ്ഘാടനം ചെയ്യും. ചിക്കാഗോ മാർത്തോമ്മാ പള്ളി വികാരി റവ. എബി എം. തോമസ് തരകൻ, അസോസിയേഷൻ ഉപരക്ഷാധികാരിയും ചിക്കാഗോ രൂപതാ പ്രൊക്യുറേറ്ററും പൂർവവിദ്യാർത്ഥിയുമായ റവ.ഫാ. കുര്യൻ നെടുവേലിചാലുങ്കൽ എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും. പുരസ്കാര ദാനത്തോടനുബന്ധിച്ച് കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരിക്കും.



ഹൈസ്കൂൾ തലത്തിൽ പഠന-പാഠ്യേതര രംഗങ്ങളിൽ മികവ് പുലർത്തിയിട്ടുള്ള സംഘടനാംഗങ്ങളുടെ മക്കൾക്കു വേണ്ടി സ്ഥാപിച്ചിട്ടുള്ളതാണ് ഈ പുരസ്കാരങ്ങൾ. ജിപിഎ, എസിടി അഥവാ എസ്എടി, പഠന-പാഠ്യേതര മേഖലകളിലെ മികവുകൾ എന്നീ ത്രിതല മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട രണ്ട് വിദ്യാർത്ഥികൾക്ക് അസോസിയേഷന്റെ ചിക്കാഗോ ചാപ്റ്റർ നല്കുന്ന റവ.ഡോ. ജോർജ് മഠത്തിപ്പറമ്പിൽ പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ പുരസ്കാരവും മാത്യു വാച്ചാപറമ്പിൽ സ്മാരക പുരസ്കാരവും ഒപ്പം ക്യാഷ് അവാർഡ്, പ്രശംസാപത്രം, ഫലകം എന്നിവയും നല്കപ്പെടും. അസോസിയേഷൻ ദേശീയതലത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനദാനവും സമ്മേളനത്തിൽ നിർവഹിക്കും. എസ്ബി ആൻഡ് അസംപ്ഷൻ അലൂംമ്നി അസോസിയേഷന്റെ ശ്രദ്ധേയമായ ഹൈസ്കൂൾ അക്കാഡമിക് എക്സലൻസ് അവാർഡ്ദാന ചടങ്ങിന് വേണ്ട എല്ലാ ഒരുക്കങ്ങളും പൂർത്തിയായതായി അസോസിയേഷൻ പ്രസിഡണ്ട് ഡോ. മനോജ് നേര്യംപറമ്പിൽ അറിയിച്ചു. ചിക്കാഗോയിലും സമീപത്തുമുള്ള എല്ലാ എസ്ബി അസംപ്ഷൻ പൂർവവിദ്യാർത്ഥികളും സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് പരിപാടികൾ വിജയകരമാക്കണമെന്ന് എക്സിക്യൂട്ടീവ് ഭാരവാഹികൾ അഭ്യർത്ഥിച്ചു.

# മോദിയല്ല ഇന്ത്യയാണ് ആത്യന്തിക ലക്ഷ്യം


സുരേന്ദ്രൻ നായർ

ഇന്ത്യൻ പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത രീതിയിൽ വിദേശ ശക്തികൾ ഇടപെട്ടിരുന്നതിനെ സംബന്ധിച്ച് കൂടുതൽ കൂടുതൽ വെളിപ്പെടുത്തലുകൾ ഇപ്പോൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണ്. സാമ്പത്തിക രംഗത്ത് ഇന്ത്യ കൈവരിക്കുന്ന വൻ കുതിപ്പും അന്തർദേശീയ വിഷയങ്ങളിൽ ഇന്ത്യ സ്വീകരിക്കുന്ന ശക്തമായ നിലപാടുകളുമാണ് ഇന്ത്യയുടെ സുഹൃത്തുക്കളാണ് എന്നു പറയുന്ന രാജ്യങ്ങൾ ഉൾപ്പെടെയുള്ളവരുടെ ഈ നീക്കങ്ങൾക്കു പിന്നിലുണ്ടായിരുന്നത് എന്ന് പ്രമുഖ അന്തർദേശീയ മാധ്യമങ്ങൾ ഉൾപ്പെടെ വെളിപ്പെടുത്തുന്നു. ലോകത്തിലെ മൂന്നാം സാമ്പത്തിക ശക്തിയിലേക്കു നടന്നടുക്കുന്ന ഇന്ത്യ തങ്ങൾ കഴിഞ്ഞ അരനൂറ്റാണ്ടായി പുലർത്തുന്ന സാമ്പത്തിക സൈനിക ആധിപത്യത്തെ ചോദ്യം ചെയ്യുമെന്ന അമേരിക്കയുടെ ഉത്കണ്ഠയും അമേരിക്കയെ തോൽപ്പിക്കാൻ കോപ്പുകൂട്ടുന്ന ചൈനയും ഈ നീക്കങ്ങളിൽ പ്രാമുഖ്യം വഹിക്കുന്നു. ഇന്ത്യ ഉയരുമ്പോൾ പിന്നിലാകാൻ പോകുന്ന ഫ്രാൻസ് ഇന്ത്യയെ ഇസ്ലാമീകരിക്കാൻ ഇനാം പ്രഖ്യാപിച്ചിരിക്കുന്ന ഭീകര സംഘങ്ങൾ തുടങ്ങി ഇന്ത്യയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നവരുടെ പട്ടിക നീളുന്നു. ജനസംഖ്യയിൽ ഒന്നാം സ്ഥാനത്തും ഉപഭോക്താക്കളുടെ കണക്കിൽ യൂറോപ്യൻ യൂണിയന്റെ ഇരട്ടി സാധ്യതയുമുള്ള ഇന്ത്യൻ വിപണി എല്ലാ കോർപറേറ്റ് കച്ചവടക്കാരുടെയും ലക്ഷ്യസ്ഥാനവുമാണ്.

ഇന്ത്യയുടെ കുതിപ്പിന് കടിഞ്ഞാണിടാനും വിദേശ ശക്തികൾക്ക് കടതുറക്കാനും കഴിയണമെങ്കിൽ ആദ്യം വേണ്ടത് ഇന്ത്യയിൽ ഭരണരംഗത്ത് അസ്ഥിരത ഉണ്ടാക്കുകയും അനുകൂല ഭരണക്രമങ്ങൾ പരീക്ഷിക്കുകയുമാണ്. റഷ്യൻ ചേരിയിലേക്കു ഇന്ദിരയുടെ കാലത്തു ഇന്ത്യ മാറിയപ്പോൾ ഉണ്ടായ സിഐഎ ഇടപെടലുകളും രാജീവ് ഭരണത്തിന് ശേഷം ഇന്ത്യയിൽ തുടർച്ചയായി ഭരണമാറ്റങ്ങൾ ഉണ്ടായതും രാജ്യത്തിന്റെ സ്വർണ്ണ നിക്ഷേപം വരെ പണയം വയ്ക്കേണ്ട സാഹചര്യം സംജാതമായതും സത്യമായിരുന്നില്ലേ. എന്നാൽ ഇപ്പോഴത്തെ ഇടപെടലുകൾക്ക് അതേ ഇന്ദിരയുടെ കോൺഗ്രസ് ഇടനിലക്കാരായി എന്നത് ഏതൊരു രാജ്യസ്നേഹിയെയും അതിശയിപ്പിക്കുന്നു.

2019-ലെ നരേന്ദ്ര മോദിയുടെ തുടർവിജയവും കശ്മീരിന്റെ പ്രത്യേക പദവി നിർത്തലാക്കലും ആഗോളതലത്തിൽ മോദി വിരുദ്ധത എന്ന പേരിലുള്ള ഒരു ഇന്ത്യ വിരുദ്ധ മുന്നേറ്റത്തിന് പുതുജീവൻ നൽകുകയായിരുന്നു. ലോകത്തിലെ ഏറ്റവും വലിയ 30 ധനാഢ്യരിൽ ഒരാളായ ഹംഗറിയിലും അമേരിക്കയിലും പൗരത്വമുള്ള ജോർജ് സോറോസ് നേതൃത്വം നൽകുന്ന ഓപ്പൺ സൊസൈറ്റി ഫൗണ്ടേഷൻ എന്ന ഗവൺമെന്റേതര സന്നദ്ധ സംഘടനയാണ് ഇതിലെ പ്രഭവ കേന്ദ്രം. ഹംഗറിയിൽ ജനിച്ച പിന്നീട് ജവഹർലാൽ നെഹ്റുവിന്റെ അടുത്ത ബന്ധുവും നയതന്ത്ര വിദഗ്ധനുമായിരുന്ന ബി.കെ. നെഹ്റുവിന്റെ ഭാര്യയുമായ ഫോറി നെഹ്റുവിന്റെ ബുഡാപെസ്റ്റിലുള്ള ബെത്ള ഹോം എന്ന കുടുംബത്തിലെ അംഗമാണ് സോറോസ്. 2008-ൽ ഫോറിയുടെ നൂറാം പിറന്നാൾ ഡൽഹിയിൽ ആഘോഷിച്ചപ്പോൾ അമേരിക്കയിൽനിന്നും സോറോസും ഇന്ത്യയിൽ എത്തിയിരുന്നു.

അധികാരത്തിന്റെ ശീതളഛായയിൽനിന്നും അകന്നുപോയ നെഹ്റു കുടുംബത്തെ അധികാരത്തിൽ തിരിച്ചെത്തിക്കാനുള്ള ഒരു പുത്തനാശയംവഴി ഓപ്പൺ സൊസൈറ്റി ഫൗണ്ടേഷൻ വഴി നടപ്പിലാക്കാനുള്ള ഒരു തിരക്കഥ അവിടെ രൂപപ്പെട്ടതായി ഇപ്പോൾ വാർത്തകൾ വരുന്നു. ഈ വെളിപ്പെടുത്തലിനു ആധികാരികത നൽകുന്ന ദൃശ്യങ്ങളാണ് അതെ ഫൗണ്ടേഷന്റെ ഇന്ത്യയിലെ ഉപാധ്യക്ഷനായ വി.പി. സലിൽ ഷെട്ടി ഭാരത് ജോഡോ യാത്രയിൽ രാഹുൽ ഗാന്ധിയോടൊപ്പം ദിവസങ്ങളോളം പങ്കെടുത്തതും ധനസഹായം ഉറപ്പാക്കിയതും.



ലേഖകൻ

ഹെൻറി ലൂസ് ഫൗണ്ടേഷൻ എന്നൊരു അമേരിക്കൻ എൻജിഒ ആണ് അടുത്ത വില്ലൻ. എൻഡോൺമെന്റ് ഫോർ ഇന്റർ നാഷണൽ പീസ് എന്ന പേരിൽ 2018-ലും 2020-ലും ഇവർ ഇന്ത്യയിലെ മാധ്യമപ്രവർത്തകർക്കും ആക്ടിവിസ്റ്റുകൾക്കും വലിയ രീതിയിലുള്ള ധനസഹായങ്ങൾ നൽകിയിരുന്നു. ഇന്ത്യയിലെ മതേതരത്വം നേരിടുന്ന ഭീഷണി, ഇസ്ലാം വിരുദ്ധ ഭരണകൂട ഭീകരത തുടങ്ങിയ നിക്ഷിപ്ത താത്പര്യ വിഷയങ്ങളിൽ മോദിവിരുദ്ധ ആഖ്യാനങ്ങൾ സൃഷ്ടിക്കുന്നതിനും അത് പ്രചരിപ്പിക്കുന്നതിനുമായിരുന്നു ധനസഹായം. ഹെൻറിലൂസ് ഫൗണ്ടേഷന്റെ ഇന്ത്യയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നത് ഓമഡിയാർ ഫൗണ്ടേഷൻ എന്ന ഇൻവെസ്റ്റ്മെന്റ് ഗ്രൂപ്പാണ്. അതിന്റെ മുഖ്യ കാര്യകർത്താവ് കോൺഗ്രസ് വക്താവ് ജയറാം രമേശിന്റെ മുൻ ഉപദേഷ്ടാവാണ്. ഇതൊന്നും ദേശീയ പ്രസ്ഥാനമായിരുന്ന കോൺഗ്രസിന്റെ പാരമ്പര്യം അല്ലായിരുന്നു. ബാഹ്യ പ്രലോഭനങ്ങൾ സ്വീകരിച്ചു മോദി വിരുദ്ധ പ്രചാരണം നടത്തിയിരുന്ന മാധ്യമങ്ങൾ മോദി സർക്കാർ തിരിച്ചുവന്നതോടെ അന്വേഷണ പരിധിയിലാകുമെന്ന പരിഭ്രാന്തിയിൽ 2010 മുതൽ ഇന്ത്യയിൽ പ്രവർത്തിക്കുന്ന ഓമഡിയാർ ഫൗണ്ടേഷനെ അടച്ചു പൂട്ടിക്കാനുള്ള തത്രപ്പാടിലാണ്.

ഇന്ത്യയിൽ ന്യൂസ് ക്ലിക്ക്, വയർ തുടങ്ങി മലയാളത്തിലെ ചില മാധ്യമങ്ങൾ വരെ മോദി വിരുദ്ധ ഇന്ത്യ വിരുദ്ധ പ്രചാരം ശക്തമാക്കിയപ്പോൾ റോയിട്ടേഴ്സ്, അൽ ജസീറ, ബിബിസി തുടങ്ങിയ പാശ്ചാത്യ മാധ്യമങ്ങളും മോദിയെ താഴെയിറക്കാൻ പണി തുടങ്ങിയിരുന്നു. ചാറ്റ് ജിപിടി പോർട്ടലിൽ നിർമ്മിത ബുദ്ധി ഉപയോഗിച്ച് നിർമ്മിച്ചെടുത്ത വ്യാജ കഥകളും പ്രസ്താവനകളും അധികം താമസിയാതെ ലോകം അറിയും.

കാശ്മീർ ഉൾപ്പെടെയുള്ള ഇന്ത്യയുടെ അതിർത്തി സംസ്ഥാനങ്ങളിൽ നിന്നും ഇസ്ലാമിക തീവ്രവാദ സംഘങ്ങൾ നിർവീര്യമാകുന്നതിൽ നിരാശപൂണ്ട അന്തർദേശീയ ജിഹാദി കൂട്ടങ്ങൾ കൂട്ടത്തോടെ പ്രതിപക്ഷ നിരകളെ ശക്തമാക്കാൻ നടത്തിയ ധനസഹായങ്ങൾ ബംഗാൾ പോലുള്ള സംസ്ഥാനങ്ങളിൽ ഫലം കണ്ടു. അവരുടെ ആത്യന്തിക ലക്ഷ്യം മോദിയല്ല 2047-ലെ ഖാലിഫേറ്റ് ഇന്ത്യയാണ്. വെറുമൊരു ആക്ടിവിസ്റ്റായിരുന്ന കെജ്‌രിവാൾ പാശ്ചാത്യ ധനസഹായത്തോടെ ആരംഭിച്ച പൊതുപ്രവർത്തനം അണ്ണാ ഹസാരെയെ കരുവാക്കി അധികാരത്തിൽ എത്തിച്ചതും തന്ത്രപ്രാധാന്യമുള്ള പഞ്ചാബിലെ ഭരണ നിയന്ത്രാവാക്കിയതും കാനഡയിൽ നിന്നുമെത്തിയ ഖാലിസ്ഥാൻവാദ ഫണ്ടിംഗ് ആയിരുന്നുവെന്നത് ഇന്ന് പരസ്യമായി പുറത്തുവന്ന വാർത്തയല്ലെ.

ജനാധിപത്യത്തിന്റെ മാർഗം ഉപയോഗിച്ചുതന്നെ (ശേഷം 30-ാം പേജിൽ)

# ഹണ്ടർ ബൈഡൻ കുറ്റക്കാരൻ

ഡെലവെയർ: പ്രസിഡണ്ട് ജോ ബൈഡന്റെ പുത്രൻ ഹണ്ടർ ബൈഡൻ അനധികൃതമായി തോക്ക് വാങ്ങുകയും കൈവശം വെക്കുകയും ചെയ്ത കുറ്റവുമായി ബന്ധപ്പെട്ട് കുറ്റവാളിയായി കണ്ടെത്തി. ഡെലവെയറിലെ വിൽമിങ്ടൺ ഡിസ്ട്രിക്ട് കോർട്ട് ജൂറിയാണ് മൂന്ന് നിയമവിരുദ്ധ നടപടികൾക്ക് അദ്ദേഹം കുറ്റക്കാരനെന്ന് വിധി പ്രഖ്യാപിച്ചത്. മയക്കുമരുന്നിന് അടിമയായിരുന്ന കാലയളവിൽ തോക്ക് വാങ്ങുന്നതിനുള്ള അപേക്ഷയിൽ മയക്കമരുന്ന് ഉപയോഗം മറച്ചുവെച്ചുവെന്നും തെറ്റായ വിവരങ്ങൾ നല്കിയെന്നുമാണ് അദ്ദേഹത്തിനെതിരെ ആരോപിച്ച കുറ്റകൃത്യം.



ജോസ് കല്ലിടുക്കിൽ

പ്രസിഡണ്ട് ജോ ബൈഡനെ പ്രതിരോധത്തിലാക്കാൻ മുൻ പ്രസിഡണ്ട് ഡോണാൾഡ് ട്രംപും റിപ്പബ്ലിക്കൻ പാർട്ടിയിലെ ഒരു വിഭാഗവും ഹണ്ടർ ബൈഡനെതിരെ നിരന്തരം ആരോപണങ്ങൾ ഉയർത്തിയിരുന്നു. അവയിൽ പലതും വ്യാജവുമായിരുന്നു. എങ്കിലും മയക്കമരുന്ന് സ്ഥിരമായി ഉപയോഗിച്ചിരുന്ന 2018-കാലയളവിൽ റിവോൾവർ വാങ്ങുവാൻ സമർപ്പിച്ച അപേക്ഷയിൽ മയക്കമരുന്ന് ഉപയോഗം മറച്ചുവെച്ചു എന്ന ആരോപണം അദ്ദേഹത്തിന്റെ മുൻഭാര്യമാരുടെ കൂടി മൊഴിയുടെ അടിസ്ഥാനത്തിൽ കോടതിക്ക് ബോദ്ധ്യപ്പെട്ടു. 25 വർഷം വരെ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യമാണ് അദ്ദേഹത്തിനെതിരെ തെളിയിക്കപ്പെട്ടിട്ടുള്ളത്. എങ്കിലും പൂർവ്വകാല കുറ്റകൃത്യങ്ങൾ ഇല്ലാത്തതിനാലും കൈവശം വെച്ച തോക്ക് ഉപയോഗിച്ച് അപകടപ്രവർത്തനങ്ങളിൽ ഏർപ്പെടാത്തതിനാലും ശിക്ഷയിൽ ഗണ്യമായ ഇളവ് ലഭിക്കുമെന്നാണ് നിയമവൃത്തങ്ങൾ കരുതുന്നത്. ഡെലവെയറിലെ ഡിസ്ട്രിക്ട് ജഡ്ജ് മേരി എലൻ നോറേക്കാ അദ്ദേഹത്തിനെതിരെയുള്ള ശിക്ഷ വിധിക്കും. 2019-നുശേഷം ഹണ്ടർ ബൈഡൻ മയക്കമരുന്നിൽ നിന്ന് പൂർണ്ണമായും മോചനം നേടിയെന്ന വസ്തുതയും വിധിപ്രഖ്യാപനത്തെ സ്വാധീനിക്കും എന്നും കരുതപ്പെടുന്നു.

ഹണ്ടർ ബൈഡനെതിരെ ഉണ്ടായ ജൂറി വിധി പ്രസിഡണ്ട് ജോ ബൈഡനെയും പ്രഥമ വനിത ജിൽ ബൈഡൻ ഉൾപ്പെടെയുള്ള കുടുംബാംഗങ്ങളെയും ദുഃഖത്തിലാക്കി. തന്റെ ദുഃഖവും നിരാശയും പ്രകടിപ്പിച്ചപ്പോഴും ജൂറിയുടെ വിധി താൻ അംഗീകരിക്കുമെന്നും നീതിന്യായ പ്രക്രിയയോട് തനിക്ക് പൂർണ്ണമായ ബഹുമാനമുണ്ടെന്നും പ്രസിഡണ്ട് ജോ ബൈഡൻ പ്രഖ്യാപിച്ചു. വിധിപ്രഖ്യാപനമുണ്ടായ ഉടൻ ഡെലവെയറിലെ സ്വഭവനത്തിലെത്തി രാത്രി, കുടുംബാംഗങ്ങൾക്കൊപ്പം ചെലവഴിച്ച് പിറ്റേന്ന് ഇറ്റലിയിൽ നടന്ന 7 രാഷ്ട്രത്തലവന്മാരുടെ സമ്മേളനത്തിൽ പങ്കെടുക്കാനായി അദ്ദേഹം യാത്രതിരിച്ചു. ശിക്ഷയിൽ മകനെന്ന പരിഗണനയിൽ യാതൊരു ഇളവും താൻ നല്കുകയില്ലെന്നും അദ്ദേഹം പ്രഖ്യാപിച്ചു. വിധി വന്നാലുടൻ അതിനെതിരെ അപ്പീൽ സമർപ്പിക്കുമെന്ന് ഹണ്ടർ ബൈഡന്റെ അഭിഭാഷകൻ ആബേ ലോവൽ അറിയിച്ചു.

# കെ.എച്ച്.എൻ.എ സിൽവർ ജൂബിലി കൺവൻഷന് തയ്യാറെടുക്കുന്നു: ഡോ. നിഷാ പിള്ള

സതീശൻ നായർ

ചിക്കാഗോ: കേരള ഹിന്ദൂസ് ഓഫ് നോർത്ത് അമേരിക്കയുടെ 2025-ൽ നടക്കുന്ന ഹിന്ദു മഹാസംഗമം സംഘടനയുടെ രജതജൂബിലി ആഘോഷം കൂടിയായിരിക്കും. വിപുലമായ പരിപാടികളോടു കൂടി നടത്തപ്പെടുന്ന ഈ



രജതജൂബിലി ആഘോഷത്തിനുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞതായി പ്രസിഡണ്ട് ഡോ. നിഷാ പിള്ള പറഞ്ഞു. കെ.എച്ച്.എൻ.എ മിഡ്‌വെസ്റ്റ് റീജിയൻ, ചിക്കാഗോ സംഘടിപ്പിച്ച മീറ്റ് ആൻഡ് ഗ്രീറ്റ് പരിപാടിയിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു. സംഘടനയുടെ വിവിധ കർമ്മപദ്ധതികൾ നടന്നുവരുന്നതായും യുവതലമുറയെ കൂടുതൽ ഉൾപ്പെടുത്തി വിവിധ പ്രോഗ്രാമുകൾ നടത്തിവരുന്നതായും പ്രസിഡണ്ട് പ്രത്യേകം എടുത്തുപറഞ്ഞു. കൂടാതെ സദസ്സിന്റെ വിവിധ ചോദ്യങ്ങൾക്ക് മറുപടി നല്കുകയും ചെയ്തു. സംഘടനയുടെ മുന്നോട്ടുള്ള എല്ലാ പ്രവർത്തനങ്ങൾക്കും കർമ്മപരിപാടികൾക്കും നിങ്ങൾ ഓരോരുത്തരുടെയും കൂട്ടായ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിച്ചു.

ട്രസ്റ്റി മെംബർ അരവിന്ദ് പിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടിയ ചടങ്ങിൽ ജുഡീഷ്യൽ അംഗം സതീശൻ നായർ ഏവരെയും സ്വാഗതം ചെയ്തു. ജുഡീഷ്യൽ കമ്മിറ്റി ചെയർമാനും മുൻ പ്രസിഡണ്ടുമായ അനിൽകുമാർ പിള്ള, വൈസ് പ്രസിഡണ്ട് സുരേഷ് നായർ, ട്രസ്റ്റി മെംബർ പ്രസന്നൻ പിള്ള, കമ്മിറ്റി മെംബർ വിജി എസ്. നായർ, യൂത്ത് ചെയർ നിതിൻ നായർ തുടങ്ങിയവർ സംസാരിച്ചു.

കൂടാതെ രാധാകൃഷ്ണൻ നായർ, എംആർജി പിള്ള, സുരേഷ് ബാലചന്ദ്രൻ, രവി കുട്ടപ്പൻ, ചന്ദ്രൻപിള്ള, രാജമ്മ ഗോപാലകൃഷ്ണൻ, ലക്ഷ്മി സുരേഷ് തുടങ്ങിയവരും ചർച്ചയിൽ പങ്കെടുത്തു. വി. ഗോപാലകൃഷ്ണൻ ഏവർക്കും നന്ദി രേഖപ്പെടുത്തി.

# ലോക കേരളസഭയ്ക്ക് അമേരിക്കയിൽ നിന്നും അഭിവാദനങ്ങൾ!

രാജു മൈലപ്ര

**നാ**ലാം ലോക കേരളസഭ തിരുവനന്തപുരത്ത് വെച്ച് ആർഭാടപൂർവം നടത്തപ്പെടുകയാണ്. 103 രാജ്യങ്ങളിൽ നിന്നുള്ള പ്രവാസി പ്രതിനിധികൾ പങ്കെടുക്കുമെന്നാണ് ഔദ്യോഗിക അറിയിപ്പ്. എന്റമ്മോ! ഇത്രയും രാജ്യങ്ങളിൽ മലയാളികളുടെ സാന്നിദ്ധ്യം ഉണ്ടെന്നറിഞ്ഞപ്പോൾ എന്റെ ഉണ്ടക്കണ്ണ് തള്ളിപ്പോയി. ഇവരുടെയെല്ലാം യാത്ര, താമസം, ഭക്ഷണച്ചെലവ് ഇതെല്ലാം 'നിറഞ്ഞു കവിയുന്ന' നമ്മുടെ സർക്കാരിന്റെ ഖജനാവിൽ നിന്നാണ് എടുക്കുന്നത്.

'ലോക കേരളസഭ കൊണ്ട് എന്തു പ്രയോജനം?' എന്നു ചില 'വിവരദോഷികൾ' സംശയം പ്രകടിപ്പിക്കുന്നതു കാണുമ്പോൾ അവരോട് പുച്ഛവും സഹതാപവും തോന്നുന്നു. കഴിഞ്ഞ മൂന്നു ലോക കേരളസഭയിൽ ഏതാണ്ട് മുന്നൂറോളം പദ്ധതികൾ നടപ്പാക്കുമെന്നുള്ള വാഗ്ദാനങ്ങൾ നല്കുകയുണ്ടായി. അതിലൊന്നുപോലും ഇതുവരെ നടപ്പിലാക്കുവാൻ കഴിഞ്ഞില്ല എന്നതിന് വലിയ പ്രസക്തിയില്ല. വാഗ്ദാനങ്ങളാണല്ലോ നമ്മുടെ സർക്കാരിന്റെ നിലനില്പിന്റെ അടിത്തറ.

നാലാം ലോക കേരളസഭയുടെ ഉദ്ഘാടകനാകാനുള്ള ക്ഷണക്കത്തുമായി ചെന്ന ചീഫ് സെക്രട്ടറിയോട് 'കടക്കൂ പുറത്ത്' എന്ന് ഗവർണർ പറഞ്ഞത്രേ! അല്ലെങ്കിലും അങ്ങേർക്ക് ഒരെല്ല് കൂടുതലാണ്. ചുമ്മാതല്ല പിള്ളേർ അപ്പച്ചനെ വഴിനീളെ തടയുന്നത്. "Your daal will not cook here! Just remember that."

ലോക കേരളസഭയുടെ മുൻനിരയിൽത്തന്നെ സ്ഥാനം പിടിക്കുവാൻ അമേരിക്കൻ മലയാളികളുടെ പ്രതിനിധികൾ നേരത്തെ തന്നെ കേരളത്തിൽ എത്തിക്കഴിഞ്ഞു. അമേരിക്കൻ മലയാളികളുടെ നീറുന്ന പ്രശ്നങ്ങൾ അവിടെ ഉന്നയിക്കാൻ ശ്രമിച്ചാൽ 'അമ്മാതിരി കമന്റൊന്നും ഇവിടെ വേണ്ടാ, അമേരിക്കൻ മലയാളികളുടെ ഇടയിലും വിവരദോഷികൾ ഉണ്ട്' എന്നുള്ള കമന്റ് കേൾക്കേണ്ടി വരും. അതുകൊണ്ട് കമാന്നൊരക്ഷരം മിണ്ടാതെ മൗനം പാലിക്കുന്നതാണ് ബുദ്ധി.



ലേഖകൻ

ഭക്ഷണത്തിൽ എരിവ് കുറച്ചാൽ തന്നെ അമേരിക്കൻ മലയാളികളുടെ 'നീറുന്ന' പ്രശ്നങ്ങൾക്ക് ഒരു പരിധി വരെ ശമനം കിട്ടും.

അമേരിക്കയിൽ നിന്നും ലോക കേരളസഭയിൽ സംബന്ധിക്കുവാൻ എത്തിയവർക്ക് പ്രയോജനപ്പെടുന്ന ചില കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ആഗ്രഹിക്കുന്നു.

'നവകേരളയാത്ര' എന്ന പേരിൽ കാസർകോട് മുതൽ കന്യാകുമാരി വരെ മുഖ്യനും മന്ത്രിമാരും ഒരുമിച്ചു യാത്ര ചെയ്ത അത്ഭുത ബസ് കാണാൻ മറക്കരുത്. അതു പൊടിതട്ടാതെ മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്. കാഴ്ചക്കാരുടെ നീണ്ട ക്യൂ ഉള്ളതുകൊണ്ട് മുൻകൂട്ടി ബുക്ക് ചെയ്യുന്നത് പ്രയോജനപ്പെടും.

വിരലിനോ നഖങ്ങൾക്കോ മറ്റോ എന്തെങ്കിലും ചെറിയ പ്രശ്നമുണ്ടായാൽ ലോകോത്തര നിലവാരമുള്ള നമ്മുടെ മെഡിക്കൽ കോളജുകളിൽ പോകണം. വിരലിനോടൊപ്പം നാക്കും ഫ്രീയായി മുറിച്ചുതരും.

അമേരിക്കയുടെ 'ഡെന്റൽ' ചെലവ് താങ്ങാവുന്നതിനും അപ്പുറമാണല്ലോ. നല്ല ഒന്നാന്തരം ഡെന്റൽ ക്ലിനിക്കുകൾ കേരളത്തിൽ അങ്ങോളമിങ്ങോളമുണ്ട്. 'മൂന്ന് പല്ല് ഒരുമിച്ചു പറിക്കുന്നവർക്ക്, ഒരു പറി ഫ്രീ' എന്നാണ് ഒരു ദന്താശുപത്രിയുടെ പരസ്യം.

തിരുവനന്തപുരത്തെ റോഡുകളുടെ വീഡിയോ എടുത്ത്, എങ്ങനെയാണ് നഗരങ്ങളിൽ റോഡ് നിർമ്മിക്കേണ്ട രീതി എന്ന് ന്യൂയോർക്കുകാരെ പഠിപ്പിക്കണം.

വാഴക്കുല ഡോക്ടറേറ്റ് നേടിയ മഹതിയുടെ ഇംഗ്ലീഷ് പ്രഭാഷണം കേട്ട് നിങ്ങൾ 'ഉൽബുദ്ധന്മാരാകണം.' നമ്മുടെ ഇംഗ്ലീഷ് എങ്ങനെ സംസാരിക്കണം എന്നു നമ്മുടെ കുട്ടികളെ പഠിപ്പിക്കുവാൻ ആ മഹതിയുടെ പ്രസംഗത്തിന്റെ ഒരു കോപ്പി അവർക്കു വേണ്ടി കരുതണം: 'Politics is the art of changing impossible things of today to the possible things of tomorrow for difficult youth. Keats the poet died youth'. കൂട്ടത്തിൽ ഉന്നത വിദ്യാഭ്യാസമന്ത്രിയുടെ "whereever I go, I carry my house on my head" കൂടി കൊണ്ടുപോരണം.

അമേരിക്കൻ മലയാളികളുടെ പ്രത്യേക ശ്രദ്ധയ്ക്ക്: നിങ്ങൾ പോകുന്നത് തിരുവനന്തപുരത്തേക്കാണ്. അവിടം ഭരിക്കുന്നത് മേയറൂട്ടിയാണ്. 'അഹങ്കാരത്തിന് കൈയും കാലും വെച്ച കൊച്ച്' എന്നൊക്കെ അസൂയാലുക്കൾ വെറുതെ പറയുന്നതാണ്. എന്നാലും അറിഞ്ഞോ അറിയാതെയോ മേയറൂട്ടിയെ കാണുമ്പോൾ കൈകൊണ്ട് ഒരു 'പ്രത്യേക ആക്ഷൻ' ഒന്നും കാണിക്കാൻ നില്ക്കരുത്. വകുപ്പ് പീഡനമാ. അമേരിക്കൻ മലയാളികളെ ഉദ്ധരിക്കുവാൻ പോയിട്ട്, പൂജപ്പുര ജയിലിൽ കിടന്ന് ഉണ്ട തിന്നുവാൻ ഇടവരരുത്.

പരസ്പരം കൂടെക്കൂടെ കാണുവാനും ബിസിനസ് ബന്ധങ്ങൾ പുതുക്കുവാനും ചക്കാത്തിനു തിന്നു കുടിച്ച് അർമാദിക്കുവാൻ കിട്ടുന്ന ഒരവസരമല്ലേ ഇത്. ആനന്ദിപ്പിൻ-ഇതെല്ലാം കേരളത്തിലെ 'മറിയക്കുട്ടിമാരുടെ' പിച്ചച്ചട്ടിയിൽ കൈയിട്ടു വാരിയ കാശു കൊണ്ടാകുമ്പോൾ അതിന്റെ സുഖമൊന്നു വേറെ!

അങ്കം ജയിച്ചു വേഗമിങ്ങു തിരിച്ചു വരണേ! കൺവൻഷനുകൾ പടിവാതിൽക്കൽ കാത്തുനിൽക്കുന്നു.

'ലോക കേരളസഭ നീണാൾ വാഴട്ടെ!'

## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 83.54 |
| യൂറോ | 89.48 |
| സ്റ്റെർലിംഗ്പൗണ്ട് | 105.84 |
| സ്വിസ് ഫ്രാങ്ക് | 93.65 |
| സിംഗപ്പൂർ ഡോളർ | 61.75 |
| കനേഡിയൻ ഡോളർ | 60.80 |
| ഒമാൻ റിയാൽ | 217.03 |
| ബഹ്റൈൻ ദിനാർ | 221.69 |
| സൗദി റിയാൽ | 22.27 |
| യു.എ.ഇ. ദിർഹം | 22.75 |
| കുവൈത്ത് ദിനാർ | 272.37 |

# സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് കൊയർ മ്യൂസിക് ആൽബം പുറത്തിറക്കി

ജോർജ് തുമ്പയിൽ

ന്യൂജേഴ്സി: സെന്റ് പീറ്റേഴ്സ് മാർത്തോമ്മാ ചർച്ച് കൊയർ, വാഷിങ്ടൺ ടൗൺഷിപ്പ്, ന്യൂജേഴ്സി, അവരുടെ മ്യൂസിക് ആൽബം Tikvah (ഹോപ്പ്) ജൂൺ 9-ന് ഞായറാഴ്ച ആരാധനയോടനുബന്ധിച്ച് പുറത്തിറക്കി.

ഇടവക വികാരി റവ. ജോൺ ടി. എസ് ആൽബത്തിന്റെ ആദ്യകോപ്പി ഇടവക വൈസ് പ്രസിഡണ്ട് ജോർജ് തോമസിന് നല്കി പ്രകാശനം ചെയ്തു.

ഇടവകയിലെ അംഗങ്ങളായ റെജി ജോസഫ്, സാം പെണ്ണുക്കര, കുരുവിള മാത്യു, ഷിബി തോമസ് കൂടാതെ DSMC മുൻ ഡിറക്ടർ റവ. ആശിഷ് തോമസ് ജോർജ്, ജോർജ് വർഗീസ് ഡാളസ്, ജോബിൻ തോമസ് ഫിലിപ്പ് എന്നിവർ രചിച്ച ഗാനങ്ങൾക്ക് റവ. ആശിഷ് തോമസ് ജോർജ്, സുജിത് ഏബ്രഹാം, ജോബിൻ തോമസ് ഫിലിപ്പ്, കുരുവിള മാത്യു, ഷിബി തോമസ്, ജോസി പുല്ലാട് എന്നിവർ ഈണം നല്കി.

മ്യൂസിക് ആൽബത്തിന് സുജിത് ഏബ്രഹാം സംവിധാനം നിർവഹിച്ചു, ബോബി മാത്യൂസ് പ്രൊജക്റ്റ് മാനേജരായും കുരുവിള മാത്യു അസി. പ്രൊജക്റ്റ് മാനേജരായും പ്രവർത്തിച്ചു.



പ്രശസ്ത ഗായകരായ ഇമ്മാനുവേൽ ഹെൻറി, എലിസബത്ത് രാജു, മെറിൻ ഗ്രിഗറി, മിഥില മൈക്കൽ, അനിൽ കൈപ്പട്ടൂർ, റവ. ആഷിഷ് തോമസ് ജോർജ് കൂടാതെ ഇടവകയിലെ വളർന്നുവരുന്ന ഗായകസംഘാംഗങ്ങളായ സാറ വർഗീസ്, അനിക തോമസ് എന്നിവരുമാണ് ഗാനങ്ങൾ ആലപിച്ചിരിക്കുന്നത്.

മ്യൂസിക് ആൽബത്തിന്റെ കൂടുതൽ വിവരങ്ങൾ https://tikvahalbum.-com/ എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടവകയുടെ കൊയറിന്റെ പ്രവർത്തനങ്ങൾക്ക് റവ. ജോൺ ടി.എസ്, സെക്രട്ടറി സജി മാത്യു, ട്രസ്റ്റീ ജിനു മാത്യു, മലയാളം വിഭാഗത്തിന് ബോബി മാത്യൂസും ഇംഗ്ലീഷ് വിഭാഗം ജോനാഥൻ സാമും നേതൃത്വം നല്കുന്നു. കൊയറിന്റെ പ്രവർത്തനങ്ങൾക്ക് ഏവരുടെയും പ്രാർത്ഥനയും സഹകരണവും തുടർന്നും ക്ഷണിക്കുന്നു.



# സുനിൽ ഗാവസ്കറിന് ഊഷ്മള സ്വീകരണമൊരുക്കി വർക്കി ഏബ്രഹാം

ന്യൂയോർക്ക്: ടി 20 ലോക കപ്പ് ക്രിക്കറ്റ് ടൂർണ്ണമെന്റിന്റെ ഭാഗമായി ന്യൂയോർക്കിലെത്തിയ ക്രിക്കറ്റ് ഇതിഹാസ താരം സുനിൽ ഗാവസ്കറിന് പ്രശസ്ത സംരംഭകൻ വർക്കി ഏബ്രഹാം ഊഷ്മളമായ സ്വീകരണം നല്കി.



ക്രിക്കറ്റിന്റെ ചരിത്രത്തിലെ ഏറ്റവും മികച്ച ഓപ്പണിംഗ് ബാറ്റ്സ്മാന്മാരിൽ ഒരാളായി കണക്കാക്കപ്പെടുന്ന 'സണ്ണി' അല്ലെങ്കിൽ 'ലിറ്റിൽ മാസ്റ്റർ' തന്റെ ക്രിക്കറ്റ്കാല ജീവിതവും ഇപ്പോഴത്തെ പ്രവർത്തനങ്ങളും പങ്കുവെച്ചു. ക്രിക്കറ്റിൽ നിന്ന് വിരമിച്ചതിനു ശേഷം ഗാവസ്കർ ക്രിക്കറ്റ് കമന്റേറ്ററും അനലിസ്റ്റും കോളമിസ്റ്റുമായി. ക്രിക്കറ്റിനുള്ളിലെ വിവിധ ഭരണപരമായ റോളുകളിൽ ഏർപ്പെട്ടിട്ടുള്ള അദ്ദേഹം തന്റെ ഉൾക്കാഴ്ചയുള്ള കമന്ററിയിലൂടെയും എഴുത്തിലൂടെയും കായികരംഗത്ത് തന്റെ സംഭാവന തുടരുന്നു.

ഹാനോവർ ബാങ്കിന്റെ ഡയറക്ടറും പ്രവാസി ചാനലിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും നിരവധി സംരംഭങ്ങളുടെ ചെയർമാനുമായ വർക്കി ഏബ്രഹാം ഗാർഡൻ സിറ്റിയിലുള്ള പ്രമുഖ ഇറ്റാലിയൻ റെസ്റ്റോറന്റായ ജോനാതനിൽ ആയിരുന്നു സ്വീകരണവും സൗഹൃദവിരുന്നും ഒരുക്കിയത്.

ഫോമാ മുൻ പ്രസിഡണ്ടും സാമൂഹിക, സാംസ്കാരിക രംഗങ്ങളിലെ നിറസാന്നിദ്ധ്യവും പ്രവാസി ചാനലിന്റെ ചീഫ് ഓപ്പറേറ്റിംഗ് ഓഫീസറും സംരംഭകനുമായ ജോൺ ബേബി ഊരാളിൽ, ഇന്ത്യ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക നാഷണൽ പ്രസിഡണ്ടും പ്രവാസി ചാനൽ, ഇ-മലയാളി, ഇന്ത്യ ലൈഫ് എന്നീ മാധ്യമങ്ങളുടെ മാനേജിങ് ഡയറക്ടറുമായ സുനിൽ ട്രൈസ്റ്റാർ തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു.



ക്രിക്കറ്റിനെക്കുറിച്ചും തന്റെ കുടുംബത്തെക്കുറിച്ചും ഗാവസ്കർ വാചാലനായി. കൊച്ചുമകന് ക്രിക്കറ്റിൽ അത്ര താത്പര്യമില്ലെന്നും 'പിക്കിൾ ബോളിൽ' ആണ് താത്പര്യമെന്നും അദ്ദേഹം പറഞ്ഞു. മകൻ ലണ്ടനിൽ സ്ഥിരതാമസമാണെന്നും മിക്കവാറും അവിടെ പോകാറുണ്ടെന്നും അദ്ദേഹം പറഞ്ഞു.സോഷ്യൽ മീഡിയയുടെ വളർച്ചയോടു കൂടി പെട്ടെന്ന് പ്രശസ്തരാകാനുള്ള സാദ്ധ്യതകൾ ഏറെ ഉണ്ടായെന്നും അദ്ദേഹം പറയുകയുണ്ടായി. പണ്ടൊക്കെ ക്രിക്കറ്റ് ടൂർണമെന്റ് കളിക്കാൻ പോകുമ്പോൾ ചിലപ്പോൾ പരസ്പരം മത്സരിക്കുന്ന രണ്ട് ടീം അംഗങ്ങൾ ഒരു റൂമിൽത്തന്നെ കഴിഞ്ഞതായുള്ള ഓർമ്മയും അദ്ദേഹം പങ്കുവെച്ചു. ഇന്നത്തെ കാലത്ത് അത് അസാദ്ധ്യമാണെന്ന് അദ്ദേഹം പറയുകയുണ്ടായി.

ടെസ്റ്റ് ക്രിക്കറ്റിൽ 10,000 റൺസ് തികച്ച ആദ്യ ക്രിക്കറ്റ് താരമാണ് ഗാവസ്കർ. 1987-ൽ ഈ നാഴികക്കല്ല് കൈവരിച്ചു. 34 ടെസ്റ്റ് സെഞ്ചുറികളുടെ റെക്കോർഡ് സച്ചിൻ ടെണ്ടുൽക്കർ തകർക്കുന്നതുവരെ ഏകദേശം രണ്ട് ദശാബ്ദക്കാലത്തെ ഏറ്റവും ഉയർന്ന സെഞ്ചുറിയായിരുന്നു. 1979-ൽ ഓവലിൽ ഇംഗ്ലണ്ടിനെതിരെ നേടിയ 221 റൺസും 1983-ൽ ചെന്നൈയിൽ വെസ്റ്റിൻഡീസിനെതിരെ നേടിയ 236 റൺസും അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ഇന്നിംഗ്സുകളിൽപ്പെടുന്നു.

# സാക്രമെന്റോ മിഷൻ ലീഗ് മരിയൻ തീർത്ഥാടനം സംഘടിപ്പിച്ചു


കാലിഫോർണിയ: സാക്രമെന്റോ സെ. ജോൺ പോൾ സെക്കന്റ് ക്നാനായ കത്തോലിക്കാ മിഷനിലെ ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ മരിയൻ തീർത്ഥാടനം സംഘടിപ്പിച്ചു.

**സിജോയ് പറപ്പള്ളിൽ**

സാന്താ ക്ലാരയിലെ പ്രസിദ്ധമായ ഔർ ലേഡി ഓഫ് പീസ് തീർത്ഥാടന കേന്ദ്രത്തിൽ കുട്ടികളും മുതിർന്നവരും എത്തിച്ചേർന്നു പ്രത്യേക പ്രാർത്ഥനകൾ നടത്തി.

മിഷൻലീഗ് യൂണിറ്റ് ഡയറക്ടർ ഫാ. റെജി തണ്ടാരശ്ശേരി, വൈസ് ഡയറക്ടർ റ്റുറ്റു ചെരുവിൽ എന്നിവർ പരിപാടികൾക്ക് നേതൃത്വം നല്കി.



# യുക്രെയിൻ–റഷ്യ യുദ്ധത്തെ ചൈന സഹായിക്കുന്നുവെന്ന് ജി–7

റോം: യുക്രെയ്നെതിരായ യുദ്ധത്തിൽ ചൈനയും റഷ്യയെ പിന്തുണയ്ക്കുന്നുവെന്ന് ജി7 ഉച്ചകോടി. യുക്രെയ്നെതിരായ യുദ്ധത്തെ സഹായിക്കുന്നവർക്കെതിരെ കൂടുതൽ ഉപരോധങ്ങൾ ഏർപ്പെടുത്തുമെന്നും ഉച്ചകോടി മുന്നറിയിപ്പ് നല്കി. ജി7 ഉച്ചകോടിയുടെ സമാപനത്തിലാണ് ലോകത്തിലെ മുൻനിര സമ്പത്തിക ശക്തികൾ ചൈനയ്ക്കെതിരെ നിലപാട് കടുപ്പിച്ചത്.

റഷ്യയുടെ പ്രതിരോധ വ്യാവസായിക മേഖലയെ സഹായിക്കുന്ന ചൈനയ്ക്കെതിരെ കർശന നിലപാട് സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് യൂറോപ്യൻ രാജ്യങ്ങളെ ബോദ്ധ്യപ്പെടുത്താൻ അമേരിക്ക നയതന്ത്ര ശ്രമങ്ങൾ നടത്തിവരുന്നതിനിടെയാണ് ജി7 ഉച്ചകോടിയും ഈ വിഷയത്തിൽ നിലപാട് കടുപ്പിച്ചിരിക്കുന്നത്.

റഷ്യയുടെ പ്രതിരോധ വ്യാവസായിക അടിത്തറയ്ക്ക് ചൈന നല്കുന്ന പിന്തുണ യുക്രെയ്നിലെ നിയമവിരുദ്ധമായ യുദ്ധം തുടരാൻ റഷ്യയെ പ്രാപ്തമാക്കുന്നുവെന്നും ഇതു വലിയ സുരക്ഷാപ്രത്യാഘാതമുണ്ടാക്കുന്നുവെന്നും ജി7 നേതാക്കൾ സംയുക്ത പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. റഷ്യയുടെ പ്രതിരോധ മേഖലയ്ക്ക് പിൻബലമേകി ആയുധഘടകങ്ങളും ഉപകരണങ്ങളും ഉൾപ്പെടെയുള്ള സാമഗ്രികളുടെ കൈമാറ്റം നിർത്താൻ ചൈനയോട് ആവശ്യപ്പെടുന്നുവെന്നും പ്രസ്താവനയിൽ പറയുന്നു.

പാശ്ചാത്യ ഉപരോധങ്ങൾ മറികടക്കാൻ റഷ്യയെ സഹായിക്കുന്നുവെന്ന് പറയുന്ന ചൈനീസ് സ്ഥാപനങ്ങളെ ശിക്ഷിക്കുന്നതിന് ഉപരോധം ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും നേതാക്കൾ മുന്നറിയിപ്പ് നല്കി.



റഷ്യയുടെ യുദ്ധത്തെ പിന്തുണയ്ക്കുന്ന ചൈനയിലെയും മൂന്നാം രാജ്യങ്ങളിലെയും ആളുകൾക്കും സാമ്പത്തിക സ്ഥാപനങ്ങൾക്കുമെതിരെ നടപടിയെടുക്കുന്നത് തുടരും: പ്രസ്താവനയിൽ വ്യക്തമാക്കി.

റഷ്യയുടെ അധിനിവേശത്തിൽ തളർന്നുകൊണ്ടിരിക്കുന്ന യുക്രെയ്നെ ശാക്തീകരിക്കുകയെന്നതായിരുന്നു ജി7 ഉച്ചകോടിയുടെ പ്രധാന അജൻഡ. അതേസമയം ചൈനയും പാക്കിസ്ഥാനും ചേർന്നുള്ള ബെൽറ്റ് ആൻഡ് റോഡ് ഇനിഷേറ്റീവിന് ബദലായി ഇന്ത്യ-മിഡിൽ ഈസ്റ്റ്-യൂറോപ്പ് സാമ്പത്തിക ഇടനാഴിക്ക് പിന്തുണ നല്കുമെന്ന് ജി 7 ഉച്ചകോടി വ്യക്തമാക്കി. കഴിഞ്ഞ വർഷം ന്യൂഡൽഹിയിൽ നടന്ന ജി7 ഉച്ചകോടിയും പദ്ധതിക്ക് പിന്തുണ പ്രഖ്യാപിച്ചിരുന്നു.

## വോട്ടിംഗ് മെഷീൻ വീണ്ടും ചർച്ചയാകുന്നു

(3-ാം പേജിൽനിന്നും)

ലോകത്തെ പ്രമുഖരായ സാങ്കേതിക വിദഗ്ദ്ധർപോലും ഇവിഎമ്മിൽ ക്രമക്കേട് സാദ്ധ്യമെന്നു പറയുമ്പോൾ എന്തിനാണ് ഇവിഎം അടിച്ചേല്പിക്കുന്നതെന്ന് ബിജെപി വിശദീകരിക്കണമെന്നു അഖിലേഷ് ആവശ്യപ്പെട്ടു. എന്നാൽ, മസ്കിന്റെവാദത്തിനു പ്രതികരണവുമായി മുൻകേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖർ രംഗത്തെത്തി.

ഇലോൺ മസ്ക് ഇന്ത്യയിലെ വോട്ടിംഗ് മെഷീനുകളുടെ സുതാര്യതയെക്കുറിച്ചു മനസ്സിലാക്കാതെയാണ് സംസാരിക്കുന്നതെന്നും അമേരിക്കയിലും മറ്റും നിർമ്മിച്ചതുപോലെ സാധാരണ കംപ്യൂട്ടറുകൾ ഉപയോഗിച്ചു നിർമിച്ചവയല്ല ഇന്ത്യയിലെ വോട്ടിംഗ് മെഷീനുകളെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

ഇന്റർനെറ്റ് വഴിയോ ബ്ലൂടൂത്ത് വഴിയോ ബന്ധിപ്പിക്കാൻ സാധിക്കാത്ത രീതിയിലാണ് ഇന്ത്യയിലെ വോട്ടിംഗ് മെഷീനുകൾ നിർമ്മിച്ചിരിക്കുന്നതെന്നും ഇത് എങ്ങനെ നിർമ്മിക്കണമെന്ന് അറിയില്ലെങ്കിൽ പരിശീലനം നല്കാമെന്നും അദ്ദേഹം വ്യക്തമാക്കി.

## നേരിടാൻ ബിജെപി

(4-ാം പേജിൽനിന്നും)

ജെഡിയുവിനും വ്യത്യസ്ത നിലപാടുകളാണ്. ബിജെപി നിർദ്ദേശിക്കുന്നയാളെ പിന്തുണയ്ക്കുമെന്നാണ് ജെഡിയു നേതാവ് കെ.സി. ത്യാഗി പറഞ്ഞത്. എന്നാൽ, സ്ഥാനാർത്ഥിയെ എൻഡിഎ ഘടകകക്ഷികൾ ഒരുമിച്ചു തീരുമാനിക്കണമെന്നാണ് ടിഡിപിയുടെ പക്ഷം. വാജ്പേയി സർക്കാരിന്റെ കാലത്ത് ടിഡിപി സ്പീക്കർ പദവി എടുത്തശേഷം സർക്കാരിനു പുറത്തുനിന്ന് പിന്തുണ നല്കിയിരുന്നു. ഡെപ്യൂട്ടി സ്പീക്കർ പദവി പ്രതിപക്ഷത്തിനു നല്കിയില്ലെങ്കിൽ ഇന്ത്യാസഖ്യം സ്പീക്കർ സ്ഥാനാർത്ഥിയെ നിർത്തിയേക്കുമെന്നും അഭ്യൂഹമുണ്ട്.

## ബില്ലിന് അംഗീകാരം

(3-ാം പേജിൽനിന്നും)

ഉയർന്ന വാർഡുകളുള്ള തദ്ദേശസ്ഥാപനങ്ങളുടെ എണ്ണം 23-ൽ നിന്ന് 24 ആയി ഉയരും.

1994-ലെ കേരള പഞ്ചായത്ത്രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങളിൽ ഭേദഗതി വരുത്തിയുള്ള തദ്ദേശവാർഡ് വിഭജനം മൂന്നു ഘട്ടമായാണ് നടക്കുന്നത്. ഡിലിമിറ്റേഷൻ കമ്മീഷൻ രൂപീകരിച്ചതോടെ ഒന്നാം ഘട്ടത്തിൽ വാർഡ് വിഭജനത്തിനുള്ള മാർഗനിർദേശങ്ങൾ കമ്മീഷൻ ഉടൻ പുറത്തിറക്കും. രണ്ട് ഘട്ടമായി തദ്ദേശ സ്ഥാപന സെക്രട്ടറിമാർ 2011-ലെ ജനസംഖ്യാനുപാതികമായി പുതിയ വാർഡുകൾ രൂപീകരിച്ചും മറ്റു വാർഡുകളുടെ അതിർത്തികൾ പുനർനിർണയിച്ചും കരട്ഭൂപടം ഉൾപ്പെടെ തയ്യാറാക്കും. ഇത് ജില്ലാതല ഉദ്യോഗസ്ഥർക്കും കമ്മീഷനും സമർപ്പിക്കും. തുടർന്ന് ഇത് പ്രസിദ്ധീകരിക്കും. ഇതിന്റെ പകർപ്പുകൾ അംഗീകൃത രാഷ്ട്രീയ പാർട്ടികൾക്കും തദ്ദേശസ്ഥാപനതലത്തിലും കൈമാറും. മൂന്നാം ഘട്ടമായി കമ്മീഷനും ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനായ കളക്ടർ, വിഭജനം സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കും. ഇതേക്കുറിച്ച് അന്വേഷിക്കാൻ ജില്ലാതല ഉദ്യോഗസ്ഥരെ കമ്മീഷൻ നിയോഗിക്കും. ഇവർ വ്യക്തമായ ശിപാർശയോടെ അന്വേഷണ റിപ്പോർട്ട് കളക്ടർമാർക്ക് കൈമാറും.

യുക്തമെന്നു തോന്നുന്നെങ്കിൽ കമ്മീഷൻ പരാതിക്കാരെ നേരിൽ കേൾക്കും. ആവശ്യമെങ്കിൽ കമ്മീഷൻ സ്ഥലപരിശോധനയും നടത്തും. തുടർന്ന് അന്തിമ വാർഡ് വിഭജന റിപ്പോർട്ട് പ്രസിദ്ധീകരിക്കും. 2025 നവംബർ-ഡിസംബറിലായി നടക്കുന്ന തദ്ദേശ തെരഞ്ഞെടുപ്പിനു മുന്നോടിയായി നടപടി പൂർത്തിയാക്കാനാണ് തീരുമാനം.

സംസ്ഥാനത്തെ 1200 തദ്ദേശസ്ഥാപനങ്ങളിലാണ് വാർഡ് പുനർവിഭജനം നടക്കുക. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാപഞ്ചായത്ത്, ബ്ലോക്ക്പഞ്ചായത്ത്, ഗ്രാമപഞ്ചായത്ത് എന്നിവയാണ് ഇതിൽപ്പെടുക. അടുത്തിടെ വാർഡ് പുനർവിഭജനം നടന്നതിനാൽ മട്ടന്നൂർ ഒഴികെ 1199 തദ്ദേശസ്ഥാപനങ്ങളിലാണ് ഇപ്പോൾ പുനർവിഭജനം തീരുമാനിച്ചിരിക്കുന്നത്.

സബ്ജക്ട് കമ്മിറ്റിക്കു വിടാതെ നിയമസഭ അഞ്ചു മിനിറ്റുകൊണ്ട് പാസാക്കിയ ബില്ലുകൾ അംഗീകരിക്കരുതെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഗവർണർക്ക് കത്ത് നല്കിയിരുന്നു.

## ഒപ്പുവെക്കാതെ ഇന്ത്യയടക്കം ഏഴ് രാജ്യങ്ങൾ

(ഒന്നാം പേജിൽ നിന്നും)

നിരീക്ഷകരായി ഉച്ചകോടിയിൽ പങ്കെടുത്ത ബ്രസീലും സംയുക്ത പ്രസ്താവന അംഗീകരിച്ചില്ല. 79 രാജ്യങ്ങൾ ഒപ്പുവെച്ചു.

സാപൊറീഷ്യ ആണവനിലയത്തിന്റെ നിയന്ത്രണം യുക്രെയ്നു തിരിച്ചു നല്കണമെന്നും തുറമുഖങ്ങൾക്കും കപ്പലുകൾക്കും നേരെയുള്ള ആക്രമണം അവസാനിപ്പിക്കണമെന്നും പ്രസ്താവനയിൽ ആവശ്യപ്പെട്ടു. ഉച്ചകോടിയിൽ ഇന്ത്യയുടെ പ്രതിനിധിയായി വിദേശകാര്യ സെക്രട്ടറി പവൻ കപൂറാണ് പങ്കെടുത്തത്. ഇരുവിഭാഗങ്ങൾക്കും സ്വീകാര്യമായ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സമാധാനം പുനഃസ്ഥാപിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. മേഖലയിൽ സമാധാനത്തിനായി ബന്ധപ്പെട്ട രാജ്യങ്ങളുമായി ചർച്ച തുടരുമെന്നും വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

ജൂൺ 15, 16 തീയതികളിലായി സ്വിറ്റ്സർലൻഡിലെ ബർഗൻസ്റ്റോക്കിലാണ് ഉച്ചകോടി നടന്നത്. എന്നാൽ, ഇതിലേക്ക് റഷ്യക്ക് ക്ഷണമുണ്ടായിരുന്നില്ല. ചൈനയെ യുക്രെയ്ൻ ക്ഷണിച്ചെങ്കിലും അവർ പ്രതിനിധിയെ അയയ്ക്കാതെ വിട്ടുനിന്നു. എന്നാൽ, റഷ്യയുടെ പ്രധാന വ്യാപാര പങ്കാളിയായ തുർക്കി പ്രസ്താവനയിൽ ഒപ്പുവെച്ചത് യുക്രെയ്ന് ആശ്വാസമായിട്ടുണ്ട്.

ഇപ്പോഴും ചിലർ 'ബാലൻസിങ്ങിന്' ശ്രമിക്കുന്നത് ദൗർഭാഗ്യകരമാണെന്ന് യുക്രെയ്ൻ പ്രസിഡണ്ട് വ്ളാഡിമിർ സെലൻസ്കി പറഞ്ഞു. യുക്രെയ്നിൽ നിന്ന് റഷ്യൻ സൈന്യം പിന്മാറിയാൽ നാളെത്തന്നെ ചർച്ചയ്ക്ക് തയ്യാറാണെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

## പോലീസ്–ഗുണ്ടാ സൗഹൃദം: കർശന നടപടിക്ക് ഡിജിപി

തിരുവനന്തപുരം: സാമൂഹികവിരുദ്ധരുമായി ബന്ധം സ്ഥാപിക്കുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി എസ്. ദർവേഷ് സാഹിബ് നിർദേശിച്ചു. ഇത്തരക്കാരെ സർവീസിൽ നിന്ന് നീക്കം ചെയ്യാൻ നടപടി വേണം. പോലീസ് ഉദ്യോഗസ്ഥർക്കെതിരെയുള്ള ശിക്ഷാനടപടികൾ നിശ്ചിത സമയത്തിനകം പൂർത്തിയാക്കണമെന്നും പോലീസ് ആസ്ഥാനത്ത് ക്രൈം കോൺഫറൻസിൽ അദ്ദേഹം പറഞ്ഞു.

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനും എസ്പിമാർ കർശന നടപടി സ്വീകരിക്കണം.

കുട്ടികളെയും സ്ത്രീകളെയും കാണാതാകുന്ന കേസുകളിൽ അന്വേഷണം ഊർജിതമാക്കണം. സൈബർ കുറ്റകൃത്യങ്ങൾ, പോക്സോ കേസുകൾ എന്നിവ സംബന്ധിച്ച നിലവിലെ സ്ഥിതി യോഗം വിലയിരുത്തി. കാപ്പ നിയമം ഉൾപ്പെടെ വിവിധ വകുപ്പുകൾ പ്രകാരം സ്വീകരിച്ച നടപടികളും യോഗം ചർച്ച ചെയ്തു.

## ആദരവോടെ അന്ത്യയാത്ര

(3-ാം പേജിൽനിന്നും)

തമിഴ്നാട്ടിൽനിന്നുള്ള ആംബുലൻസുകൾക്കു സംസ്ഥാനാതിർത്തിവരെ പോലീസ് അകമ്പടി. ബിഹാർ സ്വദേശി കലുക ഇസ്‌ലാമിന്റെ മൃതദേഹം നാട്ടിലെത്തിക്കാൻ വൈകും. പൊള്ളലേറ്റ് മുഖം തിരിച്ചറിയാനാകാത്ത നിലയിലായതിനാൽ ശാസ്ത്രീയ പരിശോധനകൾക്കു ശേഷമേ മൃതദേഹം വിട്ടുനൽകൂ.

ആദരാഞ്ജലി അർപ്പിക്കാൻ കാർഗോ ടെർമിനലിനു മുന്നിൽ പ്രത്യേക വേദിയൊരുക്കിയിരുന്നു. മൃതദേഹങ്ങൾ അടങ്ങിയ പെട്ടികൾ നിരത്തിവെച്ചത് 17 മേശകളിൽ. മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രിമാരായ കീർത്തി വർധൻ സിങ്, സുരേഷ് ഗോപി, തമിഴ്നാട് മന്ത്രി കെ.എസ്. മസ്താൻ, സംസ്ഥാന മന്ത്രിമാർ, പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ തുടങ്ങിയ ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരും അന്ത്യാഞ്ജലി അർപ്പിച്ചു.

കുവൈത്തിലെ ആശുപത്രികളിൽ ചികിത്സയിലുള്ളത് 14 മലയാളികൾ ഉൾപ്പെടെ 31 പേർ. എല്ലാവരും അപകടനില തരണംചെയ്തതായി അധികൃതർ അറിയിച്ചു. ജില്ലാ ഭരണകൂടത്തിന്റെയും പോലീസിന്റെയും നേതൃത്വത്തിലാണ് മൃതദേഹങ്ങൾ പൊതുദർശനത്തിനു വെച്ചതും ആംബുലൻസുകളിൽ വീടുകളിലേക്ക് അയച്ചതും.

ഓരോ ആംബുലൻസിനും ഒരു ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പോലീസ് പൈലറ്റ് ഒരുക്കി. ആംബുലൻസുകൾക്ക് എത്രയും പെട്ടെന്നു ലക്ഷ്യസ്ഥാനത്തെത്താൻ സിഗ്നലുകൾ ഒഴിവാക്കി ഗ്രീൻ ചാനലിലൂടെ സഞ്ചരിക്കാൻ ക്രമീകരണം ചെയ്തിരുന്നു.

## മാർപാപ്പയെ മോദി ഇന്ത്യയിലേക്ക് ക്ഷണിച്ചു

(3-ാം പേജിൽനിന്നും)

മാർപാപ്പയെ ആശ്ലേഷിച്ചാണ് പ്രധാനമന്ത്രി മോദി സൗഹൃദം പങ്കുവെച്ചത്. ഉച്ചകോടിയിൽ നിർമിതബുദ്ധിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഫ്രാൻസിസ് മാർപാപ്പ പങ്കെടുത്തു സംസാരിച്ചു. നിർമിതബുദ്ധി ഉപയോഗിച്ചു പ്രവർത്തിക്കുന്ന ആയുധങ്ങൾ നിരോധിക്കണമെന്ന് മാർപാപ്പ ആവശ്യപ്പെട്ടു. സായുധപോരാട്ടങ്ങൾ ദുരന്തമാകുന്നതിന്റെ വെളിച്ചത്തിൽ നിർമിതബുദ്ധി നിയന്ത്രിക്കുന്ന ആയുധങ്ങൾ വികസിപ്പിക്കുന്നതും ഉപയോഗിക്കുന്നതും സംബന്ധിച്ച് പുനർവിചിന്തനം നടത്തേണ്ട സമയം അതിക്രമിച്ചെന്നും അവ പൂർണ്ണമായും നിരോധിക്കണമെന്നും മാർപാപ്പ ആവശ്യപ്പെട്ടു.

മനുഷ്യജീവനെടുക്കാൻ ഒരിക്കലും ഒരു യന്ത്രത്തെ നിയോഗിക്കരുത്. നിർമിതബുദ്ധി ഒരേസമയം ആവേശവും ഭീഷണിയും ഉയർത്തുന്ന സംഗതിയാണ്. സ്വന്തം ജീവിതത്തെക്കുറിച്ച് തീരുമാനങ്ങളെടുക്കാനുള്ള കഴിവ് മനുഷ്യരിൽനിന്ന് എടുത്തുമാറ്റി പകരം യന്ത്രങ്ങളെ ആശ്രയിക്കുന്നത് ആശയറ്റ ഭാവിയിലേക്കുള്ള മനുഷ്യരാശിയുടെ യാത്രയാകും. അതിനാൽ ഈ നീക്കത്തെ നാം അപലപിക്കണം: മാർപാപ്പ ചൂണ്ടിക്കാട്ടി.

നിർമിതബുദ്ധി ഉപയോഗത്തിന്റെ നൈതികതയെക്കുറിച്ചുള്ള ചർച്ചയിലാണ് ഫ്രാൻസിസ് മാർപാപ്പ ഭാഗമായത്. ഇതാദ്യമായാണ് ഒരു മാർപാപ്പ ജി7 ഉച്ചകോടിയുടെ ചർച്ചയിൽ പങ്കെടുക്കുന്നതും നിലപാട് വ്യക്തമാക്കുന്നതും.

നയതന്ത്രബന്ധം തുടങ്ങിയ 1948 മുതൽ വത്തിക്കാനുമായി ഇന്ത്യക്ക് സുദൃഢമായ ബന്ധമാണുള്ളതെന്ന് മോദി-മാർപാപ്പ കൂടിക്കാഴ്ചയെക്കുറിച്ച് വിശദീകരിക്കവേ പ്രധാനമന്ത്രിയുടെ ഓഫീസ് ചൂണ്ടിക്കാട്ടി. ഏഷ്യയിലെ രണ്ടാമത്തെ വലിയ കത്തോലിക്കാ വിശ്വാസിസമൂഹമായ ഇന്ത്യയിൽ മാർപാപ്പ അടുത്തവർഷം സന്ദർശനം നടത്തിയേക്കുമെന്നാണ് പ്രതീക്ഷ. 2021 ഒക്ടോബറിൽ വത്തിക്കാനിൽ വെച്ച് മാർപാപ്പയുമായി പ്രധാനമന്ത്രി മോദി കൂടിക്കാഴ്ച നടത്തിയിരുന്നു.

# SEEKING BRIDEGROOM

*Pentecostal Parents invite proposals for their daughter, who is an MBBS Doctor and a Public Health Master's graduate from the American University of Armenia, now pursuing her Foreign Medical Licensing. She is 32 (17.2.1992/Height 5'4) with medium skin tone. She born in State of Qatar, Middle East and brought up in India. We are seeking suitable alliances from Christian - US, Canada, UK, Australia, New Zealand, Switzerland, Middle East who are Professionally qualified Doctors, CPAs, IT Professionals, Engineers with Masters.
If interested please contact **+91 8592955555 / +91 8943677777** or **mathewkws@gmail.com** with recent pictures and details.

*Pentecostal parents inviting proposals for their daughter (31 years, 2/10/1992, Hight 5'6) pursuing Ph. D program in Mechanical Engineering, University of North Carolina in USA, currently working as Teaching assistant at the same university from parents of professionally qualified spiritual boys from USA. If interested, please contact **+91 9142050975 / +91 9744797000** or **thomasnidheerickal@gmail.com.**

*Roman Catholic parents invite proposals for their daughter, who is a chemical engineering Ph.D. student at a reputed college. She is 26 years old and is 5'3" with a fair complexion. She is born and brought up in the USA. We are seeking suitable alliances from professionally qualified Doctors, CPAs, IT professionals, and Engineers with masters, born and raised in the USA, who are Catholics, family-oriented, and God fearing. Interested please respond with details including a recent picture to: **chry7851@gmail.com**

*Pentecostal parents settled in US inviting proposal for their daughter born and brought up in USA, 34yrs, 5'8", Doctor of Pharmacy working as a clinical pharmacist. We are seeking a professionally qualified spiritual boy from the same faith. If interested please contact **206 234 5555**, Email: **wmathew1@comcast.net**

*Immigrant Mar Thoma parents invite marriage proposal for their daughter in Kerala (27 yrs.) MSc, B.Ed., from parents of Mar Thoma or Orthodox boys in the US. She is very beautiful, God fearing and family oriented. Please contact at **ajohn1192@gmail.com** with picture and details.

*The Pentecostal family settled in Texas invites a proposal for their daughter, who will start her MD residency in California in June 2024. Age 25 (November 4, 1998), 5'4", God-fearing, baptized, fair & a US citizen from parents of a Pentecostal boy, with a professional career and from the US. Please email complete details and pictures to **risinginspirit@yahoo.com.**

*Pentecostal Family, residing in the US, is inviting proposals for their born again, baptized daughter (30/ 5'4). Born and brought up in California, she works as an Optometrist (Eye Doctor). She is God fearing and Family oriented. Seeking suitable proposals from parents of Pentecostal ,Family oriented and professional boys preferably based in the US. Please respond with photo and details to **shajeepmathew@gmail.com** or contact **1-972- 342-4297.**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to: **cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to **smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens). Interested parties kindly contact us with details and a recent picture to: **bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal back-

Visit Our Website: www.keralaexpress.com for Matrimonial

# SEEKING BRIDE

*Uncle and aunt settled in USA invites proposals from USA for their nephew, 29 years old, (154 lbs, 5'6") itinerant preacher and prophet, traveling nations, training and equipping next generation leaders for the Kingdom of God. Owner of resort and campsite. Those who are fully committed to ministry, contact WhatsApp **+91 9946477146**

*Well to do, healthy, Christian widower (80) seeking a mature, single, Christian lady or widow. Text me to start the conversation first to get to know each other. Phone number **(830)624-5533.**

*Marthoma parents with strong religious back ground seeking proposals for their son, 32 years, 5' 8", born and brought up near New York City, working in an Investment banking group, pursuing CFA. Parents of professional girls born and brought up in US from any Christian denomination may please respond with details to **go2mathew@gmail.com.**

*Pentecostal parents invite proposal for their son (September 1996, 5"7) born and brought up in US, born again, baptized, spirit filled, actively involve in church ministry, medical student starting his residency in the mid of 2025. From the parents of girls who have similar field or are professionally qualified. Please send recent pictures and full details to **ifhiswill2021@gmail.com.**

*Professionally qualified Pentacostal boy working and studying in USA (fair/36/78kg/182cm/ divorced) seeking suitable proposal from parents of born again, spirit filled and professionally qualified girls live in United States. Contact: **(832) 340-0672**

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you. Age 45 and 5' 7". Please respond with details and recent picture to **pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

## SEEKING BRIDEGROOM CONTD.....

ground. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas.
If interested please email information to **annoov17@gmail.com.**

## തോമസ് ചാക്കോ

**ചങ്ങനാശേരി:** വിമുക്തഭട ൻ തൃക്കൊടിത്താനം തേവല ക്കര തോമസ് ചാക്കോ (67) അ ന്തരിച്ചു. ഭാര്യ: എടത്വ മൂന്നുപ റയിൽ ലിസമ്മ തോമസ്. മക്ക ൾ: നേഹ, നെൻസി, നീതു (മൂ ന്നുപേരും യുഎസ്). മരുമക്കൾ: സിജി വരിക്കമുട്ടിൽ (മാമൂട്), പോൾ ആടുകുഴിയിൽ (തൊടു പുഴ), സാം ജോസഫ് പോളക്ക ളം (തൃക്കൊടിത്താനം).

## ജോസഫ് പി. മാത്യു

**പൊൻകുന്നം:** മോളോപ്പറ മ്പിൽ ജോസഫ് മാത്യു (ബേ ബിച്ചൻ-83) അന്തരിച്ചു. ഭാര്യ തിടനാട് കണിയാംപടി പരേത യായ മേരി മാത്യു. മക്കൾ: ജാസ്മിൻ, മനോജ് (ഇരുവരും യുഎസ്). മരുമക്കൾ: മാർട്ടിൻ തോട്ടാൻ (തൃശൂർ), സോണിയ മേലേടത്ത് തൃശൂർ (ഇരുവരും യുഎസ്).

## മേരി മാത്യു



**ന്യൂയോർക്ക്:** ഫൊക്കാന മുൻ പ്രസിഡണ്ട് പോൾ കറു കപ്പിള്ളിയുടെ ഭാര്യ ലതയുടെ അമ്മ മേരി മാത്യു (84) കേരള ത്തിൽ അന്തരിച്ചു. ഭർത്താവ് പ രേതനായ പെരുമ്പാവൂർ കുറു പ്പംപടി പടയാറ്റിൽ പി.കെ. മാ ത്യു. മക്കൾ: ലതാ പോൾ, സി ബി മാത്യു, ഷെൽബി ഐസക് (എല്ലാവരും ന്യൂയോർക്ക്), ജെ സി ഏബ്രഹാം (അബുദാബി). മരുമക്കൾ: പോൾ കറുകപ്പള്ളി ൽ, ബിന്ദു സിബി, ജോൺ ഐ സക് (ന്യൂയോർക്ക് അസംബ്ലി സ്ഥാനാർത്ഥി), ഏബ്രഹാം ജോർജ്.

## ബേബി ഇട്ടീര വടക്കൻ



**ഓസ്റ്റിൻ:** തൃശൂർ-മാള വട ക്കൻ തറവാട്ടിൽ പരേതനായ ഇട്ടീരയുടെ ഭാര്യ ബേബി (82) അന്തരിച്ചു. മക്കൾ: ലൈല ടോ മി, ഫാ. ജോളി വടക്കൻ (വി കാരി, ചാലക്കുടി സെ. മേരീസ് ഫൊറോനപള്ളി), റൂബി ജോ ഷി, സിജോ വടക്കൻ (സിഇഒ ട്രിനിറ്റി ടെക്സസ് ഗ്രൂപ്പ്, ഓസ്റ്റി ൻ), സിജി ബാബു (ബാംഗ്ലൂർ), ഫാ. ലിജോ വടക്കൻ എസ്ഡി ബി (എത്യോപ്യ), ലിജി സജീവ് (ഓസ്ട്രേലിയ).

**അടൂർ:** സ്വർഗീയ അഗ്നി ശുശ്രൂഷയുടെ സ്ഥാപകൻ മാത്യൂസ് മാർ കൂറിലോസ് (84) അന്തരിച്ചു.


## കെ.സി. ആന്റണി

**താഴത്തുവടകര:** ഗുജറാ ത്ത് എഫ്സിഐ റിട്ട. ഉദ്യോഗ സ്ഥൻ നെയ്യുണ്ണിൽ കെ.സി. ആന്റണി (കുട്ടപ്പാപ്പി-76) അന്ത രിച്ചു. ഭാര്യ നൂറോമ്മാവ് പതാ ലിൽ വത്സമ്മ ആന്റണി. മക്കൾ: സ്മിത ആന്റണി, സിറിൽ ആ ന്റണി (ഇരുവരും യുഎസ്). മരു മക്കൾ: ഷിബു മാത്യു പുത്തൻ പുരയ്ക്കൽ കൈപ്പത്തൂർ, ഷോ ണ മാത്യു പെരുപെട്ടിക്കുന്നേൽ മണിമല (ഇരുവരും യുഎസ്).

**തിരുവനന്തപുരം:** കേരള പിഎസ്സി ചെയർമാൻ ഡോ. എം.ആർ. ബൈജുവിന്റെ മകൾ അമ്പലമുക്ക് ദേവപാലൻ നഗർ മസ്ജിദ് ലെയിനിൽ ഭാവനയി ൽ ബി.എം. ആരതി കൃഷ്ണ (22) അന്തരിച്ചു.

**മാമ്മൂട്:** താനുവേലിൽ ലീ ലാമ്മ (78) അന്തരിച്ചു.

## കെ.പി. ജോർജുകുട്ടി അന്തരിച്ചു



ഹൂസ്റ്റൺ: ബ്രദറൺ സഭാ സുവിശേഷകൻ എബി കെ. ജോർജിന്റെ പിതാവ് പുങ്കാവ് കളർവിളയിൽ കെ.പി. ജോർ ജുകുട്ടി (74) (മല്ലശ്ശേരി ഡോ ൾഫിൻ കേറ്ററിംഗ് ഉടമ) അ ന്തരിച്ചു. സംസ്കാരം 18-ന് ചൊവ്വാഴ്ച രാവിലെ 9-ന് മല്ല ശേരി ബ്രദറൺ ചർച്ചിൽ ആ രംഭിച്ച് 12-ന് സഭാസെമിത്തേ രിയിൽ നടത്തുന്നതാണ്. ഭാ ര്യ: സൂസമ്മ ജോർജ് (വത്സ മ്മ) എണ്ണയ്ക്കാട് വടക്കേക്കാ ട്ടിൽ കുടുംബാംഗമാണ്. മകൾ: ഫേബാ സൂസൻ സാമുവേൽ (യുകെ). മരുമക്കൾ: ഹെലൻ എബി കിണർമുക്ക് (കണ്ണൂർ), ജിജി ജോർജ് സാമുവേൽ കാക്കനാട് (യുകെ). ശുശ്രൂഷക ളുടെ ലൈവ് സ്ട്രീം ലിങ്കുകൾ: https://www.youtube.com/live/iblpDZx1buE?si=4B65rsIUuRSyh2YK. കൂടുതൽ വിവ രങ്ങൾക്ക്: ജോ തോമസ് (ഹൂസ്റ്റൺ) 214 2930166, 9447363863, 9495087077.

## വി.ജെ. മാത്യു

**കോട്ടയം:** കളത്തൂർ വട്ടമ റ്റത്തിൽ വി.ജെ. മാത്യു (97) അ ന്തരിച്ചു. ഭാര്യ കിഴക്കേക്കുറ്റ് അ ന്നമ്മ മാത്യു. മക്കൾ: പരേതനാ യ ജോസഫ് മാത്യു, വത്സമ്മ സിറിയക്, സെലീന ജോൺ (കാനഡ), ലിസി ജോർജുകുട്ടി, മരുമക്കൾ: ഡോളി ജോസഫ് (യുഎസ്), സിറിയക് തടത്തിൽ (വെട്ടിമറ്റം), ജി. ജോൺ (കാന ഡ), ജോർജുകുട്ടി സേവ്യർ നെ ല്ലിത്താനത്തുകാലായിൽ (കോ തനല്ലൂർ).

## എ.ടി. തോമസ്

**റാന്നി:** പൂവൻമല വരിക്കാ നിക്കുഴിയിൽ എ.ടി. തോമസ് (ബേബിച്ചായൻ-92) അന്തരിച്ചു. ഭാര്യ തിരുവല്ല തോട്ടഭാഗം വരാ പ്പുറത്ത് കുഞ്ഞൂഞ്ഞമ്മ തോമ സ്. മക്കൾ: ഏബ്രഹാം തോമ സ് (മലേഷ്യ), മേരി തോമസ് (കാനഡ), ഈശോ തോമസ് (യുഎസ്). മരുമക്കൾ: ഫിലിപ്പ് തോമസ് (കാനഡ), ബെക്കി തോമസ് (യുഎസ്).

## മറിയാമ്മ വർഗീസ്

**മല്ലപ്പള്ളി:** ഐക്കര മേപ്ര ത്ത് കിണറ്റുകര മറിയാമ്മ വർ ഗീസ് (88) അന്തരിച്ചു. പുതുശേ രി കല്ലോലിക്കൽ കുടുംബാംഗ മാണ്. ഭർത്താവ് പരേതനായ പാപ്പച്ചൻ. മക്കൾ: ജെസി, ജയ, ജെനി (ന്യൂയോർക്ക്). മരുമക്ക ൾ: പുറമറ്റം പുലരിക്കൽ രാജൻ, നെടുങ്കുന്നം കോഴിമണ്ണിൽ ബാ ബു, നിരണം അടിവാക്കൽ ഷാ ജി (ന്യൂയോർക്ക്).

## ക്യാപ്റ്റൻ ഏബ്രഹാം കുരുവിള

**കൊച്ചി:** ഡ്രജിങ് കോർപ്പ റേഷൻ ഓഫ് ഇന്ത്യ മുൻ ചെ യർമാൻ ആൻഡ് മാനേജിങ് ഡ യറക്ടർ വെളിയനാട് വാഴയിൽ ക്യാപ്റ്റൻ ഏബ്രഹാം കുരുവിള (89) കൊച്ചിയിൽ അന്തരിച്ചു. ഭാര്യ താമരപ്പള്ളി സാറാമ്മ. മ ക്കൾ: അരുൺ (കാലിഫോർണി യ), ഫാ. അനൂപ് (ബോസ്റ്റൺ), ജോസ് (കാലിഫോർണിയ). മ രുമക്കൾ: ഡോ. അനീറ്റ താമര പ്പള്ളി, ഹെൽമ കല്ലംപറമ്പിൽ, ശില്പ കേളചന്ദ്ര.

**ചാത്തങ്കരി:** പരുത്തിമൂട്ടിൽ വാണിയപുരയിൽ പി.ജി. ജോർ ജ് (തമ്പി-64) അന്തരിച്ചു.

## സി.ജി. മാത്യു

**മേമടങ്ങ്:** ചാത്തംകോട്ട് സി.ജി. മാത്യു (മത്തച്ചൻ-89) അന്തരിച്ചു. ഭാര്യ പുളിങ്കുന്ന് കാ ഞ്ഞിക്കൽ പുത്തൻപുരയിൽ ആൻസി മാത്യു. മക്കൾ: ജെറി ൻ (യുഎസ്),, ജിഷ, ജിനു. മരു മക്കൾ: എറണാകുളം അറയ്ക്ക ത്താഴത്ത് അർപ്പണ (യുഎസ്), മൂവാറ്റുപുഴ ചാത്തംകണ്ടം പോ ൾ, പാലാ പാലയ്ക്കൽ മഞ്ജു.

**കോട്ടയം:** റബർബോർഡ് റിട്ട. ഉദ്യോഗസ്ഥ കഞ്ഞിക്കുഴി വടക്കേ മടുക്കാനിയിൽ സി. എൻ. തങ്കമ്മ (90) അന്തരിച്ചു.

**കടപ്ലാമറ്റം:** കട്ടൂപ്പറമ്പേൽ മത്തായി (73) അന്തരിച്ചു.

## മത്തായി ഫിലിപ്പോസ്



**ഫ്ളോറിഡ:** കുണ്ടറ ഭരണി ക്കാവിളയിൽ ഷാരൺ കോട്ടേ ജിൽ മത്തായി ഫിലിപ്പോസ് (74) ലോക്ക്ലാൻഡിൽ അന്തരി ച്ചു. ഭാര്യ മേഴ്സി വീയപുരം വേ ലിയിൽ കുടുംബാംഗമാണ്. മ ക്കൾ: ഷാരൺ (യുഎസ്), കെ വിൻ (ദുബായ്). മരുമക്കൾ: ജിം മരത്തിനാൽ (ഇന്ത്യ പെന്തെ ക്കോസ്ത് ദൈവസഭ ജനറൽ കൗൺസിൽ അംഗം), ഷെറിൽ.

**പൊൻകുന്നം:** കാഞ്ഞിരപ്പ ള്ളി സെ. ഡൊമിനിക് എച്ച് എസ് റിട്ട. അധ്യാപകൻ പ്രശാ ന്ത് നഗർ മട്ടയ്ക്കൽ എം.എ. തോമസ് (86) അന്തരിച്ചു.

## മേരി തോമസ് ഏബ്രഹാം

**പാക്കിൽ:** യുഎസ് ഹെൽ ത്ത് ഡിപ്പാർട്ട്മെന്റ് മുൻ ഉദ്യോ ഗസ്ഥ ചോലപ്പിള്ളി പൂവത്തും മൂട്ടിലായ കരിക്കാടൻപാക്കിൽ മേരി തോമസ് ഏബ്രഹാം (കു ഞ്ഞുമോൾ-78) അന്തരിച്ചു. കൂ ത്താട്ടുകുളം വാളായിൽ (പാറ മ്പുഴ) കുടുംബാംഗമാണ്. ഭർ ത്താവ് ഇട്ടിക്കുഞ്ഞ് ഏബ്ര ഹാം. മക്കൾ: അരുൺ ഏബ്ര ഹാം (ഡാളസ്), അഞ്ജു ഏ ബ്രഹാം യദു (സാൻഫ്രാൻസി സ്കോ), സഞ്ജു ഏബ്രഹാം (ഹൂസ്റ്റൺ). മരുമക്കൾ: സിജി സാറാ ഏബ്രഹാം വലിയവീട്ടി ൽ (ചാന്നാനിക്കാട്), രാജീവ് യ ദു, മെറീന ഏബ്രഹാം വട്ടടി ക്കാലായിൽ പുത്തൻവീട്ടിൽ തുമ്പമൺ (ഇരുവരും യുഎസ്).

**മൂലേടം:** പുന്നയ്ക്കൽ ചുങ്കം അറയ്ക്കൽ എം.ഐ.സ ക് (തമ്പി-86) അന്തരിച്ചു.

## മറിയാമ്മ ചാക്കോ

**പരുത്തുംപാറ:** കരുമാങ്കൽ മറിയാമ്മ ചാക്കോ (കുഞ്ഞമ്മ -92) അന്തരിച്ചു. കൊല്ലാട് നേ ര്യന്തറ കുടുംബാംഗമാണ്. ഭർ ത്താവ് പരേതനായ ഉലഹന്നാ ൻ ചാക്കോ. മക്കൾ: കുഞ്ഞു മോൾ വർഗീസ്, കെ.സി. രാജ ൻ, കെ.സി. ബാബു (യുഎസ്), കെ.സി. വർഗീസ്. മരുമക്കൾ: കുറിയന്നൂർ പരേതനായ പി.പി. വർഗീസ്, മൂലംകുളം കൊച്ചുപ റമ്പിൽ ഓമന രാജൻ, പാലാ ചെമ്മിരപ്പള്ളിയിൽ ത്രേസ്യാമ്മ ബാബു (യുഎസ്), ഏത്തയാർ തൈപ്പറമ്പിൽ സീനാ സേവ്യർ (റിട്ട. അധ്യാപിക).

**കോട്ടയം:** പൂവന്തുരുത്ത് അറയ്ക്കൽ പരേതനായ ജേക്ക ബ് കുര്യന്റെ ഭാര്യ എലിസബ ത്ത് കുര്യൻ (കുഞ്ഞുമോൾ-87) അന്തരിച്ചു.

## സി.പി. ഏബ്രഹാം

**മണർകാട്:** കെഎൽഡി ബോർഡ് റിട്ട. അഡ്മിനിസ്ട്രേ റ്റീവ് അസിസ്റ്റന്റ് കാളിയങ്കലാ യ മണ്ണുക്കുന്നേൽ ചെമ്മാത്ത് സി.പി. ഏബ്രഹാം (89) അന്ത രിച്ചു. ഭാര്യ വേളൂർ പള്ളത്തുശ്ശേ രി പരേതയായ ഗ്രേസി ഏബ്ര ഹാം (റിട്ട. സീനിയർ സൂപ്രണ്ട് കെ.എൽ.ഡി ബോർഡ്). മക്ക ൾ: ഫിലിപ്പ് ഏബ്രഹാം (ബെം ഗ്ളൂർ), സുജ മോൻസി (യുഎ സ്), സുമ രഞ്ജി (ഓസ്ട്രേലി യ). മരുമക്കൾ: ഗ്രേസി ഫിലി പ്പ് (ബെംഗ്ളൂരു), മോൻസി തോ മസ് (യുഎസ്), രഞ്ജി ചെറി യാൻ (ഓസ്ട്രേലിയ)

## അന്നമ്മ ആന്റണി

**മണർകാട്:** ഐരാറ്റുനട പെരുംതോട്ടത്തിൽ അന്നമ്മ ആന്റണി (പെണ്ണമ്മ-87) അന്ത രിച്ചു. നട്ടാശേരി മണ്ണൂർ കുടും ബാംഗമാണ്. ഭർത്താവ് പരേത നായ പി.ജി. ആന്റണി. മക്കൾ: വത്സമ്മ (യുഎസ്), പരേതയാ യ പൊന്നമ്മ, സാജൻ (ഇറ്റലി), ഷാജു, ബിജു, റീന, രജിത (അ യർലൻഡ്). മരുമക്കൾ: കൊല്ലം റോസ്സാരിയോ ഹൗസിൽ പരേ തനായ ബ്രൂണോ, മണർകാട് തടത്തിപ്പറമ്പിൽ റെയ്സ്, എൽ സ, മെൽഡ, മണർകാട് മണ്ണനാ ൽകുന്നേൽ മോൻസി (ഷാർജ), കൊട്ടാരക്കര കുളക്കട ഇമ്മാനു വൽ ഹൗസിൽ റെജി (അയർ ലൻഡ്).

## സി.ജെ. ഫിലിപ്പ്

**തിരുവനന്തപുരം:** ഗവ. ചീ ഫ് റിട്ട. അനാലിസ്റ്റ് കുമാര പുരം അവിട്ടം റോഡിൽ എ.പി. ആർ.എ23 കുന്നപ്പുഴയിൽ സി. ജെ. ഫിലിപ്പ് (101) അന്തരിച്ചു. ഭാര്യ പരേതയായ മേരി. മക്കൾ: ഡോ. സി.പി. ജോൺ, സൂസൻ (യുഎസ്), പരേതനായ സി.പി. ഈശോ. മരുമക്കൾ: അന്നാമ്മ, ബെന്നി (യുഎസ്), പരേതയാ യ സൂസൻ.

## കുരുവിള ജേക്കബ്

**കട്ടപ്പന:** കട്ടപ്പനയിൽ ആദ്യ കാല മലഞ്ചരക്ക് വ്യാപാരി ചെ റുവള്ളിൽ കുരുവിള ജേക്കബ് (കുറുവച്ചൻ-78) അന്തരിച്ചു. ഭാ ര്യ ഉപ്പുതറ ഒരപ്പാങ്കൽ കുട്ടിയ മ്മ. മക്കൾ: ബിജു സി. കുരുവി ള, മജു സി. കുരുവിള (യുഎ സ്). മരുമക്കൾ: വാഴവര പുതി യത്ത് മഞ്ജു, ചങ്ങനാശേരി ത ണ്ണിപ്പാറ അജു (യുഎസ്).

## പി.എൻ. കൃഷ്ണൻകുട്ടി

**പുതുപ്പള്ളി:** റബർ ബോർ ഡ് റിട്ട. ഡെപ്യൂട്ടി ഡയറക്ടർ (മാർക്കറ്റിങ്) കൃഷ്ണവിഹാ റിൽ പി.എൻ. കൃഷ്ണൻകുട്ടി (80) അന്തരിച്ചു. ഭാര്യ എം.എ. തങ്കം. മകൻ: കെ. കൃഷ്ണകു മാർ. മരുമകൾ: രാഖി ഗിരിജ (ഇ രുവരും യുഎസ്). ആദ്യഭാര്യ പരേതയായ എ. മാലതി (റബർ ബോർഡ്).

**കാളിയാർ:** കുമ്പുക്കൽ അന്നക്കുട്ടി അഗസ്റ്റിൻ (78) അ ന്തരിച്ചു.

## സിസ്റ്റർ ഡെൽഫീന വട്ടക്കുന്നേൽ

**ആനക്കല്ല്:** എഎസ്എം എച്ച്സി സഭാംഗം സിസ്റ്റർ ഡെ ൽഫീന വട്ടക്കുന്നേൽ (86) അ ന്തരിച്ചു. ആറ് പതിറ്റാണ്ടിലേറെ അസം, മേഘാലയ എന്നിവിട ങ്ങളിൽ മിഷൻപ്രവർത്തനവും സ്കൂളുകളിൽ പ്രധാനാദ്ധ്യാപി കയായും പ്രവർത്തിച്ചു. ആന ക്കല്ല് വട്ടക്കുന്നേൽ മാത്യുവി ന്റെ മകളാണ്. സഹോദരങ്ങൾ: അപ്പച്ചൻ, സെബാസ്റ്റ്യൻ (ഓ സ്ട്രേലിയ), അന്തോനിച്ചൻ, ലി സി (യുഎസ്), എത്സി, ഫെലി ക്സ് (യുഎസ്), റൂബി (ഓ സ്ട്രേലിയ), പരേതരായ ചാ ക്കോച്ചൻ, ജോയി.

## അമ്മിണി ഫിലിപ്പോസ്



**ഡാളസ്:** കായംകുളം മാങ്കു ഴിയിൽ പണക്കുന്നിൽ വെരി റവ. ഡോ. കെ.ജി. ഫിലിപ്പോസ് കോർ എപ്പിസ്കോപ്പയുടെ പ ത്നി അമ്മിണി ഫിലിപ്പോസ് (74) ഡാളസിൽ അന്തരിച്ചു. കാ യംകുളം താമരക്കുളത്ത് പള്ളി യാമ്പിൽ കുടുംബാംഗമാണ്. മ ക്കൾ: ഡോ. ഷീബ പി. തോമ സ്, സിസിലിയ പി. ജോർജ്. മ രുമക്കൾ: അനീഷ് തോമസ്, ലീ ജോ ജോർജ്. സഹോദരങ്ങൾ: മേരി ഗീവർഗീസ്, ലീലാമ്മ തങ്ക ച്ചൻ, മത്തായി ഗീവർഗീസ്, റേ ച്ചൽ മാത്യു, സൂസമ്മ തോമസ്.

**പന്തളം:** സ്റ്റീൽ പ്ലാന്റ് റിട്ട. ഉദ്യോഗസ്ഥൻ എം.എം. ജം ഗ്ഷൻ കൊച്ചുപറമ്പിൽ ടി.വി. മത്തായി (ജോസുകുട്ടി-89) അ ന്തരിച്ചു.

## ശ്രീധരൻ നമ്പ്യാർ

**കണ്ണപുരം:** കോഴിക്കോട് കേരളാ സോപ്പ്സ് ആൻഡ് കെ മിക്കൽസ് എംഡിയും അങ്കമാ ലി ടെൽക് ജനറൽ മാനേജരു മായിരുന്ന മാറ്റങ്കീൽ ലക്ഷ്മി നി വാസിൽ തീണ്ടക്കര തെക്കേവീ ട്ടിൽ ശ്രീധരൻ നമ്പ്യാർ (83) അ ന്തരിച്ചു. ഭാര്യ പ്രേമവല്ലി. മക്ക ൾ: വിനീത സുരേഷ് (യുഎസ്), വികാസ് ശ്രീധരൻ (ബെംഗ്ളൂ രു). മരുമക്കൾ: സുരേഷ് (യു എസ്), പ്രിയ (കൊച്ചി).

## ഫിലിപ്പ് എ. ചാക്കോ

**മല്ലപ്പള്ളി:** അത്യാലിൽ ഫിലിപ്പ് എ. ചാക്കോ (75) അ റ്റ്ലാന്റയിൽ അന്തരിച്ചു.ഭാര്യ നൂ റേമ്മാവ് വാലുമണ്ണിൽ കുഞ്ഞു മോൾ. മക്കൾ: ക്രിസ്റ്റി, സാം.

**ആലപ്പുഴ:** ആലപ്പുഴ രൂപത യിലെ മുതിർന്ന വൈദികൻ ഫാ. തമ്പി കല്ലുപുരക്കൽ (85) അന്തരിച്ചു.

## HOUSING PLOTS FOR SALE AT MONIPPALLY

മോനിപ്പള്ളി-ഇലഞ്ഞി റൂട്ടിൽ കല്ലിടുക്കി കവലയ്ക്കു സമീപം മെയിൻ റോഡിൽ നിന്നും 30 മീറ്റർ അകത്തായി പഞ്ചായത്ത് റോഡിന്റെ സൈഡിൽ 70 സെന്റും 54 സെന്റും ഉള്ള രണ്ട് പ്ലോട്ടുകൾ വില്പനയ്ക്ക്.

**Whatsapp +1 630 903 7680**

Two residential plots of 70 cents and 54 cents at Monippally (just 30 Mtrs from Monippally-Elanji Road and on the side of Panchayat Rd) for immediate sale. Serious buyers please contact

**Cell/Whatsapp +1 630 903 7680**

## LIVE IN CAREGIVER WANTED IN CT

Looking for live in help in Stamford, CT area for elderly mother. She is healthy but needs help for daily living assistance (meals, bathing, dressing). Have car for use for Dr appointments, driving preferable.

**Call/Text Ann at**

**614-353-5145**

## CAREGIVERS (FEMALE) NEEDED IN THE DC AREA

We are looking for a live-in person for an 87-year-old Mom (dementia patient). Willing to cook light meals and taking care of her of daily needs.

**Call 301 651 6049 or**

**Thomasjacob1955@gmail.com**

### *Favors Received*



*Inserted by: Firm Believer, Houston*

### *Favors Received*



*Inserted by: Firm Believer, Houston*

**Visit Our Website: www.keralaexpress.com for Classified Advt.**

## LIVE IN CARETAKER (FEMALE) NEEDED IN THE CHICAGO AREA

Needed in the Chicago area: Live in caretaker (female) to care for a 90-year-old mom dementia patient Call or text

**317-709-2317**

## RENTAL VACATION PROPERTY IN SIESTA BEACH FLORIDA

4 bedroom, 3 full bath waterfront with mango and coconut etc. trees. Walking distance to number one beach in America siesta beach.

**Contact phone number:**

**847-508-5405**

### *Favors Received*



*Inserted by: Firm Believer, Dallas*

### *Favors Received*



*Inserted by: Firm Believer, Dallas*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

### ഉപകാരസ്മരണ



**വി. യൂദാശ്ലീഹായുടെ നൊവേന**

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Chicago*

# കാണാത്ത തീരങ്ങൾ

ജോയ്സി

## കഥ ഇതുവരെ

**പത്രപ്രവർത്തകനായ സന്ദീപും സുന്ദരിയായ അല്ലിമയും പ്രണയത്തിലാണ്. എറണാകുളം മനയ്ക്കക്കടവ് ഹരിതം കോളനിയിൽ അങ്കിളിന്റെ ഗൃഹപ്രവേശനച്ചടങ്ങിൽവെച്ചാണ് സന്ദീപ് അല്ലിമയെ കണ്ടുമുട്ടിയത്. ആ ഇഷ്ടം വിവാഹാലോചനയിൽ എത്തിയെങ്കിലും വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ഹൈക്കോടതി ജഡ്ജി ജയദേവൻ നമ്പ്യാർ ജാതകത്തിനു നിർബന്ധം പിടിച്ചു. അല്ലിമ ദത്തുപുത്രിയാണെന്ന് അച്ഛൻ രാജഗോപാലിനു തുറന്നു പറയേണ്ടിവരുന്നു. അല്ലിമയുടെ ജനനസമയവും മാതാപിതാക്കളെയും കണ്ടുപിടിക്കാനുള്ള അന്വേഷണവുമായി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും ബന്ധുവായ കിഷോറും അല്ലിമയെ പ്രസവിച്ചത് മുത്തശ്ശിയുടെ അനുജത്തി മല്ലികച്ചിറ്റയുടെ മകൾ മാളവികയാണെന്നു മനസ്സിലാക്കി. ചിറ്റയുടെ മറ്റൊരു മകൾ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ ഡിവൈഎസ്പിയാണ്. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക, വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. ഒരു ദിവസം ചന്ദ്രബാബുവിനെ കാണാതായി. അന്വേഷണം തുടർന്ന സന്ദീപ് ഇടുക്കിയിലെ പെരിയാർവാലിയിൽ അല്ലിമയുടെ മുത്തച്ഛനും മുത്തശ്ശിയും ജീവിച്ചിരിപ്പുണ്ടെന്നറിഞ്ഞ് അവിടെയെത്തി. മാളവികയുടെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി മുത്തച്ഛൻ ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ട് സന്ദീപ് പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിച്ചു. അല്ലിമയുടെ മാതാപിതാക്കളുടെ തിരോധാനവുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും സന്ദീപ് പരമ്പരയായി പത്രത്തിൽ പ്രസിദ്ധീകരിച്ചു. അല്ലിമ രാജഗോപാലിന്റെ ദത്തുപുത്രിയാണെന്നു സന്ദീപിന്റെ ലേഖനത്തിലൂടെ എല്ലാവരുമറിയുന്നു. മുരിക്കാശേരി പോലീസ് വന്ന് ശേഖരൻകുട്ടി അല്ലിമയ്ക്കു കൊടുത്ത സ്യൂട്ട്കെയ്സ് കസ്റ്റഡിയിലെടുത്തു. 22 വർഷം മുൻപ് കല്ലാറ്റുപടിക്കൽ ഒരു പോത്ത് ചത്തെന്നും അതിനെ ആറ്റിറമ്പിൽ വെട്ടിമൂടിയെന്നും പഴയ തെങ്ങുകയറ്റക്കാരനിൽനിന്നു സന്ദീപ് അറിഞ്ഞു. ചന്ദ്രബാബുവിന്റെ തിരോധാനത്തിൽ പങ്കുണ്ടെന്നു സംശയിക്കുന്ന കൂട്ടിക്കൽ സുകു എന്ന വാടകഗുണ്ടയെ അനിബാബുവിന്റെ നേതൃത്വത്തിലുള്ള സംഘം പിടികൂടി ചോദ്യംചെയ്തതോടെ ഹേമചന്ദ്രനും ഹരീന്ദ്രനുമാണ് ചന്ദ്രബാബുവിനെ കൊന്നതെന്ന് വെളിവാകുന്നു. അന്നത്തെ ജീപ്പ് ഡ്രൈവർ കുഞ്ഞുമോനെയും പോലീസ് പിടികൂടി. പിടിക്കപ്പെടുമെന്നായതോടെ ഹേമചന്ദ്രനും ബാലകൃഷ്ണമേനോനുമൊക്കെ ഒളിവിൽ പോകുന്നു...**

## 101

കല്ലാറ്റുപടിക്കൽ തറവാട്ടിൽ ഇന്നു രാത്രിയും നാളെയും ഒരു പക്ഷേ, ഇനിയുള്ള ദിവസങ്ങളിലും താൻ തനിച്ചേ ഉണ്ടാകൂ എന്ന ഓർമ അഞ്ജനയെ ആശങ്കപ്പെടുത്തിക്കൊണ്ടിരുന്നു.

പോലീസുകാരന്റെ വീടാണ്. ഭയപ്പെടേണ്ട കാര്യമൊന്നുമില്ല.

പക്ഷേ, ഭയം കള്ളൻമാരെയോ കാപാലികൻമാരെയോ ഓർത്തിട്ടല്ല. ഇനിയുള്ള ജീവിതത്തിൽനിന്ന് സുരക്ഷിതത്വം എന്ന അവസ്ഥ വെട്ടിമാറ്റപ്പെട്ടിരിക്കുന്നു എന്ന തോന്നലാണു മനസ്സിൽ.

ഏതൊക്കെയോ കാലഘട്ടങ്ങളിൽ എന്തെല്ലാമോ അനാചാരങ്ങൾ തന്റെ തറവാട്ടിൽ നടന്നിട്ടുണ്ടെന്ന് ഊഹിക്കാൻ കഴിഞ്ഞിരുന്നു.

അന്നു മാത്രമല്ല, എന്നും സ്ത്രീകൾക്കു വേണ്ട ശക്തിയോ സ്വാധീനമോ ഇത്തറവാട്ടിൽ ഉണ്ടായിരുന്നില്ല. പുരുഷൻമാർ ഏകപക്ഷീയമായി ഭരിച്ചിരുന്ന, അവരുടെ അഭീഷ്ടങ്ങൾക്ക് വിളനിലമായിരുന്ന തറവാട്. ഹേമചന്ദ്രന്റെ വരവോടെ അധികാരത്തിന്റെ പുരുഷാരൂഢം ഒന്നുകൂടി ഉറച്ചു.

സ്ത്രീകൾ തറവാട്ടിലെ അടുക്കളക്കാര്യങ്ങളും അതിഥിസൽക്കാരങ്ങളും മാത്രം നോക്കിയാൽ മതി. തറവാടിന്റെ ഭാഗധേയത്തെയോ, ഏതെങ്കിലും ഒരംഗത്തെയോ സംബന്ധിച്ച കൂടിയാലോചനകളിൽ പങ്കെടുക്കുകയോ തീരുമാനങ്ങൾ കൈക്കൊള്ളുകയോ സ്വന്തം നിലപാടുകൾ വിശദീകരിക്കുകയോ ചെയ്യാനുള്ള അവകാശം ഒരിക്കലും കല്ലാറ്റുപടിക്കലെ സ്ത്രീജനങ്ങൾക്കുണ്ടായിരുന്നില്ല. ഇപ്പോഴും അതുതന്നെ അവസ്ഥ.

ഭർത്താവും അച്ഛനും വീടുവിട്ട് പൊയ്ക്കഴിഞ്ഞു. എങ്ങോട്ടെന്നോ എന്തിനെന്നോ പറഞ്ഞിട്ടില്ല. താൻ എന്തു ചെയ്യണമെന്ന നിർദേശവുമില്ല. രാത്രിയാകുന്നതിനു മുൻപ് എങ്ങോട്ടെങ്കിലും പോയാലോ എന്ന് അഞ്ജന ആലോചിച്ചു. അവൾ ഫോൺ എടുത്തു മാങ്ങോട്ടുശേരിയിലേക്ക്, ഉണ്ണിമായയെ വിളിച്ചു.

മറുവശത്തുനിന്ന് 'ഹലോ അഞ്ജൂ' എന്ന് ഉണ്ണിമായയുടെ ശബ്ദം കേട്ടു.

"മായേ... അവിടെ ആരൊക്കെയൊണ്ട്?"

"ഞാനും അമ്മേം ഉണ്ണീം മാത്രേയുള്ളൂ. അച്ഛനും ഹരിയേട്ടനും പുറത്തേക്കു പോയി."

"എവിടെപ്പോയി?"

"അതൊന്നും പറഞ്ഞില്ല. ആരുടെയോ ഫോൺ വന്നു. പെട്ടെന്നു ഡ്രസ്മാറി പെട്ടിയുമെടുത്ത് കാറിന്റെ ഡിക്കീൽവെച്ച് അച്ഛനും മോനുംകൂടെ സ്ഥലംവിട്ടു."

"മായയ്ക്ക് എന്തെങ്കിലും ഊഹം കിട്ടിയോ, കാര്യം എന്താണെന്ന്?"

"ഇല്ല. അച്ഛനും മകനുംകൂടി മുറിയിൽ അടച്ചിരുന്ന് എന്തൊക്കെയോ രഹസ്യം പറഞ്ഞെന്നും തോന്നുന്നു."

"എന്നാൽ കരുതിയിരുന്നോ. ചിലപ്പോ പോലീസ് വന്നേക്കും."

"എന്താ ചേച്ചീ...?"

"ഇവിടുന്ന് അച്ഛനും ചേട്ടനും അതുപോലെതന്നെ പെട്ടെന്നു വീടുവിട്ട് പോയി. പോലീസിനെ ഭയന്നാ അവര് സ്ഥലംവിട്ടിരിക്കുന്നെ."

"അവരെങ്ങോട്ടാ പോയത്?"

"ഏതെങ്കിലും റിമോട്ട് ഏരിയായിലേക്കായിരിക്കും. പെട്ടെന്നു പോലീസിന്റെ കണ്ണെത്താത്തിടത്തേക്ക്."

"അങ്ങനെ പോകേണ്ട കാര്യമെന്താ ചേച്ചീ?"

"എന്റെ ഊഹം ശരിയാണെങ്കിൽ... വെയ്റ്റ്... ഏതോ വണ്ടീടെ ശബ്ദം കേൾക്കുന്നു... നോക്കട്ടെ... പ്ലീസ് ഹോൾഡ്..."

"ഓകെ."

"മായേ... പോലീസ്. വെക്കട്ടെ. ഞാൻ വിളിക്കാം."

കോൾ കട്ട് ചെയ്തിട്ട് അഞ്ജന സിറ്റൗട്ടിലേക്കു ചെന്നു. പോലീസിന്റെ സ്റ്റിക്കറും നെയിംപ്ലേറ്റും ബീക്കൻ ലൈറ്റും ഘടിപ്പിച്ച ഇന്നോവ കാറിന്റെ ഇരുവശത്തെയും ഫ്രണ്ട് ഡോർ തുറന്ന് പോലീസ് ഉദ്യോഗസ്ഥർ ഇറങ്ങുന്നതു കണ്ടു.

അവർ തിടുക്കത്തിൽ സിറ്റൗട്ടിലേക്കു കയറിവന്നു. ഒരാൾ കാർപോർച്ചിലും മുറ്റത്തിന്റെ വശങ്ങളിലും നോക്കുന്നുണ്ടായിരുന്നു. കാർപോർച്ചിൽ അഞ്ജനയുടെ ചുവന്ന സ്വിഫ്റ്റ് കാർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.

"മിസ്റ്റർ ബാലകൃഷ്ണമേനോനില്ലേ ഇവിടെ?"

മുൻപിൽ വന്ന സിഐ റാങ്കിലുള്ള ഓഫീസർ അഞ്ജനയോടു ചോദിച്ചു.

"ഇല്ല. പുറത്തേക്കു പോയി."

"ഹേമചന്ദ്രനോ?"

"രണ്ടുപേരും ഒന്നിച്ചാ പോയത്."

"അവരെവിടെപ്പോയതാണ്?"

"അതു പറഞ്ഞില്ല." അഞ്ജന പ്രതിവചിച്ചു.

"കള്ളം പറയരുത്. നിങ്ങളുടെ ഭർത്താവും അച്ഛനും കൂടിയല്ലേ പോയത്? നിങ്ങളോട് ഒന്നും പറയാതെ വെറുതെയങ്ങു പൊയ്ക്കളഞ്ഞെന്ന് പറഞ്ഞാ ഞങ്ങള് വിശ്വസിക്കണോ?"

"വിശ്വസിക്കയോ വിശ്വസിക്കാതിരിക്കയോ ചെയ്യാം. എന്നോടു പറഞ്ഞില്ല എന്നതാണു സത്യം."

"ഈ വീട്ടിൽ വേറെ ആരൊക്കെയുണ്ട്?"

"ഇനി ഇവിടെ ഞാൻ മാത്രമേയുള്ളൂ. ഒരു പണിക്കാരനും വീട്ടുജോലിക്കാരിയും ഉണ്ടായിരുന്നു. അവര് ഉച്ചയോടെ ജോലി തീർത്തിട്ടു പോയി."

"നിങ്ങളുടെ ഭർത്താവും അച്ഛനും എങ്ങോട്ടു പോയിരിക്കാനാണു സാധ്യത. എന്തെങ്കിലും ഊഹമുണ്ടോ?"

"എനിക്കു തോന്നുന്നത് തമിഴ്നാട്ടിലേക്കായിരിക്കുമെന്നാ..."

"അതെന്താ അങ്ങനെ തോന്നാൻ?"

"ഒരു ഷെൽട്ടറിൽ എത്രയും പെട്ടെന്ന് എത്തണം എന്നു പറയുന്നതു കേട്ടു. അവരുടെ സംസാരത്തിൽനിന്ന് എനിക്കു മനസ്സിലായത്, പോലീസിനെ ഭയന്നു സ്ഥലം വിടുകയാണെന്നാ."

"പോലീസിനെ ഭയപ്പെടാൻ എന്താ കാരണം?"

"അവരുടെ സംസാരത്തിൽനിന്ന് എനിക്കു കിട്ടിയ സൂചനകൾ ഇത്രയുമാണ് – അവർ ഏതോ വലിയ ക്രൈമിൽ ഇൻവോൾവ്ഡാണ്. അതിലുൾപ്പെട്ട ചിലരെ പോലീസ് പിടികൂടി. അടുത്ത ടാർഗറ്റ് എന്റെ അച്ഛനും ഭർത്താവുമാണ്. അപ്പോ എസ്കേപ്പായേ പറ്റൂ."

"ഓഹോ ഇത്രയും കാര്യങ്ങൾ മനസ്സിലായി, അല്ലേ? എന്തു ക്രൈമാണ് നടന്നിട്ടുള്ളതെന്ന് നിങ്ങൾക്ക് ഊഹിച്ചു പറയാൻ പറ്റോ?"

"എനിക്കറിയില്ല സാർ."

"കുറേ വർഷങ്ങൾക്കു മുൻപ് മാധത്തിന്റെ ഫാമിലിയിൽപെട്ട ഒരു പെൺകുട്ടി ചന്ദ്രബാബു എന്നു പേരുള്ള ഒരു ബസ് കണ്ടക്ടറെ സ്നേഹിച്ച് കല്യാണം കഴിച്ചതൊക്കെ ഓർമയുണ്ടല്ലോ, അല്ലേ?"

"അത് ഇന്നാട്ടിൽ എല്ലാവർക്കും അറിയാവുന്ന കാര്യമാ."

"ആ ചന്ദ്രബാബുവിനെ കാണാതായിട്ട് ഇപ്പോ ഇരുപത്തിരണ്ട് വർഷം കഴിഞ്ഞു. അതേപ്പറ്റി എന്തെങ്കിലും അറിയാമായിരുന്നോ മാഡത്തിന്?"

"അടുത്ത കാലംവരെ അറിയില്ലാരുന്നു. എന്റെ ഫസ്റ്റ് കസിന്റെ മകൻ കുറച്ചുദിവസംമുൻപ് പത്രത്തിൽ ഒരു ലേഖനപരമ്പര എഴുതിയിരുന്നു. അതു വായിച്ചപ്പഴാ മനസ്സിലായത് ചന്ദ്രബാബു എന്നയാളെ കാണാതായിട്ട് ഇത്രയും വർഷങ്ങളായെന്ന്."

"അത് വെറും കാണാതാകൽ അല്ല. മാഡത്തിന്റെ ഭർത്താവും അച്ഛനും കൂടി ഉൾപ്പെട്ട ഒരു സംഘം തട്ടിക്കൊണ്ടുപോയി കൊലപ്പെടുത്തിയെന്നാണ് ഇപ്പോ കിട്ടിയിരിക്കുന്ന വിവരം. ആ സംഘത്തിൽപെട്ട രണ്ടുപേരെ പോലീസ് അറസ്റ്റ് ചെയ്തു കഴിഞ്ഞു. അതറിഞ്ഞശേഷം ഒളിവിൽ പോകുകയല്ലേ മാഡത്തിന്റെ ഭർത്താവും അച്ഛനും ചെയ്തിരിക്കുന്നത്?"

"ആയിരിക്കാം. എനിക്കതേപ്പറ്റി വ്യക്തമായ ധാരണയൊന്നുമില്ല." അഞ്ജന മടികൂടാതെ പറഞ്ഞു.

"പത്രത്തിൽ ലേഖന പരമ്പര പബ്ലിഷ് ചെയ്തശേഷം ചന്ദ്രബാബുവിനെപ്പറ്റിയോ നിങ്ങളുടെ ഭർത്താവും അച്ഛനും ഉൾപ്പെടെയുള്ള ബന്ധുജനങ്ങൾ ആ സംഭവത്തിൽ പങ്കാളികളായതിനെപ്പറ്റിയോ എന്തെങ്കിലും ഊഹാപോഹമോ ചർച്ചയോ, ഈ വീട്ടിൽ നടന്നതായി സംശയം തോന്നിയിട്ടുണ്ടോ?"

"എന്റെ അച്ഛനും ഹസ്ബെൻഡും ഫ്രസ്ട്രേറ്റഡ് ആയിരുന്നു എന്നു തോന്നുന്നു. ആരും എന്നോട് ഒന്നും പറയാറില്ല. ഞാൻ അന്വേഷിക്കാറുമില്ല. ഇവിടെ പുരുഷൻമാരുടെ ലോകം വേറെയാണ്."

"ചന്ദ്രബാബുവിനെ കാണാതായത് – അല്ലെങ്കിൽ ചന്ദ്രബാബു കൊല്ലപ്പെട്ടത് നയന്റീൻ നയന്റിസിക്സ് ജൂലൈ ട്വെന്റി സെവൻതിനാണ്. ആ കാലത്ത് ഈ വീട്ടിൽ സംഭവിച്ച അസ്വാഭാവികമായ എന്തെങ്കിലും കാര്യം ഓർമയിലുണ്ടോ? ഫാമിലിയിൽ ഉള്ളവരുടെ വിചിത്രമായ പെരുമാറ്റമോ ഓർക്കാപ്പുറത്തുള്ള യാത്ര

കളോ, എന്തെങ്കിലും ഒളിച്ചുവെക്കാൻ ശ്രമിക്കുമ്പോലെയുള്ള ഒഴിഞ്ഞുമാറലോ അങ്ങനെ എന്തെങ്കിലും...?"

"അങ്ങനെ ഓർത്തെടുക്കാൻ പറ്റിയ സംഭവങ്ങളൊന്നും ഇല്ല സാർ."

"ചന്ദ്രബാബുവിനെപ്പറ്റിയോ മാളവിക എന്ന പെൺകുട്ടിയെപ്പറ്റിയോ ഇത്രയും വർഷങ്ങൾക്കിടയിൽ ഇവിടുള്ള ആരെങ്കിലും അന്വേഷിക്കുകയോ അവരെക്കുറിച്ചു സംസാരിക്കുകയോ ചെയ്തിട്ടുണ്ടോ?"

"ഇല്ല. എന്റെ ഓർമയിലില്ല."

"നിങ്ങളുടെ അച്ഛനും ഭർത്താവിനും എവിടെയൊക്കെ ബന്ധുവീടുകളുണ്ട്? തമിഴ്നാട്ടിൽ എവിടെയെങ്കിലും റിലേറ്റീവ്സ് ഉണ്ടോ? അവിടെ ഫാംഹൗസോ മറ്റെന്തെങ്കിലും ബിസിനസോ ഉണ്ടോ? അവർ രക്ഷപ്പെട്ടോട്ടെ എന്നു വിചാരിച്ച് ഒന്നും മറച്ചുവെക്കണ്ട. ഇന്നല്ലെങ്കിൽ നാളെ പോലീസ് അവരെ പിടികൂടിയിരിക്കും."

പോലീസ് ഓഫീസർ മൊബൈൽ എടുത്ത് വോയ്സ് റിക്കോർഡർ ഓൺചെയ്തു.



അഞ്ജന സംസാരിക്കാൻ ഭാവിക്കുമ്പോഴേക്കും ആ മൊബൈലിലേക്ക് കോൾ വന്നു.

"എക്സ്ക്യൂസ് മീ..." പോലീസ് ഓഫീസർ കോൾ അറ്റൻഡ് ചെയ്യാനായി അൽപം മാറി നിന്നു.

"ഹലോ... എന്തായി?"

"സാർ, ജഗന്നാഥക്കുറുപ്പും മകൻ ഹരീന്ദ്രനും ഒളിവിൽ പോയിരിക്കയാണ്."

"എപ്പോൾ?"

"രണ്ടു മണിക്കൂറെങ്കിലും കഴിഞ്ഞിട്ടുണ്ടെന്നാ ഇവിടുള്ളവർ പറയുന്നത്."

"ഷിറ്റ്... അവിടെ ആരൊക്കെയാണുള്ളത്?"

"ഹരീന്ദ്രന്റെ അമ്മയും ഭാര്യയും ബുദ്ധിവളർച്ചയില്ലാത്ത മകനും."

"ശരി. അവരിൽനിന്നു കിട്ടാവുന്നത്ര വിവരങ്ങൾ കളക്ട് ചെയ്യണം... എസ്പി ഓഫീസിലേക്കു വിളിച്ചു പറയണം. ഓക്കെ?"

അഞ്ജന എല്ലാംകേട്ടും കണ്ടും മൂകസാക്ഷിയെപ്പോലെ നിന്നു.

*** *** ***

മല്ലിക, അവിചാരിതമായുണ്ടായ ആശങ്കകൊണ്ടും ഉദ്വേഗംകൊണ്ടും വീണുപോകുന്ന അവസ്ഥയിലായിരുന്നു.

പോലീസ് സംഘം പോയതിനുശേഷം ഉണ്ണിമായ അവരുടെ ബ്ലഡ്പ്രഷർ ചെക്ക് ചെയ്തു. അത് ക്രമാതീതമായി ഉയർന്നിരിക്കുന്നതു കണ്ട് ഉടൻതന്നെ ബിപി സാധാരണ നിലയിലേക്കു കൊണ്ടുവരാനുള്ള മരുന്നു നൽകി.

"അമ്മ പേടിക്കണ്ട. പോലീസ് അവരുടെ ജോലി ചെയ്തെന്നേയുള്ളൂ. അവർ പോയില്ലേ... പിന്നെന്താ?"

"മോളെ, എന്തൊക്കെയാ സംഭവിക്കാൻ പോകുന്നെ. ഹരീം അച്ഛനും എന്തു ചെയ്യും?"

"അവരെ അന്വേഷിച്ച് പോലീസ് പുറകെ ചെല്ലാതിരിക്കോ?"

"ഉപ്പു തിന്നവൻ വെള്ളം കുടിക്കുമെന്നല്ലേ പ്രമാണം. അവര്തന്നെ അവരെ കാക്കട്ടെ. അമ്മയ്ക്ക് അവരെ രക്ഷിക്കാൻ പറ്റോ – ഇല്ലല്ലോ?"

"നിനക്ക് ഒരു വെഷമോം ഇല്ലേ മായേ?"

"അമ്മ ഒരു കാര്യം മനസ്സിലാക്കണം. നമ്മുടെ വിഷമത്തിനൊന്നും ഒരുകാലത്തും ഒരു വെലേം ഇല്ലാരുന്നു. ഇപ്പഴും ഇല്ല. നമ്മൾ വിഷമിക്കാതിരിക്ക്യ. അത്രേ വേണ്ടൂ."

മുറ്റത്ത് കാറിന്റെ ഇരമ്പൽ.

"ആരാന്ന് നോക്കീട്ടു വരാം..."

ഉണ്ണിമായ സിറ്റൗട്ടിലേക്കു പോയി.

അഞ്ജനയുടെ കാർ മുറ്റത്തേക്കു വന്നു നിന്നു. അഞ്ജന കാറിൽനിന്ന് ഇറങ്ങി വന്നു.

"പോലീസ് പോയോ?"

ഉണ്ണിമായയെ കണ്ടയുടനെ അഞ്ജന ചോദിച്ചു.

"ഇനിയും വരുമെന്നാ പറഞ്ഞത്. അവർക്കൊരു പഴയ ഡെഡ്ബോഡി കണ്ടെടുക്കണം. സെപ്റ്റിക് ടാങ്കും ചാണകക്കുഴിയും വേണ്ടിവന്നാൽ വീടിന്റെ അടിത്തറവരെ മാന്തിനോക്കുമെന്നാ പറഞ്ഞത്."

"അപ്പച്ചിയെന്ത്യേ?"

"അമ്മ പ്രഷർ കയറി തലചുറ്റി വീഴാൻ പോയി."

ഉണ്ണിമായ അഞ്ജനയെ മല്ലികയുടെ അടുത്തേക്കു കൂട്ടിക്കൊണ്ടുപോയി.

"എന്റെ മോളെ, ബാലേട്ടന്റെ സ്ഥിതി എന്തായി? വയസ്സുകാലത്ത് നാടും വീടും വിട്ട് ഒളിച്ചോടേണ്ടി വന്നല്ലോ..." മല്ലിക വിലപിച്ചു.

"സമ്പത്തുകാലത്ത് തൈ പത്തുവെച്ചാൽ ആപത്തുകാലത്ത് വിളവെടുക്കാം എന്നല്ലേ പ്രമാണം. സമ്പത്തു കാലത്ത്, എന്റച്ഛനും ഭർത്താവും അപ്പച്ചീടെ മോനും ഒക്കെക്കൂടി വെച്ച തൈക്ക് വിളവെടുക്കാറായി."

അഞ്ജന പറഞ്ഞതിന്റെ അന്തരാർഥം മല്ലികയ്ക്ക് ഉൾക്കിടിലമുണ്ടാകാൻ പോന്നതായിരുന്നു.

"ചന്ദ്രബാബുവിനെ അവരെല്ലാംകൂടി വകവരുത്തിയതാണോ മോളേ?"

"അല്ലെങ്കിലെന്തിനാ ഈ ഒളിച്ചോട്ടം? രണ്ടുപേരെ പിടികിട്ടിയെന്നാ പോലീസ് പറഞ്ഞത്. അവര് എല്ലാം ഏറ്റുപറഞ്ഞത്രേ."

"ഹരിക്ക് ജയിലിക്കേറേണ്ടി വരോ?"

"അപ്പച്ചിക്ക് അതിൽ മാത്രമാണോ വേവലാതി. മകൾക്ക് എന്തു സംഭവിച്ചെന്ന് അറിയണ്ടേ? അതേപ്പറ്റി ഇന്നേവരെ അന്വേഷിച്ചിട്ടില്ലല്ലോ."

"അവള് ജീവനോടെ ഒണ്ടെന്നല്ലേ വിചാരിച്ചോണ്ടിരുന്നെ."

"ഇപ്പഴത്തെ വിചാരം എന്താ?"

മല്ലിക മിണ്ടാതെ ചിന്താവിഷ്ടയായി ഇരുന്നു.

"എനിക്കറിയാം, മകനെപ്പറ്റിയോർത്താ അപ്പച്ചിക്കു വെഷമം. മകളെ പണ്ടേ എഴുതിത്തള്ളിയതാണല്ലോ. പാഴ് ജന്മം. നുള്ളിക്കളയാവുന്നതേയുള്ളൂ. ആൺമക്കളാണല്ലോ വിലതീരാത്ത നിധി. എന്നിട്ട് അവര് കാട്ടിക്കൂട്ടുന്ന എന്തു ക്രൂരതേം എത്രവല്യ അപരാധോം ക്ഷമിക്കാൻ റെഡിയാണ്. പെൺമക്കൾ ഒരു ചുവട് തെറ്റിപ്പോയാൽ അടിച്ചു പുറത്താക്കാൻ ഒരു മടിയുമില്ല."

മല്ലിക ഒന്നും മിണ്ടാതെ അഞ്ജനയുടെ മുഖത്തേക്കു നോക്കി ദൈന്യതയോടെ ഇരുന്നു.

"ചന്ദ്രബാബുവിനെ ഇവരെല്ലാംകൂടി ഇല്ലാതാക്കിയതാണോ ചേച്ചീ? നേരിട്ട് പങ്കുണ്ടോ ഹരിയേട്ടനും അച്ഛനും? അതോ ക്വട്ടേഷൻ കൊടുത്ത് ചെയ്യിച്ചതാണോ?"

"അത് പോലീസ് കണ്ടുപിടിക്കട്ടെ. മാളുവിന് എന്താ സംഭവിച്ചതെന്നുകൂടി ഇതോടെ തെളിയും." അഞ്ജന പറഞ്ഞു.

"അവളെ ആരും ഒന്നും ചെയ്തിട്ടില്ല. എന്തായാലും ഹരീടെ കൂടപ്പിറപ്പല്ലേ?" മല്ലിക പറഞ്ഞു.

"കൂടപ്പിറപ്പ്! ദുരഭിമാനക്കൊലയൊക്കെ എവിടെല്ലാം നടക്കുന്നു. കൂടപ്പിറപ്പിനെ പോണ്ടിച്ചേരിക്കു കൊണ്ടുപോയി പ്രസവിപ്പിച്ച് കുഞ്ഞിനെ തെരുവിലെറിഞ്ഞയാളല്ലേ ഹരി. അതിന് ഹരീടച്ഛനും കൂട്ടുനിന്നില്ലേ. ഇതുവരെയും അവര് അതൊന്നും സമ്മതിച്ചിട്ടില്ലല്ലോ."

മല്ലികയ്ക്കു മിണ്ടാട്ടമില്ല.

"മായേ, കരുതിയിരുന്നോ. നമുക്കു രണ്ടുപേർക്കും ഒരേ ദുർവിധിയാ വരാൻ പോകുന്നെ."

അഞ്ജന മുന്നറിയിപ്പു നൽകി.

"എന്തു ദുർവിധി?" മല്ലിക നെറ്റി ചുളിച്ചു.

"കൊലപാതകിയുടെ ഭാര്യേന്നുള്ള ലേബൽ. അല്ലെങ്കിൽ വൈധവ്യം." അഞ്ജന കൂസലെന്യേ പറഞ്ഞു.

"അറംപറ്റുന്ന വർത്തമാനമൊന്നും പറയല്ലേ മോളെ..."

"അപ്പച്ചീടെ കാര്യമല്ല, എന്റേം മായേടേം കാര്യമാ പറഞ്ഞത്." അഞ്ജന സാന്ത്വനരൂപേണ പറഞ്ഞു.

കാറിന്റെ ഹോൺ ശബ്ദിക്കുന്നതു കേട്ട് പരിഭ്രമത്തോടെ അഞ്ജന സിറ്റൗട്ടിലേക്കു ചെന്നു.

ഉണ്ണി കാറിലിരുന്ന് അവളെ കൈപൊക്കി വീശിക്കാട്ടി. ഡ്രൈവിങ് സീറ്റിലിരുന്ന് അവൻ സ്റ്റിയറിങ് തിരിക്കാൻ ശ്രമിക്കുന്നുണ്ടായിരുന്നു.

*** *** ***

രാത്രിയിലെ വാർത്താബുള്ളറ്റിൻ ടിവിയിൽ കാണുന്നതിനിടയിൽ രാജഗോപാൽ അല്ലിമയെ വിളിച്ചുവരുത്തി.

അവൾ വന്നയുടനെ രാജഗോപാൽ ടിവി സ്ക്രീനിലേക്കു കൈ ചൂണ്ടി.

പുതിയ ബ്രേക്കിങ് ന്യൂസ് –

ചന്ദ്രബാബു വധക്കേസിലെ പ്രതികൾ അറസ്റ്റിൽ!

ചന്ദ്രബാബു വധക്കേസിൽ പോലീസ് അന്വേഷിച്ചുകൊണ്ടിരുന്ന പ്രതികളെ തമിഴ്നാട്ടിൽവെച്ച് പോലീസ് അറസ്റ്റ് ചെയ്തു.

ബാലകൃഷ്ണമേനോൻ, ഹേമചന്ദ്രൻ എന്നിവരെ തേനിയിൽ വെച്ചും ജഗന്നാഥക്കുറുപ്പ്, ഹരീന്ദ്രൻ എന്നിവരെ ബോഡിനായ്ക്കന്നൂരിൽവെച്ചുമാണ് അറസ്റ്റ് ചെയ്തത്.

അല്ലിമ വിശ്വാസം വരാത്തപോലെ ടിവി സ്ക്രീനിലേക്കു തുറിച്ചു നോക്കി നിന്നു.

"സന്ദീപിനെ വിളിച്ചാലോ... കുറച്ചൂടെ വിശദമായിട്ട് എന്തെങ്കിലും അറിയാൻ പറ്റിയേക്കും." രാജഗോപാൽ ഉദ്വേഗഭരിതനായി പറഞ്ഞു.

അല്ലിമ ഫോൺ എടുക്കാനായി റൂമിലേക്കു പോയി. അവിടെ നിന്നുകൊണ്ടുതന്നെ അവൾ സന്ദീപിനെ വിളിച്ചു.

കോൾ എടുത്തയുടനെ സന്ദീപ് സോറി പറഞ്ഞു:

"എന്നെ തെറ്റിദ്ധരിക്കല്ലേ. ഞാൻ വിളിച്ചു പറയാത്തതല്ല. നിങ്ങളെപ്പോലെ ഞാനും ന്യൂസ് ബുള്ളറ്റിൻ കണ്ടിട്ടാണ് അറിയുന്നത്."

"സന്ദുവേട്ടൻ പോലീസ് ടീമിന്റെകൂടെ പോയിരുന്നോ?" അല്ലിമ ചോദിച്ചു.

"ഇല്ല. ഞാനും ന്യൂസ് കണ്ടാണറിഞ്ഞതെന്നു പറഞ്ഞല്ലോ. എനിക്ക് പത്രത്തിനുവേണ്ടി വാർത്ത തയാറാക്കാനുണ്ടായിരുന്നു.

പോലീസ് അവരെ പിടികൂടിയ സ്ഥലമൊഴികെ ഞാൻ കംപ്ലീറ്റ് റിപ്പോർട്ടും തയാറാക്കി വെക്കുവായിരുന്നു.

എനിക്കല്ലേ എല്ലാ ഡീറ്റെയ്ൽസും കൃത്യമായി അറിയാവുന്നെ. ഒരു പാരഗ്രാഫ് മാത്രമേ കൂടുതലായി എഴുതിച്ചേർക്കേണ്ടി വന്നുള്ളൂ. ബാക്കിയെല്ലാം മുൻകൂട്ടി എഴുതിവെച്ചു. ഇപ്പോ മാറ്റർ പ്രസിലേക്ക് പൊയ്ക്കഴിഞ്ഞു."

"സന്ദുവേട്ടാ... ബാക്കി വിവരങ്ങൾ കിട്ടിയോ?"

"ബാക്കിയെന്താണ്?"

"അവരെന്താ ചെയ്തത്? എവിടെയാ ബോഡി ഉപേക്ഷിച്ചത്? പിന്നെ... അമ്മയുടെ കാര്യം. അമ്മ ജീവനോടെയുണ്ടോ, അതോ അവരെല്ലാംകൂടി..."

(ശേഷം 30-ാം പേജിൽ)

## തൊണ്ടിമുതലായ ചന്ദനത്തൈലം വില്പനയ്ക്ക്

ഇടുക്കി: കാൽ നൂറ്റാണ്ട് മുമ്പ് കൊള്ളക്കാരിൽ നിന്ന് വനംവകുപ്പ് 225 കിലോഗ്രാം ചന്ദനത്തൈലം പിടിച്ചു. കേസ് തുടർന്നപ്പോൾ ചന്ദനത്തൈലം തൊണ്ടിമുതൽ മാത്രമായിരുന്നു. തുടർന്നു പരിശോധിച്ചപ്പോൾ, ഏറെ ഗുണമേന്മയുള്ളതാണ് ഇതെന്ന് കണ്ടെത്തി. ഇപ്പോൾ ഇ-ലേലത്തിലൂടെ സർക്കാരിന് വരുമാനമാകുകയാണ് തൈലം.

ഈ തൊണ്ടിമുതലിന് പാലക്കാട് ഒലവക്കോട് നിന്ന് മറയൂരിലേക്കുള്ള നീണ്ട യാത്രയുടെ കഥ പറയാനുണ്ട്. 26 വർഷം മുൻപ് 1998-ൽ പീച്ചി റേഞ്ച് ഓഫീസറുടെ നേതൃത്വത്തിലാണ് വനപാലകർ, ഒലവക്കോട് റെയിൽവേ സ്റ്റേഷനിൽ എട്ട് ബാരലുകളിലായി സൂക്ഷിച്ചിരുന്ന ചന്ദനത്തൈലം കണ്ടെത്തിയത്. പ്രതികളെ ചോദ്യം ചെയ്തപ്പോൾ, മറയൂർ മേഖലയിൽ നിന്നും മുറിച്ചുകടത്തിയ ചന്ദനത്തടികളിൽ നിന്നും സ്വകാര്യ വ്യക്തികൾ അനധികൃതമായി വാറ്റിയെടുത്തതാണെന്നു മനസ്സിലായി.

തൊണ്ടിമുതൽ തിരുവനന്തപുരം വഴുതക്കാട് വനംവകുപ്പിന്റെ സ്ട്രോങ് റൂമിൽ സൂക്ഷിച്ചു. 2018 വരെ കേസ് തുടർന്നു. കേസ് തീർന്നതോടെ തൈലം ലേലം ചെയ്യാമെന്ന ആശയം ഉയർന്നു.

225 കിലോ ചന്ദനത്തൈലത്തിന് അഞ്ചുകോടി രൂപ മതിപ്പു വിലയുമിട്ടു. 2019 ജൂൺ 15-ന് ആദ്യമായി ഈ തൈലം മറയൂരിൽ ലേലത്തിനു വെച്ചു. ഇപ്പോൾ വർഷത്തിൽ രണ്ടും മൂന്നും തവണ ചില്ലറയായി ലേലം ചെയ്യുന്നു.

ഇതുവരെ 35 കിലോ ചന്ദനത്തൈലം വിറ്റു. 89.04 ലക്ഷം രൂപ സർക്കാർ ഖജനാവിലേക്ക് കിട്ടി. ജൂൺ 13-ന് സാൻഡൽ ഡിവിഷന്റെ നേതൃത്വത്തിൽ നടന്ന ഇ-ലേലത്തിലൂടെ 10 കിലോ ചന്ദനത്തൈലം വിറ്റു. 20 കിലോ തൈലം വില്പനയ്ക്ക് വെച്ചിരുന്നു.

ഒരു കിലോ തൈലത്തിന് 2,60000 രൂപയായിരുന്നു അടിസ്ഥാനവില നിശ്ചയിച്ചിരുന്നത്. 500 രൂപ കൂട്ടി 2,60500 രൂപ വീതം ഒരു കിലോ ചന്ദനത്തൈലത്തിന് കൂട്ടിവിളിച്ച്, കോഴിക്കോട്ടെ പൊതുമേഖലാ സ്ഥാപനമായ സോപ്സ് ആൻഡ് ഓയിൽസ് ലിമിറ്റഡാണ് ഇത് വാങ്ങിയത്. നികുതിയടക്കം 32 ലക്ഷം രൂപ വനംവകുപ്പിൽ അടച്ചു.

## ജമ്മു ലക്ഷ്യമിട്ട് ഭീകരർ; അടിച്ചമർത്താൻ സൈന്യത്തിന് നിർദേശം

ന്യൂഡൽഹി: ഇടവേളയ്ക്കുശേഷം ജമ്മുവിൽ വീണ്ടും ഭീകരാക്രമണങ്ങളും പാകിസ്താനിൽനിന്നുള്ള നുഴഞ്ഞുകയറ്റവും തലപൊക്കിയ സാഹചര്യത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉന്നതതലയോഗം വിളിച്ചുചേർത്ത് സ്ഥിതിഗതികൾ വിലയിരുത്തി.

കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ, ദേശീയസുരക്ഷാ ഉപദേഷ്ടാവ് അജിത് ദോവൽ, ലെഫ്റ്റനന്റ് ഗവർണർ മനോജ് സിൻഹ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു. സൈന്യത്തിന്റെ സർവശേഷിയും ഉപയോഗിച്ച് ഭീകരത അടിച്ചമർത്താൻ ഉന്നതതലയോഗത്തിൽ പ്രധാനമന്ത്രി നിർദേശിച്ചു. കേന്ദ്ര ഭരണപ്രദേശത്ത് നിലവിലെ സ്ഥിതിഗതികളും ഭീകരരെ നേരിടാൻകൈക്കൊണ്ട നടപടികളും ലെഫ്. ഗവർണർ പ്രധാനമന്ത്രിയോടു വിശദീകരിച്ചു.

കഴിഞ്ഞ ഒൻപതിനു ജമ്മുവിലെ റിയാസിയിൽ ഭീകരർ വെടിയുതിർത്തതിനേത്തുടർന്ന്, ശിവ് ഘോരി ഗുഹാക്ഷേത്രത്തിലേക്കു തീർഥാടകരുമായിപ്പോയ ബസ് കൊക്കയിൽ പതിച്ച് ഒൻപതുപേർ കൊല്ലപ്പെട്ടിരുന്നു. 33 പേർക്കു പരുക്കേറ്റു. പാക് ഭീകരസംഘടനയായ ലഷ്കറെ തൊയ്ബയുമായി ബന്ധമുള്ള ദ റെസിസ്റ്റന്റ് ഫ്രണ്ട് (ടി.ആർ.എഫ്) ആക്രമണത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തു.

തുടർന്നുള്ള ദിവസങ്ങളിൽ ജമ്മുവിലെ കത്വ മേഖലയിൽ നുഴഞ്ഞുകയറിയ പാക് ഭീകരർ ഗ്രാമീണർക്കും സുരക്ഷാസൈനികർക്കും നേരെ വെടിയുതിർത്തു. കഴിഞ്ഞ 11-ന് രാത്രി ആരംഭിച്ച ഏറ്റുമുട്ടലിൽ സുരക്ഷാസേന രണ്ട് ഭീകരരെ വധിച്ചു. ഒരു സിആർപിഎഫ് ജവാൻ വീരമൃത്യു വരിക്കുകയും ആറ് സുരക്ഷാസൈനികർക്കു പരുക്കേൽക്കുകയും ചെയ്തു. കൂടുതൽ ഭീകരർ നുഴഞ്ഞുകയറിയിട്ടുണ്ടെന്ന വിവരത്തേത്തുടർന്ന് മേഖലയിൽ ശക്തമായ തെരച്ചിൽ തുടരുകയാണ്. ദോഡ ജില്ലയിലെ പർവതമേഖലയിൽ മൂന്നോ നാലോ ഭീകരർ ഇപ്പോഴും ഒളിച്ചിരിക്കുന്നതായാണു വിവരം.

ഭീകരസംഘടനയായ ലഷ്കറെ തോയ്ബയുടെ കമാൻഡർ അബു ഹംസയുടെ നിർദേശപ്രകാരമായിരുന്നു റിയാസി ആക്രമണമെന്നും ഇന്റലിജൻസ് ഏജൻസികൾക്കു വിവരം ലഭിച്ചു. പ്രധാനമന്ത്രി വിളിച്ചുചേർത്ത ഉന്നതതല യോഗത്തിനു തൊട്ടുപിന്നാലെ, റിയാസി ആക്രമണവുമായി ബന്ധപ്പെട്ട് 50 പേരെ കസ്റ്റഡിയിലെടുത്തതായി ജമ്മു കശ്മീർ പോലീസ് വ്യക്തമാക്കി. ഇവരെ ചോദ്യംചെയ്തുവരുന്നു.

## മോദിയല്ല ഇന്ത്യയാണ് ആത്യന്തിക ലക്ഷ്യം

(21-ാം പേജിൽനിന്നും)

എൻഐഎ രാജ്യദ്രോഹ കുറ്റം ആരോപിച്ചു യുഎപിഎ ചുമത്തി ജയിലിലാക്കിയ അമൃതപാൽ സിങ് എന്ന ഖാലിസ്ഥാൻ നേതാവും റഷീദ് എഞ്ചിനീയർ എന്ന ഇന്ത്യ വിരുദ്ധനും തെരഞ്ഞെടുപ്പിൽ ജയിച്ചു പാർലമെന്റിൽ എത്തിയത് കേവലം യാദൃശ്ചികം എന്ന് കരുതാനാകുമോ?

ഫ്രാൻസിലെ ഇന്ത്യ വിഷയ പഠിതാവ് എന്നവകാശപ്പെടുന്ന ക്രിസ്റ്റഫർ ജെഫ്രെലോട് മേൽ സൂചിപ്പിച്ച ഹെൻറിലൂസ് ഫൗണ്ടേഷന്റെ ധനസഹായത്തോടെ 2021-ൽ പ്രസിദ്ധീകരിച്ച ഒരു പ്രബന്ധത്തിൽ ഇന്ത്യയിലെ ജാതി സമ്പ്രദായത്തെ അഭംഗുരം നിലനിർത്തിയാൽ മാത്രമേ ഹിന്ദു ധ്രുവീകരണം തടയാൻകഴിയൂ എന്ന് കണ്ടെത്തിയിരുന്നു. അതിനായി ഓരോ സംസ്ഥാനത്തും ജാതിതിരിച്ച ജനസംഖ്യ കണക്കെടുക്കണമെന്നും നിർദേശിച്ചിരുന്നു. അദ്ദേഹത്തിന്റെ കണ്ടെത്തലും നിർദേശവും ആർക്കുവേണ്ടി ആയിരുന്നുവെന്നു കോൺഗ്രസിന്റെ പ്രകടന പത്രിക കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്.

ഓപ്പൺ ഫൗണ്ടേഷനും ജമാഅത്ത് ഇസ്ലാമിയും ഒരേപോലെ ഫണ്ട് നൽകുന്ന തേന്മൊഴി സൗന്ദർ രാജൻ എന്ന അമേരിക്കയിൽ സ്ഥിരതാമസമുള്ളയാൾ ഇന്ത്യയിൽ നടത്തുന്ന ഇക്വാളിറ്റിലാബ് എന്ന സംഘടന നടത്തിയ ഇടപെടലുകൾ അന്വേഷിക്കേണ്ടതാണ്. ദളിത് വിമോചനം എന്ന പേരിൽ ഇവർ നടത്തുന്ന ജിഹാദി നീക്കങ്ങളും ദേശവിരുദ്ധതയും ലക്ഷ്യംവെക്കുന്നതും രാഹുൽ ഗാന്ധിയിലൂടെയും പ്രാദേശിക കക്ഷികളിലൂടെയും ഇന്ത്യയിൽ ദുർബലമായ ഒരു ഭരണനേതൃത്വം തന്നെയാണ്.

അധികാരത്തിനുള്ള അമിതാവേശത്തിൽ പുതിയ കോൺഗ്രസ് ഇന്ത്യ വിരുദ്ധതക്ക് വിരുന്നൊരുക്കിയാൽ ഇന്ദിര ഗാന്ധിക്കും രാജീവ് ഗാന്ധിക്കും ഉണ്ടായ അനുഭവങ്ങളെ വിസ്മരിക്കുന്നതാകും ഫലം. ഇവരുടെ ലക്ഷ്യം മോദിയല്ല ഇന്ത്യ എന്ന നമ്മുടെ രാജ്യം തന്നെയാണെന്ന് തിരിച്ചറിയുക.

## നോവൽ

(29-ാം പേജിൽ നിന്നും)

അല്ലിമയുടെ സ്വരത്തിൽ പരിഭ്രമം ഏറിയിരുന്നു.

“ടെൻഷനാകാതെ... പോലീസ് അവരെ കേരളത്തിലേക്കു കൊണ്ടുവരുന്നതേയുള്ളൂ. ഇന്നു രാത്രിതന്നെ ചോദ്യംചെയ്യും. മിക്കവാറും രാത്രിതന്നെ എല്ലാ വിവരങ്ങളും കിട്ടിയേക്കും.”

“അവര് കുറ്റം സമ്മതിച്ചില്ലെങ്കിലോ?”

“സമ്മതിക്കാതെ പറ്റില്ലല്ലോ. കൂട്ടിക്കൽ സുകുവും കുഞ്ഞുമോനും എല്ലാം ഏറ്റുപറഞ്ഞില്ലേ. ഇനി നിയമത്തിനു മുന്നിൽ സറണ്ടറാവുകയല്ലാതെ വേറെ വഴിയില്ല.”

“അമ്മയെങ്കിലും ജീവിച്ചിരിപ്പുണ്ടാകണേന്നാ എന്റെ പ്രാർഥന.”

“എല്ലാത്തിനും നമുക്ക് ഉത്തരം കിട്ടും. ഇവിടംവരെ എത്തിയില്ലേ നമ്മൾ. ഇനി അൽപംകൂടി കാത്തിരിക്കുക.”

“സന്ദുവേട്ടൻ ഇങ്ങോട്ടു വരോ നാളെ?”

“ഇവിടെ എന്തൊക്കെ വഴിത്തിരിവുകൾ ഉണ്ടാകുന്നെന്നു നോക്കട്ടെ. സമാധാനമായിട്ടിരിക്ക്.”

“അച്ഛനെ ഒന്നു വിളിച്ചേക്കണേ.”

“ശരി. ഇപ്പത്തന്നെ വിളിച്ചേക്കണേ.”

“ശരി. ഇപ്പത്തന്നെ വിളിക്കാം. കട്ട് ചെയ്തോ.”

അല്ലിമ ഫോൺ ചെവിയിൽനിന്നു മാറ്റി.

സന്ദീപിനോടൊപ്പം ചെന്നു ചേരാൻ അവൾ വെമ്പൽ കൊണ്ടു.

അവന്റെ കൈത്താങ്ങില്ലാതെ തനിക്കിനി പിടിച്ചുനിൽക്കാൻ പറ്റില്ലെന്ന് അവൾക്കു തോന്നി.

(തുടരും)

## CHRISTIAN ROOTS OF HOSPITALS

(from page 19)

represents the contributions of nurses to the care and healing of the sick, motivated by their faith. The motivating power behind Nightingale, who professionalized nursing, and other pioneering nurses was Christian faith and Christ's call to compassion. Today that legacy continues all over the world, and it is not limited to Christian institutions.

### Embracing Medicine and Prayer

It is evident that Christian medical care has impacted the world in profound ways. From David Livingstone to the most recent missionary physician, the world has been blessed with people who offer unselfish and compassionate medical care in the name of Jesus Christ. Authentic medical work should not be a hindrance to praying for the sick in the name of the One whose mission was and is to heal. The work of physicians, nurses, and hospitals bear witness to the truth that God who created us with built-in healing capacity is concerned about the sick and that He heals naturally and supernaturally. Unfortunately, most hospitals, including many Christian institutions, and a lot of Christians have forgotten this legacy.

*[Adapted from Dr. Thomson K. Mathew's book, Prayer, Medicine, and Healing: Why Ministers, Medical Professionals, and All Followers of Jesus Should Pray for the Sick (Available on Amazon)].*

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ☐ Cheque Cheque # ______
☐ Visa ☐ Mastercard ☐ Discover ☐ AMEX. Exp. Date ______
CARD ACCOUNT NUMBER

SEC. CODE:

Please make the Cheque payable to
KERALA EXPRESS
3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917
Subscription fee non-refundable

VISA MasterCard DISCOVER


TRISTATE KERALA FORUM
PHILADELPHIA
"ആരവം 2K24"
Onam Celebration
August 31st Saturday, 2K24 @ 12:00 Noon
Syro Malabar Church Auditorium, 608 Welsh Rd,
Philadelphia, P A - 19115
Navaneeth Unnikrishnan
Chief Guest &
Onam Message
നൃത്തനൃത്യങ്ങൾ
AJI PANICKER
Nupura Dance Academy
BABY THADAVANAL
Matha Dance Academy
267-253-9963
NIMMY DAS
Bharatham Dance Academy
215-840-9822
മെഗാതിരുവാതിര
ASHA AUGUSTINE
Vice Chairperson, Tristate Kerala Forum
267-844-8503
Laasya Dance Academy
Thiruvathira, Classical Dances &
Other performances please contact
the above institutions
Maha Ona Sadya
starts at 12 noon
"ആരവം 2K24"
2024
Onolsavam
August 31st Saturday, 2K24
Starts at 6 PM




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**